# ടൈംസ് ഓഫ് അമേരിക്കൻമലയാളി

## സാംസ്കാരികം

TIMES OF AMERICAN MALAYALI

2026
ഒക്ടോബർ





Chief Editor: **George Thazhakara**
Tel: + 944 73 55710, 8921587848
e-mail:**georgethazhakara@gmail.com**



www.timesofamericanmalayali.com


## രാമായണത്തിന്റെ കുടുംബബന്ധങ്ങൾ



രാമായണത്തിന്റെ പ്രാധാന്യം അത് വലിയൊരു മെറ്റഫർ ആണെന്നതാണ്. രൂപകം. അലങ്കാരം. കല്പന എന്നൊക്കെ പറയാം. അതുകൊണ്ട് പലതിനെയും വിശദീകരിക്കാനും പലതിനെയും പ്രതിനിധാനം ചെയ്യാനും പല കാര്യങ്ങളും വെളിപ്പെടുത്താനും കഴിയും എന്നതാണ് മെറ്റഫർ കൊണ്ട് ഉദ്ദേശ്യമാക്കുന്നത്. വെറുതെ ഒരു അലങ്കാരകല്പന മാത്രമല്ല, അത് നമ്മുടെ പലേ സങ്കൽപങ്ങളും പലകാലത്തായി ഉറഞ്ഞുകൂടി ഉണ്ടാകുന്ന ഒരു കല്പനയാണ്.

എന്തെല്ലാം വികാരവിചാരങ്ങളാണ് ആ രൂപകം കൊണ്ട് ഉണ്ടാക്കുന്നത്. എന്തെല്ലാം രാഷ്ട്രീയ ഉപയോഗങ്ങളാണ് അതുകൊണ്ട് ഉണ്ടാവുന്നത്.

കെ.സി.നാരായണൻ

.... 2





**സുകുമാർ അഴീക്കോടിന്റെ ജീവചരിത്രം** .... 5
**ഡോ.പോൾ മണലിൽ**





**ബെൻഹർ** .... 7
1880ൽ പ്രസിദ്ധീകരിച്ച ലൂ വാലസിന്റെ പ്രശസ്ത നോവലിന്റെ സ്വതന്ത്ര വിവർത്തനം

**നാടോടിക്കഥകളിലൂടെ** .... 10
**പഞ്ചാബി കഥ**

**ലൂക്കോസിന്റെ ചിരി**

(കഥ) **സുരേഷ് വർമ്മ** .... 7



പിന്നെയും രണ്ടാഴ്ചക്കാലം

ലൂക്കോസ്സിന്റെ അതിഥിയെ പോലെ ഇല്ലത്ത് തുടർന്നു. ദിവസം മുഴുവൻ അച്ഛന്റെ പുസ്തക മുറിയിൽ. അച്ഛനും പുസ്തകങ്ങളുടെ മണമായിരുന്നു.

അടുത്ത ദിവസം മടങ്ങണം.

ഒരു തോൾ ബാഗുമായി ലൂക്കോസ് പുറത്തുവന്നു.

സാർ ഇനി ഞാൻ ഇറങ്ങട്ടെ. നാളെ മുതൽ മറ്റൊരിടത്ത് ചെല്ലാമെന്ന് പറഞ്ഞിട്ടുണ്ട്. അവന്റെ രണ്ട് കൈകളും ഗ്രഹിച്ചു കുറച്ചു പണം കൊടുത്തു. രണ്ട് കണ്ണുകളിലും ചേർത്തുവച്ച ശേഷം അവൻ അത് കീശയിലിട്ടു.

**പുസ്തകവിചാരം**

ജോൺ ഇളമത



സൂഫികളും സുൽത്താന്മാരും

**സാംസ്കാരികം** .... 14

**ഗാന്ധിസ്മൃതി**
വള്ളത്തോളിന്റെയും വെണ്ണികുളത്തിന്റെയും കവിതകൾ

എ.സി.ജോർജ്

# കലാകേരളത്തിന്റെ സൂര്യമൂർത്തി

**(1951 ഏപ്രിൽ 11//2026 സെപ്റ്റംബർ 23)**

ജോർജ് തഴക്കര



ചിത്രങ്ങളോടെ കടപ്പാട്

**ക**ലാകേരളത്തിനു രംഗവെളിച്ചത്തിലൂടെ സൂര്യപ്രഭ നൽകിയ അതുല്യകലാകാരനാണ് സൂര്യ കൃഷ്ണമൂർത്തി. മലയാളത്തിലെ ലൈറ്റ് ആന്റ് സൗണ്ട് ഷോയുടെ പ്രാരംഭകനും; തീയേറ്റർ ഓഫ് ഫ്രീഡം എന്ന രംഗകലയുടെ ഉപജ്ഞാതാവും; സൂര്യ സ്റ്റേജ് ആൻഡ് ഫിലിം സൊസൈറ്റിയുടെ സ്ഥാപകനുമാണ് നടരാജ കൃഷ്ണമൂർത്തി.

അരനൂറ്റാണ്ടുകാലം സൂര്യ കൃഷ്ണമൂർത്തി ഒരുക്കിയ ദൃശ്യാനുഭവം ലോകത്തിന്റെ ആദരവിന് അർഹമായിട്ടുള്ളതാണ്.

കേരള സർക്കാരിന്റെ പരമോന്നത ബഹുമതിയായ കേരള പ്രഭ, തമിഴ്നാട് സർക്കാരിന്റെ കലൈമാമണി, പോണ്ടിച്ചേരി സർക്കാരിന്റെ സമഗ്രസംഭാവന പുരസ്കാരം ഉൾപ്പെടെ നിരവധി അവാർഡുകളും ബഹുമതികളും ലഭിച്ചിട്ടുണ്ട്. 2003ൽ ലിംക ബുക്ക് ഓഫ് റെക്കാർഡ്സിന്റെ മാൻ ഓഫ് ദി ഇയർ ബഹുമതി ലഭിച്ചു. 1996ൽ മികച്ച സ്റ്റേജ് ക്രാഫ്റ്റിനും സംവിധാനത്തിനുമുള്ള രാഷ്ട്രപതിയുടെ അവാർഡ്, 1994ൽ കേരള സംഗീത നാടക അക്കാദമി ഫെലോഷിപ്പ് ഉൾപ്പെടെ എഴുപത്തിയഞ്ചോളം അവാർഡുകളും പുരസ്കാരങ്ങളും സൂര്യ കൃഷ്ണമൂർത്തിയെ തേടിയെത്തിയിട്ടുണ്ട്.

കേരള സംഗീത നാടക അക്കാദമി ചെയർമാൻ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, ദേശീയ ചലച്ചിത്ര അവാർഡ് നിർണയ സമിതി, സംസ്ഥാന ചലച്ചിത്ര അവാർഡ് നിർണയ സമിതി, ഇന്ത്യൻ പനോരമ സിലക്ഷൻ കമ്മിറ്റി, എൻ.എഫ്.ഡി.സി. സ്ക്രിപ്റ്റ് കമ്മിറ്റി, ദൂർദർശൻ ഉപദേശക സമിതി, കാലിക്കറ്റ് സർവകലാശാല ഫൈൻ ആർട്സ് വിഭാഗം ബോർഡ് ഓഫ് സ്റ്റഡീസ് അദ്ധ്യക്ഷൻ തുടങ്ങിയ നിലകളിലും പ്രവർത്തിച്ചു.

1951 ഏപ്രിൽ 11ന് കോട്ടയത്ത് ജനിച്ചു. അച്ഛൻ ടി. നടരാജപിള്ള. അമ്മ സി. സരസ്വതിയമ്മ. കേരളത്തിന്റെ ആദ്യകാലത്തെ ചീഫ് എഞ്ചിനീയറായിരുന്നു ടി. നടരാജപിള്ള. സി. സരസ്വതിയമ്മ ഗാന്ധി പീസ് ഫൗണ്ടേഷൻ പ്രവർത്തകയും ആയിരുന്നു.

തിരുവന്തപുരം മോഡൽ സ്കൂൾ, ആർട്സ് കോളേജ്, കൊല്ലം ടി.കെ.എം എഞ്ചിനീയറിംഗ് കോളേജ് എന്നിവിടങ്ങളിൽ എൻ.കൃഷ്ണമൂർത്തി പഠനം പൂർത്തിയാക്കി. 1971ൽ മെക്കാനിക്കൽ എഞ്ചിനീയറിംഗിൽ ബിരുദം നേടി. 1972ൽ ഐ.എസ്.ആർ.ഒയിൽ ചേർന്നു. 27 വർഷം എഞ്ചിനീയറായും സീനിയർ ശാസ്ത്രജ്ഞനായും ജോലി ചെയ്തു. എ.പി.ജെ.അബ്ദുൾ കലാം ഉൾപ്പെടുന്ന പ്രശസ്തരായവരോടൊപ്പമാണ് ഇക്കാലമത്രയും പ്രവർത്തിച്ചത്. 1999ൽ സ്വയം വിരമിക്കുമ്പോൾ സൂര്യ കൃഷ്ണമൂർത്തിയുടെ പ്രായം നാല്പതുവയസ്സുമാത്രമായിരുന്നു. മകന്റെ കലാവാസനയിൽ അച്ഛന്റെ പരിപൂർണ്ണ പിൻതുണ ഉണ്ടായിരുന്നു.

1970കളിൽ ക്ഷേത്രകലകളെക്കുറിച്ച് പഠിക്കുവാൻ കൃഷ്ണമൂർത്തി യാത്രപുറപ്പെട്ടു. ദീർഘയാത്രയ്ക്കുള്ള ഒരു കരുതലും എടുത്തിരുന്നില്ല. ആയിടയ്ക്കാണ് മദർ തെരേസയെക്കുറിച്ചുള്ള ഒരു ലേഖനം വായിക്കുന്നത്. രണ്ടു ജോഡി ഡ്രസ്സുകളുമായിട്ടാണ് അവർ യാത്ര ചെയ്തിരുന്നത്. അതുപോലെയൊരു യാത്രയാണ്

➲11

പ്രഭാഷണം

2026 ആഗസ്റ്റ് 10ന് തുഞ്ചൻ മെമ്മോറിയൽ ട്രസ്റ്റിന്റെ നേതൃത്വത്തിൽ നടന്ന രാമായണോത്സവം 2026' ൽ നടത്തിയ പ്രഭാഷണം

# രാമായണത്തിന്റെ കുടുംബബന്ധങ്ങൾ

കെ.സി. നാരായണൻ








*കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച*

**പല** സ്ഥലത്തും ചെന്ന് വിത്തുവീണും വേര് ആഴ്ത്തി പടർന്ന് ഒരൊറ്റ മഹാവൃക്ഷം എന്നല്ല; ഒരു മഹാവനമായിട്ട് 300–400 രാമായണങ്ങൾ ഉണ്ട്. അതാണ് പിന്നീട് എ.കെ രാമാനുജൻ ഫാദർ കാമിൽ ബുൽക്കയുടെ പുനരവതാരം എന്ന് പറയാവുന്ന രീതിയിൽ അതിനെപ്പറ്റി ഒരു പഠനം നടത്തിയിരുന്നു. എ.കെ.രാമാനുജൻ കർണാടകക്കാരനാണെങ്കിലും ഇംഗ്ലീഷിലാണ് എഴുതിയിട്ടുള്ളത്. ഈ കൃതി പാഠപുസ്തകമാക്കാൻ തീരുമാനിച്ചപ്പോൾ ഇന്ത്യ ഗവൺമെന്റ് അത് ഡൽഹി യൂണിവേഴ്സിറ്റിയുടെ സിലബസിൽ നിന്ന് നീക്കം ചെയ്യണം എന്ന് ആവശ്യപ്പെട്ടു. അത് വലിയ പ്രക്ഷോഭത്തിനു കാരണമായി. പലർക്കും അത് താങ്ങാൻ പറ്റിയില്ല. തുളസിദാസന്റെ രാമായണമില്ലേ? രാമചരിത മാനസമില്ലേ. അതല്ലാതെ വേറെ രാമായണം ഉണ്ടോ? അതല്ലേ നമ്മുടെ പുണ്യഗ്രന്ഥം?

എനിക്ക് പുണ്യഗ്രന്ഥമായത് നിങ്ങൾക്കാവില്ല; നിങ്ങൾക്ക് പുണ്യഗ്രന്ഥമായത് എനിക്കാവില്ല. അങ്ങനെ പല രാമായണങ്ങളും. ഓരോ ആളുകളുടെയും മനസ്സിൽ രാമൻ വസിക്കുന്നു എന്നാണെങ്കിൽ രാമായണത്തിന്റെ ബഹുത്വം അതാണ്.

സമുദ്രം ലംഘിച്ച് മറ്റൊരു രാജ്യത്ത് വേരൂന്നി അവിടുന്നുള്ള ആളുകൾ ഇങ്ങോട്ട് മൈഗ്രേറ്റ് ചെയ്ത് പിന്നെ ആ വാനരന്മാരും രാക്ഷസന്മാരും ഒക്കെ മെയിൻ ലാൻഡിലേക്ക് വേറൊരു വിഭീഷണൻ ഒക്കെ ഇങ്ങോട്ട് വരുന്നുണ്ട്. ഇവിടുന്ന് അങ്ങോട്ട് സേതു ബന്ധിച്ചു. സേതു ബന്ധിച്ചാൽ അത് പാലങ്ങൾ ആയി. അത് അണക്കെട്ടുകൾ ആയി. വിടവുകൾ ഇല്ലാതായി കഴിഞ്ഞാൽ പിന്നെ നിരന്തരമായ സമ്പർക്കവും അന്യോന്യ സംക്രമണവും ഒക്കെയാണ്. ഫലം വലിയൊരു സംസ്കാര സംക്രമണത്തിന്റെയും പകരലുകളുടെയും ഒക്കെ ഒരു കേന്ദ്രരൂപകമായിട്ട് രാമായണം മാറുന്നതാണ് കഥ. അതാണ് രാമായണത്തിന് സംഭവിച്ചിട്ടുള്ളത്. ഇതേ അളവിൽ മഹാഭാരതത്തിലും സംഭവിച്ചു.

മഹാഭാരതത്തിന് ഇതേപോലെ പല പാഠഭേദങ്ങൾ അധികം ഉണ്ടായില്ല. പ്രാദേശികമായിട്ടുള്ള വിശ്വാസഭേദങ്ങൾ മാത്രം പഠിക്കാനായിട്ട് ഒരു പണ്ഡിതസഭ ഉണ്ടായി. ഇന്ത്യ ഗവൺമെന്റിന്റെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ കീഴിൽ ഇന്ത്യയിലെ എല്ലാ പ്രദേശത്തെ ഭാഷകളിലുള്ള സ്കോളേഴ്സ് അതിൽ പങ്കെടുത്ത് ഓരോരോ നാട്ടിലുമുള്ള രാമായണ കഥാപാത്രങ്ങളുടെ പാഠഭേദങ്ങൾ സമാഹരിച്ചു. അങ്ങനെ വലിയ ഒരു പുസ്തകം ഉണ്ടായി. ആ പുസ്തകം കാണിച്ചുതരുന്നത് ഭാരതത്തിനും ഇതുപോലെ ബഹുത്വം എന്ന ഒറ്റ മഹാഭാരതം ഇല്ല പല മഹാഭാരതങ്ങളെ ഉള്ളൂ എന്നാണ്.

പലതായ രാമായണം ഉണ്ട്. പലതായ മഹാഭാരതം ഉണ്ട്. അപ്പോ ഇതിഹാസം എന്ന് പറയുന്നത് അതിന്റെ അർത്ഥം എന്താ. 'ഇതി ഇഹ ആസ' എന്നാണ്. എന്നു പറഞ്ഞാൽ 'ഇങ്ങനെ ഇവിടെ സംഭവിച്ചു' എന്നാണ്. നമ്മൾ ചോദിക്കില്ലേ അവിടെ എങ്ങനെയാ കാര്യങ്ങൾ നടന്നത്? അവിടെ ഇവിടെ ഇത് ഇതുപോലെ സംഭവിച്ചത്? അതിന്റെ ബേസിക് ആയിട്ടുള്ള കാര്യമായിട്ടുള്ളൂ. അതിൽ ഒരു കാര്യം ഉണ്ടാവും ശ്രീരാമൻ ഇവിടെ ജനിച്ചു. ഇവിടെയാണോ ജനിച്ചത്. അതെ ഇവിടെയാണ് ജനിച്ചത്. ആരായിരുന്നു അച്ഛൻ. ഇന്ന ആളായിരുന്നു അച്ഛൻ. അങ്ങനെ പറഞ്ഞു പറഞ്ഞു പറഞ്ഞു പറഞ്ഞ് വിശ്വസിച്ച് വിശ്വസിച്ച് വിശ്വസിച്ച് അതിങ്ങനെ മെല്ല കഥയായിട്ട് വളർന്ന് മഹാഭാരതം ആയി. ആദ്യം എണ്ണായിരം ശ്ലോകങ്ങൾ മാത്രമുള്ള ഒരു കൊച്ചു പുസ്തകമായിരുന്നു അത്. പറഞ്ഞു പറഞ്ഞ് പറഞ്ഞ് അത് 24000 ശ്ലോകമായി. അത് പിന്നെ എഴുതി എഴുതി എഴുതി വളർന്ന് ഒരു ലക്ഷത്തി ഇരുപതിനായിരം ശ്ലോകങ്ങളുള്ള ഒരു വലിയ ഗ്രന്ഥമായി.

7000 പേജുകൾ ഉണ്ട് അതിന്. അത് വായിച്ചെത്തിക്കുക എന്നുള്ളതുതന്നെ വലിയ പാടാ. 7000 പേജ് മുഴുവൻ ബൈഹാർട്ട് ആക്കിയ ആളുകൾ, ആ കഥ പാടി നടക്കുന്നവർ ഇന്ത്യയിൽ 18–ാം നൂറ്റാണ്ടുവരെ എങ്കിലും ഉണ്ടായിരുന്നു. അതുപോലെ രാമായണം പാടുക. അങ്ങനെ പാഠവേദങ്ങളിലൂടെ നാടൊട്ടുക്കും പടർന്ന് അതൊരു ഒരു കൾച്ചറൽ മെറ്റഫർ ആയി അതിർത്തി ലംഘിക്കുക. സമുദ്രമാണ് നമുക്ക് ലംഘിക്കാൻ ഏറ്റവും ബുദ്ധിമുട്ടുള്ള ഒരു വസ്തു. ആ സമുദ്രം ലംഘിച്ചു എന്നുള്ളതാണ് ഹനുമാന്റെ ഒരു പ്രാധാന്യം.

രാമായണത്തിന്റെ പ്രാധാന്യം അത് വലിയൊരു മെറ്റഫർ ആണെന്നതാണ്. രൂപകം. അലങ്കാരം. കല്പന എന്നൊക്കെ പറയാം. അതുകൊണ്ട് പലതിനെയും വിശദീകരിക്കാനും പലതിനെയും പ്രതിനിധാനം ചെയ്യാനും പല കാര്യങ്ങളും വെളിപ്പെടുത്താനും കഴിയും എന്നതാണ് മെറ്റഫർ കൊണ്ട് ഉദ്ദേശ്യമാക്കുന്നത്. വെറുതെ ഒരു അലങ്കാരകല്പന മാത്രമല്ല, അത് നമ്മുടെ പലേ സങ്കൽപങ്ങളും പലകാലത്തായി ഉറഞ്ഞുകൂടി ഉണ്ടാകുന്ന ഒരു കല്പനയാണ്.

എന്തെല്ലാം വികാരവിചാരങ്ങളാണ് ആ രൂപകം കൊണ്ട് ഉണ്ടാക്കുന്നത്. എന്തെല്ലാം രാഷ്ട്രീയ ഉപയോഗങ്ങളാണ് അതുകൊണ്ട് ഉണ്ടാവുന്നത്. അയോധ്യ എന്ന് പറയുമ്പോൾ എന്തെല്ലാം വികാരവിചാരങ്ങളാണ് അനുകൂലമായും പ്രതികൂലമായും ഒക്കെ ഉണ്ടാകുന്നത്. അതിൽ എന്തെല്ലാം അർത്ഥങ്ങളാണ്. വിപരീത അർത്ഥങ്ങളും ഇല്ലാർത്ഥങ്ങളും അനർത്ഥങ്ങളും ഒക്കെ അതിൽ ഉണ്ടാവുന്നു. രൂപകമായി തീരുക എന്ന് പറയുമ്പോൾ അതൊരു വലിയ കൾച്ചർ പ്രോസസിന്റെ ഫലമായിട്ട് ഉണ്ടാകുന്ന ഒരു പരിണാമമാണ്.

പണ്ടൊക്കെ ഇതിലെ ഒരു ട്രാൻസ്പോർട്ട് സർവീസ് ഉണ്ടായിരുന്നു. സാധനങ്ങൾ കൊണ്ടുപോകുന്ന ചരക്ക് സർവീസ്. എബിടി. അതിലെ ലോഗോ ഹനുമാൻ ആയിരുന്നു. നോർത്ത് ഇന്ത്യയിൽ പോയി കഴിഞ്ഞാൽ അവിടെ ഹനുമാൻ ഏറ്റവും പ്രധാനപ്പെട്ട, ശ്രീരാമനോളം തന്നെ പ്രധാനപ്പെട്ട ഒരാളാണ്. ഗുസ്തിക്കാരുടെ ദൈവമാണ്. ഹനുമാൻ ക്ഷേത്രങ്ങൾ ഇഷ്ടം പോലെയുണ്ട്. കോഴിക്കോട്ടെ മിഠായിത്തെരുവിൽ ഒരു ഹനുമാൻ ക്ഷേത്രം ഉണ്ട്.

എഴുത്തച്ഛൻ കിളിയെ കൊണ്ട് പറയിപ്പിക്കുക എന്നുള്ള ഒരു സമ്പ്രദായം, ഒരു സംവാദ സമ്പ്രദായം തുടങ്ങിവെച്ചു. മഹാഭാരതത്തിലോ അതുപോലെ രാമായണം മൂലത്തിലോ കിളിയല്ല പറയുന്നത്. കിളി എന്നും കിളി എന്നുള്ള സംഗതിയും അധ്യാത്മരാമായണം മൂലത്തിൽ ഇല്ല. ഡോക്ടർ കെ.എൻ. എഴുത്തച്ഛന്റെ 'അധ്യാത്മരാമായണം ഒരു പഠനം' എന്നുള്ള പുസ്തകം വെറുതെ മറിച്ചു നോക്കിയാൽ അതു മനസ്സിലാകും.

വളരെ സന്തോഷത്തോടുകൂടി ആ രാമകഥ പറയൂ എന്ന് അദ്ദേഹം തത്തയോട് അപേക്ഷിക്കുകയാണ്. അങ്ങനെ തത്തയോടുള്ള അഭ്യർത്ഥനകൾ കൂടെക്കൂടെ വരും. കഥ പറയാം. 'കഥയമമ കഥയമമ കഥകൾ അതിസാദരം കാകുൽസ്ഥലീലകൾ കേട്ടാൽ മതിവരാം'. എന്തൊരു ഭംഗിയുള്ള വരിയാണ്. കഥയമമ കഥയമമ. എന്നോട് പറയൂ. കഥ പറയൂ. കാരണം എന്താ കഥ കേട്ടാൽ എനിക്ക് മതി വരില്ല. ആർക്കും മതി വരില്ല. അധ്യാത്മ രാമായണം മൂലത്തിൽ കിളിമകളില്ല. അതിൽ ആരാ പിന്നെ ഉള്ളത്? കഥ പറയുന്ന ആളായിട്ട് അതിൽ ശിവനും പാർവ്വതിയും.

ശിവൻ പാർവ്വതിയോട് കഥ പറയുന്നത്. അവതരണഘടന അങ്ങനെയാണ്. കഥാഘടന ശിവൻ ഉമാമഹേശ്വരിയോട് ഈ കഥയൊക്കെ പറഞ്ഞു കൊടുക്കുകയാണ്. അവിടെ പാർവ്വതിയും പരമേശ്വരനുമാണ് വക്താക്കൾ. ഒരാൾ പറയും. മറ്റേയാൾ കേൾക്കും. സംശയം തീർക്കുകയാണ്. വ്യക്തത വരുത്തുകയാണ്. പാർവതി ചോദിക്കും. അതിന് മറ്റേയാൾ ഉത്തരം പറയും. അവർ തമ്മിലുള്ള സംഭാഷണത്തിൽ വിരിഞ്ഞു വരുന്നതാണ് രാമന്റെയും സീതയുടെയും കഥ. ഇങ്ങനെ അടരിന്റെ ഉള്ളിൽ അടർ. ഈ അടരിന്റെ ഉള്ളിൽ അടര് എന്നുള്ള രീതിയുണ്ടല്ലോ, സംവാദത്തിന്റെ രീതി. അത് വളരെ പോപ്പുലർ ആയിട്ടുള്ള പണ്ടത്തെ ഒരു ഇന്ത്യൻ കഥാകഥന സമ്പ്രദായമാണ്. ഉദാഹരണത്തിന് മഹാഭാരതം എടുത്തു നോക്കിക്കഴിഞ്ഞാൽ അതിൽ ഈ ജനമേജയൻ എന്നു പറയുന്ന രാജാവ് അദ്ദേഹം യാഗസദസ്സിൽ വെച്ചിട്ട് വൈശംപായനോട് പറയുന്നതാണ് ഈ മഹാഭാരതം കഥ.

ഗുരുവംശ നാശം ഒക്കെ കഴിഞ്ഞ് അടുത്ത തലമുറയിലുള്ള ജയമേജയനാണ് കഥ പറയുന്നത്. അതു കഴിഞ്ഞിട്ട് 12 കൊല്ലം കഴിഞ്ഞിട്ട് വേറൊരു യാഗസദസിൽ ഒരു സൂതൻ വരുന്നു. സൂതന്മാർ കഥപറച്ചിലുകാരാണ്. യാഗസ്ഥലത്ത് എത്തിയ അയാളോടു കഥ പറയാൻ ആവശ്യപ്പെടുന്നു. അറബി കഥ പോലെ; കഥ പറയുന്നു. അക്കഥ തലമുറകളായി തുടരുന്നു. അങ്ങനെ ഒരേ സംഭവവും, ഓരോ കഥപറച്ചിലിലും ഓരോ അടരു കൂടി ചേർന്ന് കഥയുടെ വ്യാപ്തി വർദ്ധിക്കുന്നു. എല്ലാ കഥപറച്ചിലുകാരും അവനവന്റെ കയ്യിൽ നിന്ന് കുറച്ചിടും. അവിടെ പറഞ്ഞ എക്സാക്റ്റ് ആയിട്ടല്ല നമ്മൾ പറയുക. ആർക്കും അത് പറ്റൂല്ല. അപ്പോ ഒരു ചമൽക്കാരം, ഒരു ഇൻസിഡന്റ്, ഒരു ഡീറ്റെയിൽ, അതിൽ നൽകും. അങ്ങനെ ഇട്ട് ഇട്ട് ഇട്ടിട്ട് എന്താകും? കഥ ഇങ്ങനെ കൂടിക്കൂടി വികാസം വെയ്ക്കും. വ്യസിയ്ക്കും വികസിക്കും. അങ്ങനെ ചെറിയൊരു കഥ വലിയ കഥയായിട്ട് മാറുന്നു. വികസിപ്പിക്കുക എന്നുള്ള പ്രവൃത്തിയെ വ്യാസം എന്നാണ് പറയുക. അപ്പോ വ്യാസം വെക്കുന്നതാണ് വ്യാസൻ. അതൊരാളുടെ പേരല്ല. അത് ഒരു പ്രവർത്തനത്തിന്റെയോ, ഒരു പ്രക്രിയയുടെയോ പേരാണ്. അങ്ങനെയാണ് എണ്ണായിരം ശ്ലോകത്തിൽ നിന്ന് ആളുകൾ പറഞ്ഞ് പറഞ്ഞ് പറഞ്ഞ് രാമായണം എന്ന വലിയൊരു കഥയുണ്ടായത്.

ദശരഥന്റെ മരണം അറിയാം. എല്ലാവർക്കും അറിയാം. ആ കഥ പറയണ്ട. ദശരഥൻ എങ്ങനെ മരിക്കാൻ ഇടയായി എന്ന് ഒരാൾ ചോദിക്കുകയാണ്. അതിലൊരു കഥയുണ്ട്. ഒരു യുക്തിയുണ്ട്. ഒരു ശാപം ഉണ്ട്. അന്ധനായ മഹർഷിക്ക് ഒരു മകനുണ്ട്. രാവിലത്തെ ആചമനത്തിനും മറ്റ് നിത്യക്രിയകൾക്കും വേണ്ടിയിട്ടുള്ള വെള്ളം ഒരു കുടത്തിൽ മുക്കികൊണ്ടുവരാനായിട്ട് പറയുന്നു. മകൻ പുഴയിൽ പോയിട്ട് കുടത്തിൽ വെള്ളം മുക്കി. അപ്പോൾ കുടത്തിലേക്ക് വെള്ളം, ആന വെള്ളം കുടിക്കുന്ന പോലുള്ള ശബ്ദം ഉണ്ടാക്കുന്നു. ദശരഥൻ ശബ്ദവേദിയാണ്. ശബ്ദം കേട്ടിട്ട് ആ ഭാഗത്തേക്ക് അമ്പ ചെയ്യാൻ ശേഷിയുള്ളവൻ. ശബ്ദം കേട്ട ദിക്കിലേക്ക് അമ്പ് ചെയ്തു. അത് ആനയല്ല അതൊരു മകനായിരുന്നു. നെഞ്ചിൽ അമ്പ് തറച്ചു നിലവിളിച്ചു.

# രാമായണത്തിന്റെ കുടുംബബന്ധങ്ങൾ



മെറ്റാഫിക്ഷൻ സ്വഭാവം. അതാണ് കഥപറച്ചിൽ രീതിയുടെ ഒരു പ്രത്യേകതയായിട്ടു കാണേണ്ടത്. ഒരു കഥക്കുള്ളിൽ ആ കഥയെപ്പറ്റി തന്നെ പറയാം. പിന്നെ അതിന്റെ ഉള്ളടക്കം ആണെങ്കിൽ അത് എല്ലാവരും വിചാരിക്കുന്ന പോലെ മംഗളകരവും അതുപോലെ മനോഹരവും ശാന്തികരവും ഒക്കെ ആണ് എന്ന് എനിക്ക് തോന്നിയിട്ടില്ല. തോന്നുന്നവർ ഉണ്ടാവാം. കവികൾ അങ്ങനെ പറയുന്നുണ്ടാവാം. പക്ഷെ എനിക്കത് തോന്നില്ല. പലേ ജീവിതങ്ങളിലും സഞ്ചരിക്കാനും കേറി ഇറങ്ങാനും ഉള്ള ഇടം തുറന്നു തരുന്നതാണ് ഇതിഹാസം.

അപ്പോൾ ദശരഥൻ പരിഭ്രമിച്ചും വേദനിച്ചും അവിടെ എത്തിയപ്പോൾ ആ കുട്ടി മരിക്കാൻ കിടക്കുകയാണ്. 'നിങ്ങൾ ഒന്നും പറയണ്ടാ, എന്റെ അമ്പൊന്നു വലിച്ചുമാറ്റുക. എന്റെ പ്രാണൻ പോകും'

അയാളെ അച്ഛന്റെയും അമ്മയുടെയും സവിധത്തിൽ കൊണ്ടുവന്നു. അമ്പ് വലിച്ചു. അയാൾ മരിച്ചു. എന്നിട്ട് ചിതകൂട്ടി ചിതയിലേക്ക് എടുത്തു വെച്ചു. ആ അച്ഛനും അമ്മയും കൂടി ആ ചിതയിൽ വീണു മരിച്ചു. മൂന്നാളുടെ മരണത്തിന് കാരണമായ ദശദരഥനെ മഹർഷി മരിക്കുന്നതിനു മുമ്പ് ശപിച്ചു. 'നീയും ഇതുപോലെ പുത്രദുഃഖം കൊണ്ട് മരിക്കും' എന്നു ശപിച്ചു.

ദശരഥന് പുത്രന്മാർ ഉണ്ടായിയിരുന്നില്ല. ദിവ്യമായ പായസം ലഭിക്കുന്നു. പായസം എന്ന് പറഞ്ഞാൽ അത് രേതസിന്റെ ഒരു പര്യായമാണ്. അതിന്റെ ഫലം ഉണ്ടായി. അങ്ങനെയാണ് നാല് മക്കൾ ദശരഥന് ഉണ്ടാകുന്നത്. അവിടെ മറ്റൊരു കഥ ജനിക്കുകയായി. അത് ഒരാൾ കൂട്ടിച്ചേർത്തതാവും. പ്രതിഭാശാലികൾക്കേ ഇങ്ങനെയുള്ള കൂട്ടിച്ചേർക്കലുകൾ നടത്താൻ പറ്റൂ. അങ്ങനെ കൂട്ടിച്ചേർത്ത് കൂട്ടിച്ചേർത്തിട്ടാണ് ഈ കഥകൾ ഇതിഹാസങ്ങളായത്.

സംഭാഷണം കഥയായിട്ട് മാറണമെങ്കിൽ തീർച്ചയായിട്ടും അത് സംവാദം അഥവാ ചോദ്യോത്തരം ആയിട്ട് മാറണം. സംസ്കൃതത്തിന്റെ ആദിസാഹിത്യത്തിൽ ഈ സംവാദനം പ്രകടമാണ്. മനുസ്മൃതി ആയാലും ശരി, മഹാഭാരതം ആയാലും ശരി അത് അങ്ങനെ ഉണ്ടായിട്ടുള്ളൂ. ചോദ്യവും അതിനുള്ള ഉത്തരവും എന്ന രീതിയിലാണ് ആദിമ ടെക്സ്റ്റുകളെല്ലാം ഉണ്ടായിട്ടുള്ളത്.

ഭാഗവതം പത്താം നൂറ്റാണ്ടുവരെയും ചോദ്യോത്തരത്തിന്റെ രൂപത്തിലായിരുന്നു. ജിജ്ഞാസ തീർക്കാനാണ് ചോദിക്കുന്നത്. എനിക്കത് അറിയണം. ജിജ്ഞാസ ശമിപ്പിക്കാനാണ് കഥ വരുന്നത്. അപ്പോ ചോദ്യമില്ലെങ്കിൽ. കഥയിൽ ചോദ്യമില്ലന്ന് നമ്മൾ പറയും. ചോദ്യമില്ലെങ്കിൽ കഥയില്ല. ചോദ്യമില്ല എന്നുള്ളതല്ല ഒരു യഥാർത്ഥ സംഗതിയിൽ ചോദ്യമില്ലെങ്കിൽ കഥയില്ല എന്നതാണ് നമ്മുടെ ഉത്കൃഷ്ട സാഹിത്യ കൃതികളുടെ പ്രത്യേകത.

ജിജ്ഞാസ തീരാത്തവണ്ണം കഥ വികസിപ്പിച്ചു പറയുക എന്നുള്ളതാണ് ഇതിഹാസങ്ങളുടെയും ഇന്ത്യയിലെ ആദ്യത്തെ പുസ്തകങ്ങളിലെയും ഒക്കെ രചനാരീതി. അത് കഥയാവണമെന്നില്ല. ഫിക്ഷൻ ആവണമെന്നില്ല. സാധാരണ ഡിസ്ക്രിപ്റ്റീവ് ടെസ്റ്റ് ആയാലും മതി. സംവാദ രൂപത്തിൽ നിന്നാണ് ഇന്ത്യയിലെ ആദ്യത്തെ എഴുതപ്പെട്ട പുസ്തകങ്ങൾ മുഴുവൻ ഉണ്ടായിട്ടുള്ളത്.

എന്തുണ്ടായി എന്ന ആകാംഷ ചോദ്യകർത്താവിന് ഉണ്ടായിരിക്കണം. ധൃതരാഷ്ട്രർ ചോദിക്കുകയാണ് എന്റെ മക്കളും പാണ്ഡവരും എന്തു ചെയ്യുന്നുവെന്ന്. അപ്പോൾ സഞ്ജയൻ അതൊക്കെ പറയുകയാണ്. അപ്പോഴാണ് പത്താമത്തെ ദിവസം ഒരു പ്രധാന വാർത്ത കേൾക്കുന്നത്. ഭീഷ്മർ വീണു. അവിടെ ജിജ്ഞാസ ഉണ്ടാകുന്നു. ഇങ്ങനെ പൂർത്തീകരിച്ച് പൂർത്തീകരിച്ച് പൂർത്തീകരിച്ചിട്ടാണ് ഒരു വലിയ കഥ ഉണ്ടാകുന്നത്. എന്തൊരു ഡ്രമാറ്റിക് മോമെന്റിലാണ് ഭഗവത്ഗീത വരുന്നത്. ഭീഷ്മപർവ്വം മുഴുവൻ അങ്ങനെയാണ് വരുന്നത്.

ജേർണലിസവും ഇതിഹാസവും തമ്മിൽ നല്ല ബന്ധം ഉണ്ട്. ജേർണലിസം തന്നെയാണ് ഇതിഹാസം. ഇതിഹാസം എന്ന് പറയുന്ന വലിയ പുസ്തകവും ജേർണലിസം എന്നുള്ള പ്രക്രിയയും ഒരേ പ്രോസസിന്റെ ഫലമാണ്. നമ്മുടെ കമ്മ്യൂണിക്കേഷൻ പോലും ജിജ്ഞാസ ശമിപ്പിക്കാനുള്ള ഉത്തരങ്ങളാണ്. ഈ പ്രോസസിൽ നിന്നാണ് കമ്മ്യൂണിക്കേഷൻ ആരംഭിക്കുന്നത്.

മഹാഭാരതം ആയാലും ശരി രാമായണം ആയാലും ശരി കഥ എല്ലാം കുടുംബകഥകളാണ്. മഹാഭാരതത്തിലും ഒരു മൂലകഥയുണ്ട്. അതുപോലെ രാമായണത്തിലും ഒരു മൂലകഥയുണ്ട്. ഒരു മൂലകഥ, രാമായണത്തിലെ താരതമ്യേന ലളിതവും ഒരൊറ്റ തന്തു കൊണ്ട് നിർമ്മിച്ചതല്ല, എത്രയോ തന്തുക്കളെ കൊണ്ട് പിരിച്ചുണ്ടാക്കിയതാണ്.

കാട്ടിൽ ഒരാൾ ഒരു ദിക്കിൽ 12 കൊല്ലം മറ്റേതിൽ 14 കൊല്ലം. രാമന്റെ കഥ ഞാൻ പറയാതു തന്നെ നമുക്കറിയാം. പക്ഷേ രാവണന്റെ കുടുംബത്തെ പറ്റി അത്ര അധികം അറിയില്ല. ഉത്തരരാമായണത്തിൽ നിശ്ചയമായിട്ടും ഈ രാവണ രാക്ഷസകുടുംബത്തെ പറ്റിയാണ് മുഖ്യമായിട്ടും പറയുന്നത്. രാവണവധം കഴിഞ്ഞ് രാമൻ സ്വസ്ഥനായി അയോധ്യയിലെ രാജധാനിയിൽ ഇരിക്കുമ്പോൾ മഹർഷിമാർ വന്നു കുശലം ചോദിച്ചു. അപ്പോൾ ശ്രീരാമൻ ചോദിച്ചു നമ്മൾ കൊന്ന രാക്ഷസന്മാരുടെ ശക്തി അതൊന്നു വിസ്തരിച്ചു പറയൂ. രഘുവംശത്തിന്റെ വിപരീതമായിട്ട് വേറൊരു കഥ, വേറൊരു കുടുംബകഥ പറയുന്നു.

രാമായണം ഒരൊറ്റ കുടുംബകഥയല്ല. ഉപകഥകളും ഉപാഖ്യാനങ്ങളും ഒക്കെ ഉണ്ട്. നേട്ടങ്ങളുടെ കഥകളോടൊപ്പം തന്നെ വലിയ പരാജയങ്ങളുടെ കഥകളും അതിലുണ്ട്. നമ്മൾ ശ്രദ്ധിക്കാതെ പോയാൽ രാമായണ കഥയുടെ യഥാർത്ഥമായിട്ടുള്ള അർത്ഥം നമുക്ക് കണ്ടെത്താൻ പറ്റില്ല. രാമായണകഥ പൂർത്തിയാവണമെങ്കിൽ ഉത്തരരാമായണം കൂടി വേണം. അതിൽ ദുഃഖമാണ്. അതിൽ പ്രധാനമായിട്ട് ശ്രീരാമൻ സീതയെ ഉപേക്ഷിക്കും. സീത ഗർഭിണിയായി. ഗർഭിണിക്ക് എന്താണ് ആഗ്രഹം എന്ന് ചോദിച്ചു. എനിക്ക് പണ്ട് നമ്മൾ കഴിഞ്ഞ ആ പഞ്ചവടി പ്രദേശം ഒരുതവണകൂടി കാണണം എന്നൊരു ആഗ്രഹം മാത്രമേ അപ്പോൾ പറയുന്നുള്ളൂ. ശരി ലക്ഷ്മണാ നാളെ നീ സീതയെ പഞ്ചവടി കാണിച്ചു കൊടുക്കൂ. സീത അവിശ്വാസിയാകുന്നു. തന്നെപ്പറ്റി എവിടെയും അപവാദം ഉണ്ടാവരുത് എന്നുള്ള വിശ്വാസം മാത്രമേ രാമനുള്ളൂ. ശ്രീരാമൻ യുക്തിയാണ് പ്രയോഗിച്ചത്.

കളങ്കിതയായ സീതയെ കാട്ടിലുപേക്ഷിക്കുവാൻ ശ്രീരാമനല്ല, ലക്ഷ്മണനാണ് പോകുന്നത്. അവിടെ ആ മനോഹരമായ പഞ്ചവടിതടത്തിൽ വാല്മീകിയുടെ ആശ്രമത്തിൽ സീതയെ വിട്ടിട്ട് ലക്ഷ്മണൻ മടങ്ങുന്നു. അവിടെവെച്ച് സീത പ്രസവിച്ചു. വാല്മീകിയാണ് ആ രണ്ടു കുട്ടികളെയും പുലർത്തിയത്. അവർ വളർന്നു. അവിരെ വാല്മീകി രാമായണം കഥ പഠിപ്പിച്ചു. അവിടെയാണ് വീണ്ടും മെറ്റാഫിക്ഷൻ വരുന്നത്. ആ കുട്ടികൾ രാമായണം കഥ പഠിച്ചു. വേറെ കാവ്യല്ല ഇതുവരെ നടന്ന ചരിത്രം മുഴുവൻ ഈ കുട്ടികളെ കൊണ്ട് പറയിപ്പിക്കുക. എന്നിട്ട് അയോധ്യ രാജധാനിയിലേക്ക് വിട്ടു. അവിടെ ചെന്ന് ഈ കഥ പാടൂ. എന്തൊരു ക്രൂരമായുള്ള പ്രതികാരമാണ്. വാല്മീകി രോഷ്ടനായി എന്നു പറയുന്നില്ല. പക്ഷേ കാളിദാസൻ അത് പറയുന്നു. കാളിദാസൻ രഘുവംശം 14-ാം സർഗ്ഗത്തിൽ അതിൽ പറയുന്നുണ്ട്. നാടുഭരിക്കേണ്ട മക്കൾ രാമായണം പാടി നടക്കുന്നു. അതും അയോധ്യയുടെ തെരുവിൽ. രാമായണം ഒരു ആയുധമാക്കി രാമനെ കൊണ്ട് പുനശ്ചിന്തനം ചെയ്യിക്കാൻ പ്രേരിപ്പിക്കുന്നു.

രാമന് പുനശ്ചിന്ത വന്നതുകൊണ്ടാവാം കുട്ടികളെയും കൂട്ടി യാഗസ്ഥലത്തേക്കു പോകുന്നു. അവിടെ കണ്ടതോ സീതയുടെ സ്വർണ്ണപ്രതിമയും. ജീവിച്ചിരിക്കുന്ന പത്നിയുടെ സ്ഥാനത്ത് പത്നിയുടെ പ്രതിമ. അതാണ് കാഞ്ചനസീത എന്നുള്ള കഥയുടെയും നാടകത്തിന്റെയും ഒക്കെ ഇതിവൃത്തം. പ്രതിമയേയുള്ളൂ, മനുഷ്യനില്ല. മനുഷ്യൻ പ്രതിമയായി മാറി. ആ പ്രതിമ ആണ് അവിടെ ഉള്ളത്. ആ കാഞ്ചന സീതയോടാണ് പാട്ടു കേൾക്കാൻ പറയുന്നത്. സീത ഒരിക്കൽ കൂടി സത്യസന്ധത തെളിയിക്കാൻ ആവശ്യപ്പെടുന്നു.

യാഗശാലയിലേക്ക് നടന്നടുക്കുന്ന സീതയെ കുമാരനാശാൻ ഇങ്ങനെ വർണ്ണിക്കുന്നു.

*വേണ്ടാ ഖേദമെടോ, സുതേ! വരികയെ-*
*ന്നോതും മുനീന്ദ്രന്റെ കാൽ-*
*തണ്ടാർ നോക്കിനടന്നധോവദനയായ്*
*ചെന്നസ്സഭാവേദിയിൽ*
*മിണ്ടാതന്തികമെത്തി, യൊന്നനുശയ-*
*ക്ലാന്താസ്യനാം കാന്തനെ-*
*ക്കണ്ടാൾ പൗരസമക്ഷം, മന്നിലയിലീ-*
*ലോകം വെടിഞ്ഞാൾ സതീ.*

അങ്ങനെ ഭൂമിയിലേക്ക്, എവിടെന്ന് ഉണ്ടായോ അവിടേക്ക് തന്നെ ആഴ്ന്നുപോയി. ഇതാണ് ഏറ്റവും വലിയ പ്രതികാരം. അങ്ങനെ ശോകത്തിൽ നിന്നാണ് ഈ ശ്ലോകം ഉണ്ടായത്. ആദികവിയെ പറ്റി പറയും, ശോകത്തിൽ നിന്ന് ശ്ലോകം ഉണ്ടായതെന്ന്. അതുപോലെ ശ്ലോകം അവസാനിക്കുന്നതും ശോകത്തിലാണ്. ശോകത്തുനിന്ന് ശ്ലോകം ഉണ്ടായി എന്ന് പറച്ചിലെങ്കിലും വാസ്തവത്തിൽ രാമായണം അവസാനിക്കുന്നത് ശ്ലോകത്തിൽ നിന്ന് ശോകത്തിലേക്കാണ്.

സീതയെ വെടിഞ്ഞാൽ ആരെയും ശ്രീരാമന് വെടിയാം. എല്ലാവരെയും കൂട്ടിക്കൊണ്ട് അയാൾ സരയുവിലേക്ക് ഇറങ്ങി മറയും. അപ്പോൾ അയോധ്യ കാടാവും. വിപരീത അർത്ഥത്തിൽ അയോധ്യ വിജനമായി, മനുഷ്യരില്ലാതെയാകും. ജനങ്ങൾ ആ പ്രദേശത്തെ ഉപേക്ഷിച്ചു പോയി എന്ന് വാല്മീകി രാമായണത്തിലും പറയുന്നുണ്ട്. അയോധ്യ കാടായി എന്ന് തുഞ്ചത്ത് എഴുത്തച്ഛന്റെ രാമായണത്തിലും പറയുന്നുണ്ട്. അങ്ങനെയുള്ള ഒരു പ്രവചനം കൂടി ഇതിൽ ഉണ്ട്. ഭരതനെ ഒരു ദിക്കിൽ രാജാവാക്കി. അതുപോലെ ലവനെയും കുശനെയും ഓരോരോ സ്ഥലങ്ങളിൽ രാജാവാക്കി. അയോധ്യയിൽ ഒരു രാജാവും ഉണ്ടായില്ല. ശ്രീരാമൻ മരിച്ചു. ലക്ഷ്മണൻ ഇല്ലാതെയായി.

കുരുക്ഷേത്ര യുദ്ധത്തിൽ ആളുകളൊക്കെ മരിച്ചുകിടക്കുന്ന ശവങ്ങളുടെ സാമ്രാജ്യമാണ്. അതുപോലെ അയോധ്യ മുങ്ങി മരിച്ചവരുടെ സാമ്രാജ്യമായി മാറി. ജലം മൂലം മൃത്യു എന്ന് ടിഎസ് എലിയട്ട് പറയും. അതുപോലെ ജലം കൊണ്ട് മരണം. ഇങ്ങനെ രണ്ട് ഇതിഹാസങ്ങളും അത്യന്തം ശോകാന്തമായിട്ടാണ് അവസാനിക്കുന്നത്.

ഉത്തരരാമായണം ഭവഭൂതി നാടകത്തിൽ ആവിഷ്കരിച്ചിട്ടുണ്ട്. എന്തൊരു ശോകമാണ് അതിൽ അവതരിപ്പിച്ചിരിക്കുന്നത്. എല്ലാവരും മരിച്ചു. രാജാവ് ആരുമില്ലാതെയായി. അനുജനെ വിട്ടു. അനുജൻ ശ്വാസംപോലെ ഒപ്പം നടന്നിരുന്ന ആളാണ്. ഭാര്യയെ വിട്ടു. എല്ലാവരെയും വിട്ടു. ഒറ്റക്കായി. പിന്നെ അയാൾ പുഴയിലേക്ക് ഇറങ്ങി. മരിക്കല്ലാതെ വേറെ എന്താ വഴി. ഒരു വലിയ നാടിന്റെ അധിപതിയായിട്ടാണ് അദ്ദേഹം നമ്മുടെ ഭാവനയിൽ വീണ്ടും വരുന്നത്. നമ്മൾ ഭാവനയിൽ അത് നിർമ്മിക്കുകയാണ്.

മഹാഭാരതത്തിലോ? അവിടെയും ദുരന്തമാണ്. മഹാഭാരതത്തിൽ ഉള്ളത്ര ആയുധങ്ങൾ വേറെ ഒരിടത്തും ഇല്ല. ആയുധങ്ങളുടെ വലിയ പ്രദർശനശാലയാണ്. കൊല്ലരുത് എന്നുള്ള സന്ദേശം അതിൽ ഉണ്ട്. എന്നാൽ അവിടെയെല്ലാം കൊല്ലും കൊലയുമാണ്. ജീവിതത്തിന്റെ വിഭിന്ന സ്വഭാവം ഒരുപോലെ കാണിച്ചുതരുന്നു.

മെറ്റാഫിക്ഷൻ സ്വഭാവം. അതാണ് കഥപറച്ചിൽ രീതിയുടെ ഒരു പ്രത്യേകതയായിട്ടു കാണേണ്ടത്. ഒരു കഥക്കുള്ളിൽ ആ കഥയെപ്പറ്റി തന്നെ പറയാം. പിന്നെ അതിന്റെ ഉള്ളടക്കം ആണെങ്കിൽ അത് എല്ലാവരും വിചാരിക്കുന്ന പോലെ മംഗളകരവും അതുപോലെ മനോഹരവും ശാന്തികരവും ഒക്കെ ആണ് എന്ന് എനിക്ക് തോന്നിയിട്ടില്ല. തോന്നുന്നവർ ഉണ്ടാവാം. കവികൾ അങ്ങനെ പറയുന്നുണ്ടാവാം. പക്ഷെ എനിക്കത് തോന്നില്ല. പലേ ജീവിതങ്ങളിലും സഞ്ചരിക്കാനും കേറി ഇറങ്ങാനും ഉള്ള ഇടം തുറന്നു തരുന്നതാണ് ഇതിഹാസം.



# അഴീക്കോട് എന്ന വിചാരശില്പി



പോൾ മണലിൽ

ഗുണ്ടർട്ടിന്റെ നിഘണ്ടുവിന്റെ ആദ്യത്തെ പതിപ്പ് കൈവശമുണ്ടായിരുന്ന വിരലിലെണ്ണാവുന്ന മലയാളികളിൽ ഒരാൾ അച്ഛനായിരുന്നു. അതു പൊക്കാൻ ശക്തിയില്ലാതിരുന്നിട്ടും ചെറുപ്പത്തിൽ അതെടുത്തു മടിയിലേറ്റി വെറുതെ വാക്കുകൾ നായാടിപ്പോകുന്നത് എനിക്ക് വിക്രമാദിത്യകഥകൾ വായിക്കുന്നത്രതന്നെ ഉല്ലാസപ്രദമായിരുന്നു. 'അമരം പാരമേശ്വരി'യും 'ശബ്ദതാരാവലി'യും ടോബിയാസ് സക്കറിയാസിന്റെ 'ഇംഗ്ലീഷ് – മലയാ ളം' നിഘണ്ടുവും എന്റെ കളിത്തോഴരായിരുന്നു എന്ന്, അടുത്ത കാലത്തുമാത്രം അമ്മാതിരി ചില പേരുകൾ കേട്ട, ആളുകൾ വിശ്വസിച്ചെന്നു വരില്ല. രാജരാജവർമയുടെ 'കേരളപാണിനീയം' ഒഴികെയുള്ള എല്ലാ ലഘുവ്യാകരണഗ്രന്ഥങ്ങളും മറ്റു ഭാഷാശാസ്ത്ര ഗ്രന്ഥങ്ങളും അന്ന് അറിയാതെ വായിച്ചുപോയ എനിക്കു മലയാള വ്യാകരണം പില്ക്കാലത്തു നല്ലൊരു മധുരപലഹാരമായി മാറുകയുണ്ടായി.'

## 2.
## വായിച്ചു വളർന്നു

**പ**തിനഞ്ചാം വയസ്സിലാണ് ഹൈസ്കൂൾ പഠനം പൂർത്തിയാക്കിയത്– 1941 മാർച്ചിൽ. അന്ന് എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായപ്പോഴേക്കും സുകുമാരൻ ലക്കു തെറ്റിയ ഗ്രന്ഥപ്രേമിയായി മാറിക്കഴിഞ്ഞിരുന്നു. വീട്ടിലെ അന്തരീക്ഷം മാത്രമായിരുന്നില്ല അതിന് സഹായിച്ചത്. സംസ്കൃതപഠനം അതിനൊരു മുഖ്യഹേതുവായിരുന്നു. പുതിയ അറിവ് അന്വേഷിക്കുന്നതിനും മനസ്സിലാക്കുന്നതിനും സംസ്കൃതപഠനം സഹായിച്ചു. ഇതിനു പുറമെയായിരുന്നു അച്ഛന്റെയും വല്യച്ഛന്റെയും 'കുടുംബസ്വത്താ'യിരുന്ന പുസ്തകങ്ങൾ സുകുമാരന് കിട്ടിയത്. അതല്ലാതെ വലിയ സ്വത്തൊന്നും കുടുംബത്തിൽ ഉണ്ടായിരുന്നുമില്ല.

അതേപ്പറ്റി സുകുമാർ അഴീക്കോട് ഇപ്രകാരം അനുസ്മരിച്ചിട്ടുണ്ട്. 'മലയാളത്തിലും സംസ്കൃതത്തിലും ഉള്ള അഞ്ഞൂറിൽപരം പുസ്തങ്ങളെ എനിക്കു കളിത്തോഴരായി സമ്മാനിച്ച ആ പൈതൃകത്തിന്റെ നിധി യാദൃച്ഛികമെന്നതിനെക്കാൾ ദിവ്യമാണെന്നു പറയുവാനേ എനിക്കു ധൈര്യം വരുന്നുള്ളൂ.'

ബാല്യകാലത്തെ പുസ്തകാനുഭവത്തെപ്പറ്റി 'വായനയുടെ സ്വർഗ്ഗ'ത്തിൽ സുകുമാർ അഴീക്കോട് വിവരിക്കുന്നുണ്ട്. 'ഗ്രന്ഥസംസ്കാരത്തിന്റെ സാന്ദ്ര സൗരഭ്യം കലർന്ന ആ അന്തരീക്ഷമാണ് എന്നെ ഒട്ടൊക്കെ ഗ്രന്ഥലോലുപനാക്കിയതെന്നു തോന്നുന്നു. എന്നാൽ, ആ പുസ്തകങ്ങൾ വായിച്ചുകൊള്ളണമെന്ന് അച്ഛൻ എന്നെ നിർബന്ധിച്ചിരുന്നെങ്കിൽ ഗ്രന്ഥവിരോധമല്ലേ എന്നിൽ ഉദയംകൊള്ളുമായിരുന്നത് എന്നു സംശയിക്കാൻ ഇപ്പോൾ ഭയം കലർന്നൊരു കൗതുകം എനിക്കു തോന്നാതെയില്ല. കുറെ പുസ്തകങ്ങൾ വീട്ടിൽ സംഭരിച്ചുവച്ചതിനല്ല,അവ മുറതെറ്റാതെ വായിച്ചുകൊള്ളണം എന്നു ശാസനാധികാരത്തിന്റെ ബലത്തോടെ നിർബന്ധിക്കാതിരുന്നതിനാണ് അച്ഛനെ കൂടുതൽ സ്തുതിക്കേണ്ടത്. വീട്ടിന്റെ സ്വാഭാവികമായ അന്തരീക്ഷമായിരുന്നു പുസ്തകങ്ങൾ. പുസ്തകവായന ചീത്തയാണെന്നുള്ള നിരോധബുദ്ധിയോ അതുവളരെ നല്ലതാകയാൽ വ്രതംപോലെ അനുഷ്ഠിക്കേണ്ടതാണെന്നുള്ള നിർബന്ധബുദ്ധിയോ കറ കലർത്താത്ത സ്വതന്ത്രമായ ഒരു ചുറ്റുപാടിൽ എന്റെ ഗ്രന്ഥോപനയനം നിർബാധം നടന്നു.

ആ ഗ്രാമീണഗൃഹത്തിലെ ആ ലൈബ്രറിയാണ് എന്റെ വിജ്ഞാനത്തിന്റെയും സംസ്കാരത്തിന്റെയും നിർമാണശാല. ആസ്തികനാണെങ്കിലും ഇന്നുവരെ ഒരു അമ്പലത്തിൽ പോലും തൊഴുതിട്ടില്ലാത്ത എനിക്ക് മനുഷ്യത്വത്തിന്റെയും ദിവ്യതയുടെയും ശോഭനങ്ങളായ വെളിപാടുകൾ ഉണ്ടാക്കിത്തന്ന ദേവാലയം അതായിരുന്നു. കോളജ് ലൈബ്രറിയിൽ നിന്നോ പബ്ലിക് ലൈബ്രറിയിൽ നിന്നോ പിൽക്കാലത്തു നേടാമായിരുന്ന പലതരം അറിവ് പതിനഞ്ചു വയസ്സാകുന്നതിനു മുമ്പ് അവിടെവച്ചു ഞാൻ നേടി. ചില വിഷയങ്ങളിൽ, വിശേഷിച്ച് സംസ്കൃതത്തിലും അതിലും വിശേഷിച്ച് മലയാളത്തിലും, അന്നു ഞാൻ ആർജിച്ച വിജ്ഞാനം വളരെക്കാലം കഴിഞ്ഞ് ആ രണ്ടു വിഷയത്തിൽ എം.എ.ബിരുദം എടുക്കുമ്പോൾ പോലും എനിക്ക് വളരെ പ്രയോജനകരമായി കാണപ്പെട്ടു. ഏറെക്കുറെ മദിരാശിയിൽ കൈവീശിച്ചെന്ന് മലയാളം എം.എ. പരീക്ഷക്കിരുന്ന് ഒന്നാമനായി പാസ്സാകാൻ കഴിഞ്ഞതു കൊച്ചുനാളിൽ വായിച്ചു തള്ളിയ കുറെ പൈതൃകഗ്രന്ഥങ്ങളുടെ അനുഗ്രഹശക്തി ഒന്നുകൊണ്ടാണെന്നു ഞാൻ വിശ്വസിക്കുന്നു.

കൗമാരത്തിന്റെ ശ്രദ്ധാതാല്പര്യങ്ങളെ ആകർഷിച്ചു വഴിപിഴപ്പിക്കുവാൻ കെല്പുറ്റ ആധുനിക പരിഷ്കാരത്തിന്റെ പ്രലോഭന വൈജയന്തിയായ സിനിമയോ മറ്റു വിനോദങ്ങളോ രാഷ്ട്രീയക്കളിയോ ഏറെ പരന്നിട്ടില്ലാത്ത അന്നത്തെ ചിറയ്ക്കൽ താലൂക്കിലെ അഴീക്കോട് എന്ന എന്റെ ജന്മഗ്രാമത്തിൽ വകതിരിവുള്ള ഒരു വിദ്യാർത്ഥിക്ക് അക്കാലത്തു രണ്ടു കൃത്യങ്ങളെ ചെയ്യാനുണ്ടായിരുന്നുള്ളൂ. വായിച്ചുറങ്ങുകയും വായിച്ചുറങ്ങാതിരിക്കുകയും. ഞാൻ വായിച്ചുറങ്ങാതിരുന്ന കൂട്ടത്തിൽ പെടുന്നു. കൂട്ടം എന്ന് ആ വിദ്യാർത്ഥി വർഗ്ഗത്തെപ്പറ്റി പറയാമോ? ഒരാൾ മാത്രമുള്ള ഒരു വിഭാഗം 'കൂട്ടം' ആവുകയില്ലല്ലോ. ഞാൻ വായിച്ചുറങ്ങാതിരുന്നത് എന്റെ മാഹാത്മ്യം കൊണ്ടാണെന്നല്ല പറഞ്ഞുകൊണ്ടുവരുന്നത്. മറ്റേ കൂട്ടം വായിച്ചുറങ്ങിപ്പോയത് അവരുടെ ജന്മദോഷവുമല്ല. അവർ ഉറങ്ങിപ്പോയത് ഉറങ്ങേണ്ടിവന്നതുമൂലമാണ്. കൺപോളകളില്ലാത്ത ദേവകളെപ്പോലും കണ്ണടച്ചുറക്കിക്കളയാൻ പോരുന്ന ചരിത്ര–ശാസ്ത്ര–ഗണിത– ഭാഷാപാഠ്യപുസ്തകങ്ങളും ക്ലാസ് നോട്ടുകളും ഗൃഹാഭ്യാസങ്ങളുമായി മണ്ണെണ്ണവിളക്കിനടുത്തിരുന്ന് യുദ്ധം വെട്ടിയ ഏതു കുഞ്ഞിനെയും സ്നേഹസ്വരൂപനായ ദൈവം അന്നു അനുഗ്രഹിച്ചു പോന്നത് ആ ദുർദൃശ്യങ്ങളെ അവന്റെ മുന്നിൽ നിന്നു തുടച്ചു നീക്കാൻ കഴിവുറ്റ ഉറക്കത്തിന്റെ തൂവാല അവനു കൊടുത്തിട്ടായിരുന്നു. പക്ഷേ, എനിക്കു പാഠ്യഗ്രന്ഥങ്ങളെ തോല്പിക്കാൻ ഈശ്വരന്റെ നിദ്രാനുഗ്രഹം വേണ്ടിവന്നില്ല. അച്ഛൻ തന്ന ആ പുസ്തകക്കൂട്ടം മതിയായിരുന്നു.

സ്കൂളിൽ പഠിക്കുമ്പോൾ അവിടെ നിന്നും പുസ്തകങ്ങൾ വായിച്ചു കാണും എന്ന് വിചാരിക്കാനിടയുണ്ട്. എന്നാൽ, എട്ടാംതരം വരെ പഠിച്ച അഴീക്കോട്ടെ എലിമെന്ററി സ്കൂളിലെ ലൈബ്രറിയിൽ നിന്ന് സുകുമാരൻ ഒരൊറ്റ പുസ്തകംപോലും വായിച്ചിട്ടില്ല. അവിടെ ഒരു ലൈബ്രറിയുള്ള കാര്യംപോലും അറിഞ്ഞിരുന്നില്ല. നമ്മുടെ സ്കൂളിലെ പുസ്തകവിതരണ സമ്പ്രദായം ഇന്നും അതേ അവസ്ഥയിൽ തന്നെയാണെന്നു പറഞ്ഞാൽ ഒട്ടും അതിശയോക്തിയാവില്ല.

ചിറയ്ക്കൽ സ്കൂളിൽ ചേർന്നപ്പോൾ അവിടത്തെ ലൈബ്രറി പ്രയോജനപ്പെടുത്താൻ സുകുമാറിന് അവസരം ലഭിച്ചു. അവിടെ ക്ലാസ് ടൈംടേബിളിൽ ലൈബ്രറി പീരിയഡ് ഉണ്ടായിരുന്നു. അന്നു വായിക്കാൻ കിട്ടിയിരുന്നത് ചെറിയ ഇംഗ്ലീഷ് കഥാപുസ്തകങ്ങളാണ്. ലൈബ്രറി പീരിയഡിൽ ഒരു കൊച്ചുപുസ്തകം വായിച്ചു കുറിപ്പെഴുതണം. അഴീക്കോടിന്റെ ഇംഗ്ലീഷ് വായനയുടെ അടിസ്ഥാനം ആ ലൈബ്രറി പീരിയഡായിരുന്നു. വില്യം ഗോൾഡ് സ്മിത്ത്, ഡാനിയേൽ ഡിഫോ, സ്റ്റീവൻസൺ, റസ്കിൻ എന്നിവരുടെ കഥകളുടെ സംക്ഷേപങ്ങൾ ആദ്യമായി വായിക്കാൻ അന്നാണ് അവസരം ലഭിച്ചത്. ഇംഗ്ലീഷ് ഭാഷയിലെ ഗ്രന്ഥങ്ങളുടെ ലോകത്തേക്ക് അതൊരു ചവിട്ടുപടിയായെന്നു പറയാം.'

അക്കാലത്തെപ്പറ്റി സുകുമാർ അഴീക്കോട് പറയുന്നു: 'കുട്ടികൾക്കു പറ്റിയ ഇംഗ്ലീഷ് കഥകൾ സ്കൂളിൽ നിന്നു വായിച്ചുരസിച്ച ഞാൻ, വീട്ടിലിരുന്ന് മാതൃഭാഷയിലെ പ്രൗഢവും അതിപ്രൗഢവും ആയ ഗദ്യപദ്യകൃതികൾ വായിക്കാൻ ശ്രമിച്ചുപോന്നു. ചെറുശ്ശേരി, എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ എന്നീ പ്രാചീനരുടെയും ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ ആധുനീകരുടെയും കൃതികൾ അന്നേ എന്നെ വശീകരിക്കുകയുണ്ടായി. മലയാള കവികളിൽ അനശ്വരരായ ഈ മഹാന്മാരുടെ വല്ല വരികളും എനിക്കിന്നു മൂളിച്ചൊല്ലാൻ അറിയാമെന്ന് അഭിമാനിക്കാമെങ്കിൽ ബാല്യത്തിലെ ആ അനധികൃത വായനയ്ക്കു നന്ദി ചൊല്ലിയേ പറ്റൂ. ഭാഗവതം, ദേവീഭാഗവതം, സ്കാന്ദപുരാണം മുതലായതും അക്കാലത്തു തന്നെ വായിച്ചു.'

സുകുമാരന്റെ അച്ഛൻ ഒരു വൈദ്യവിദ്വാൻ കൂടിയായിരുന്നു. അതിനാൽ വൈദ്യസംബന്ധമായ നല്ലൊരു ഗ്രന്ഥശേഖരവും അവിടെ ഉണ്ടായിരുന്നു. അഷ്ടാംഗസംഗ്രഹം, സഹസ്രയോഗം, ഭൈഷജ്യരത്നാവലി, യോഗാമൃതം മുതലായ വൈദ്യഗ്രന്ഥങ്ങൾ സുകുമാരൻ ചെറുപ്പത്തിൽ തന്നെ വായിച്ചു. ശരീരശാസ്ത്രജ്ഞാനത്തിനു അടിത്തറയായത് 'ആരോഗ്യവും ദീർഘായുസ്സും' എന്ന കൂറ്റൻ ഗ്രന്ഥമാണ്.

'കൊച്ചുകുട്ടികളുടെ ഭാവനാലോകത്തെ വികസിപ്പിക്കാൻ പറ്റിയ പുസ്തകങ്ങൾ ഞാൻ വിട്ടുകളഞ്ഞില്ല. അറബിക്കഥകളും വിക്രമാദിത്യൻ കഥകളും വളരെ ഇമ്പത്തോടെ വായിച്ച ഓർമ ഇന്നലത്തെപ്പോലെ മനസ്സിൽ കിടക്കുന്നു. പക്ഷേ, കുട്ടികൾ കഥാപ്രിയർ മാത്രമാണെന്നും മറ്റുള്ള കൃതികളെ അവർ വലിച്ചെറിയുമെന്നും സിദ്ധാന്തമുള്ളവരെ കുട്ടിയായിരുന്ന ഞാൻ അന്നത്തെപ്പോലെ ഇന്നും എതിർക്കും. ഇതിനു രസകരമായ ഒരു തെളിവു പറയാം. ഗുണ്ടർട്ടിന്റെ നിഘണ്ടുവിന്റെ ആദ്യത്തെ പതിപ്പ് കൈവശമുണ്ടായിരുന്ന വിരലിലെണ്ണാവുന്ന മലയാളികളിൽ ഒരാൾ അച്ഛനായിരുന്നു. അതു പൊക്കാൻ ശക്തിയില്ലാതിരുന്നിട്ടും ചെറുപ്പത്തിൽ അതെടുത്തു മടിയിലേറ്റി വെറുതെ വാക്കുകൾ നായാടിപ്പോകുന്നത് എനിക്ക് വിക്രമാദിത്യകഥകൾ വായിക്കുന്നത്രതന്നെ ഉല്ലാസപ്രദമായിരുന്നു. 'അമരം പാരമേശ്വരി'യും 'ശബ്ദതാരാവലി'യും ടോബിയാസ് സക്കറിയാസിന്റെ 'ഇംഗ്ലീഷ് – മലയാളം' നിഘണ്ടുവും എന്റെ കളിത്തോഴരായിരുന്നു എന്ന്, അടുത്ത കാലത്തു മാത്രം അമ്മാതിരി ചില പേരുകൾ കേട്ട, ആളുകൾ വിശ്വസിച്ചെന്നു വരില്ല. രാജരാജവർമയുടെ 'കേരളപാണിനീയം' ഒഴികെയുള്ള എല്ലാ ലഘുവ്യാകരണഗ്രന്ഥങ്ങളും മറ്റു ഭാഷാശാസ്ത്ര ഗ്രന്ഥങ്ങളും അന്ന് അറിയാതെ വായിച്ചുപോയ എനിക്കു മലയാള വ്യാകരണം പില്ക്കാലത്തു നല്ലൊരു മധുരപലഹാരമായി മാറുകയുണ്ടായി.'

എന്നാൽ, സുകുമാരൻ പുസ്തകങ്ങളെ മാത്രം ചുറ്റിപ്പറ്റി നടന്നൊരു കുട്ടിയാണെന്നു ധരിക്കേണ്ട. സാധാരണ കുട്ടികളിൽ നിന്നു വ്യത്യസ്തനായിരുന്നു എന്നുമാത്രം ധരിച്ചാൽ മതി. ആ വ്യത്യാസം കുറെ വലുതായിരുന്നുവെന്നു മാത്രം. എന്നാൽ, സാധാരണ കുട്ടികളെപ്പോലെ ബാല്യകാലത്ത് 'അർഹതപ്പെട്ട' കളിയും ചിരിയും സുകുമാരൻ നഷ്ടപ്പെടുത്തിയതുമില്ല. അതേപ്പറ്റി ജ്യേഷ്ഠൻ കെ.ടി.ഗോപാലകൃഷ്ണൻ പറയുന്നു: 'ഹൈസ്കൂളിൽ എത്തിയപ്പോൾ വൈകുന്നേരത്തെ കളി വീടിന്റെ മുറ്റത്തുനിന്നു തൊട്ടടുത്ത ഒരു പുറംപോക്കുസ്ഥലമായ കണ്ണിച്ചിപ്പാറയിലേക്കു മാറി. തലപ്പന്തി

# അഴീക്കോട് എന്ന വിചാരശില്പി



നും ഒളിച്ചുകളിക്കും പകരം കളി ഫുട്ബോൾ ആയി. പന്തു വാങ്ങാൻ പണം ഇല്ലാതിരുന്നതിനാൽ പഴയ കടലാസും തുണിയും മറ്റും വലിച്ചു കെട്ടിയാണ് പന്താക്കിയത്. ഇരുപതിലധികം കളിക്കാർ ദിവസേന ഉണ്ടായിരിക്കും. സുകുമാരൻ നല്ല ഫോർവേർഡും ഞാൻ ഉറച്ച ബാക്കും ആയിരുന്നു. കളി കഴിഞ്ഞാൽ അധികംപേരും വീട്ടിൽ വന്നാണ് വിശ്രമിക്കുക. കളിയെപ്പറ്റി വലിയ വാദവും തർക്കവും ചിലപ്പോൾ ഉന്തും തള്ളും തന്നെ നടന്നിരുന്നു.'

'കളിയെപ്പറ്റി പറയുമ്പോൾ ഓർമവന്ന ഒരു സംഗതികൂടി പറയാം. വീട്ടിന്റെ തെക്കുഭാഗത്ത് ഒരു വലിയ പേരമരം ഉണ്ടായിരുന്നു. അതിൽ കയറി പേരയ്ക്ക പറിച്ചുതിന്നാൻ സുകുമാരനും എനിക്കും വലിയ ഉത്സാഹമായിരുന്നു. അതിന്മേൽ ഒരു ഊഞ്ഞാൽ കെട്ടി ആടുകയും ചെയ്തിരുന്നു. ഒരിക്കൽ സുകുമാരൻ അതിന്മേൽ നിന്നു വീണു. താടി പൊട്ടി വളരെയധികം ചോര പോയതിനാൽ ആ വിനോദം നിരോധിക്കപ്പെട്ടു.'

'ചെറുപ്പത്തിൽതന്നെ ഞങ്ങൾ യോഗാഭ്യാസവും ശീലിച്ചിരുന്നു. അച്ഛനു പ്രധാനപ്പെട്ട ആസനങ്ങളെല്ലാം അറിയാമായിരുന്നു. ഒരു യോഗാഭ്യാസി കൂടിയായിരുന്ന പഴയ കോൺഗ്രസ് പ്രവർത്തകൻ പാമ്പൻ മാധവൻ വിദ്യാലയങ്ങളിൽ ചെന്ന് യോഗാഭ്യാസപ്രകടനം നടത്തി, അതിന്റെ ഗുണഗണങ്ങളെപ്പറ്റി പ്രസംഗിച്ചു. അതോടെ കുട്ടികളുടെ ഇടയിൽ യോഗാഭ്യാസം വളരെ പ്രചാരത്തിലുള്ളതായിത്തീർന്നു. സുകുമാരന് ഏതാസനവും നിഷ്പ്രയാസം വളരെ ഭംഗിയായി ചെയ്യാൻ കഴിഞ്ഞിരുന്നു.

അച്ഛൻ ബീഡി വലിക്കാരനായിരുന്നു. അക്കാലത്തു മുതിർന്നവർ ഒട്ടുമുക്കാലും പുകവലിച്ചിരുന്നു. ഞാനും സുകുമാരനും ആരും അറിയാതെ അമ്മയും മറ്റും അടുക്കളയിൽ ജോലി ചെയ്യുമ്പോൾ വീടിന്റെ തെക്കുവശത്തു ചെന്ന് ഒന്നുരണ്ടു തവണ ബീഡി വലിച്ചുനോക്കിയിട്ടുണ്ട്. അതിന്റെ ചീത്ത മണവും കണ്ണിലും മൂക്കിലും മറ്റും കയറുന്ന പുകയും കാരണം ഞങ്ങൾക്ക് അത് തീരെ ഇഷ്ടപ്പെട്ടില്ല. പിന്നീട് ഞങ്ങൾ അതു തൊട്ടിട്ടില്ല. മദ്യവും തൊട്ടിട്ടേയില്ല. അന്നും ഇന്നും.'

സുകുമാരന് അച്ഛൻ ഒരു വലിയ പ്രചോദനസ്രോതസ്സായിരുന്നു. പുസ്തകങ്ങൾ വായിച്ചുതുടങ്ങുംമുമ്പുതന്നെ മലയാള സാഹിത്യത്തെപ്പറ്റിയും ഭാഷയെപ്പറ്റിയും അദ്ദേഹം അറിഞ്ഞത് അച്ഛനിൽനിന്നാണ്. അവയെപ്പറ്റിയെല്ലാം അച്ഛൻ എഴുതിവച്ചിട്ടുള്ള നോട്ടുബുക്കുകൾ ഉണ്ടായിരുന്നു. ലീലാതിലകം, ഉണ്ണുനീലിസന്ദേശം എന്നീ പേരുകൾ ആദ്യം കേൾക്കുന്നതും ആ കുറിപ്പുകളിൽനിന്നായിരുന്നു. ചെറുപ്പത്തിൽ സംസ്കൃതപഠനത്തിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിച്ചതിനാൽ മലയാളത്തെപ്പറ്റി അറിയാൻ അവസരം ഒരുക്കിയത് അച്ഛന്റെ നോട്ട്ബുക്കുകളാണ്.

'സംസ്കൃത സാഹിത്യമീമാംസകരായ ദണ്ഡി, മമ്മടൻ, ആനന്ദവർദ്ധനൻ, ജഗന്നാഥപണ്ഡിതരാജൻ എന്നിവരുടെ കാവ്യനിർവ്വചനങ്ങളും മറ്റും ഒരു ബാലവിദ്യാർത്ഥി ആയിരിക്കുമ്പോൾതന്നെ മനഃപാഠമാക്കാൻ സഹായിച്ച ആ നോട്ട്ബുക്കുകൾ എനിക്കു അവിസ്മരണീയമായ ഒരു നിധിയാണ്. ഇന്നും അവ ഞാൻ സൂക്ഷിച്ചുപോരുന്നുണ്ട്.'

അക്കാലത്തു മലയാളത്തിൽ ഇറങ്ങിയിരുന്ന എല്ലാ ആനുകാലിക പ്രസിദ്ധീകരണങ്ങളും അച്ഛൻ വീട്ടിൽ വാങ്ങിച്ചു സൂക്ഷിച്ചിരുന്നു. മലയാള സാഹിത്യത്തെപ്പറ്റി കൂടുതൽ അറിയാൻ അവ ഉപകരിച്ചു. കണ്ടത്തിൽ വർഗീസു മാപ്പിളയുടെ നേതൃത്വത്തിൽ 'മലയാള മനോരമ' പ്രസിദ്ധപ്പെടുത്തിയ 'ഭാഷാപോഷിണി', കോഴിക്കോട്ടു നിന്നു പ്രസിദ്ധീകരിച്ച 'മാതൃഭൂമി' ആഴ്ചപ്പതിപ്പ് എന്നിവയാണ് അവയിൽ പ്രധാനം. കോട്ടയ്ക്കൽ നിന്നും പ്രസിദ്ധീകരിച്ചിരുന്ന 'ധന്വന്തരി' മാസികയും മറക്കാൻ പറ്റില്ല. സുകുമാരനെ മലയാളസാഹിത്യത്തിലെ പുതിയ സരണികളിലേക്കും ശാസ്ത്രവിജ്ഞാനങ്ങളിലേക്കും ആനയിച്ചത് ഈ പ്രസിദ്ധീകരണങ്ങളായിരുന്നു. 'അച്ഛന്റെ സാമ്പാദ്യത്തിൽ 'ഭാഷാപോഷിണി'യുടെ പഴയ ലക്കങ്ങളുടെ ശേഖരമുണ്ടായിരുന്നു. അവ ഒരക്ഷരം വിടാതെ വായിച്ചു. അവയിലുള്ള ഉപന്യാസങ്ങളുടെ റഫറൻസിനുവേണ്ടി അകാരാദിയിലുള്ള ഒരു ഇൻഡക്സ്പോലും അന്നു തയ്യാറാക്കിയിരുന്നു.'

'ഭാഷാപോഷിണി'യിലൂടെ സാഹിത്യത്തിലെ പല പുതിയ പ്രസ്ഥാനങ്ങളെയും മലയാളികൾക്കു പരിചയപ്പെടുത്തിക്കൊടുത്തിരുന്നതായി പില്ക്കാലത്ത് സുകുമാർ അഴീക്കോട് രേഖപ്പെടുത്തിയിട്ടുണ്ട്– മലയാള സാഹിത്യവിമർശനം എന്ന ഗ്രന്ഥത്തിൽ. അതിൽ ഇപ്രകാരമാണ് പറഞ്ഞിട്ടുള്ളത്: 'ഇത്ര ദീർഘകാലം ഇത്ര നന്നായി ഇത്രയേറെ എഴുത്തുകാർ സഹകരിച്ചു നടത്തിയ മറ്റൊരു പത്രം മലയാളഭാഷയിൽ അക്കാലത്തുണ്ടായിരുന്നില്ല. കേരളവർമ, രാജരാജവർമ, ഉള്ളൂർ, മൂർക്കോത്തു കുമാരൻ, പി.കെ.നാരായണപിള്ള, കുഞ്ഞിക്കുട്ടൻതമ്പുരാൻ, സുബ്രഹ്മണ്യൻ പോറ്റി, ഒ.എം.ചെറിയാൻ എന്നീ ഒന്നാം കിടക്കാർ മാത്രമല്ല, പല പുതുമുഖങ്ങളും അതിൽ പ്രത്യക്ഷപ്പെട്ടുപോന്നു.'

അഴീക്കോടിന്റെ ഗ്രന്ഥശേഖരത്തിൽ 'ഭാഷാപോഷിണി'യുടെ പഴയ ലക്കങ്ങൾ ഇന്നും സൂക്ഷിച്ചിരിപ്പുണ്ട്.

സുകുമാരൻ പത്താം ക്ലാസിൽ പഠിക്കുമ്പോൾ ചിറയ്ക്കൽ കോവിലകത്തെ വലിയതമ്പുരാനായിരുന്ന രാമവർമ രാജാവ്, കുട്ടമത്ത് കുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പ് എന്ന കവിക്ക് മഹാകവിപ്പട്ടം നൽകുന്ന ചടങ്ങ് സ്കൂൾ അങ്കണത്തിൽ വച്ചു നടക്കുകയുണ്ടായി. വടക്കേ മലബാറുകാരനായ കുട്ടമത്തിനെ പലരും 'കുട്ടമത്തമ്മാമൻ' എന്നാണ് സ്നേഹപൂർവ്വം

അഴീക്കോടിന്റെ ഉപനിഷത്ത് പഠനത്തിന് അടിസ്ഥാനമായ ഒരു വലിയ–ചെറിയ ഗ്രന്ഥം പ്രൊഫ.ടി.എം.പി.മഹാദേവന്റെ ഇംഗ്ലീഷ് വിവർത്തനം കൂടിയുള്ള ഉപനിഷത് സമാഹാരമാണ്. ഈ പുസ്തകത്തിന്റെ അവതാരിക പ്രൊഫ.ഹിരിയണ്ണയുടെതായിരുന്നു. മദ്രാസിൽ ജി.എ.നടേശൻ പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന് ഒരു രൂപ നാലണയായിരുന്നു വില. നാനൂറു പേജുള്ള പുസ്തകം. 'ഞാൻ ആദ്യം പണം മുടക്കി വാങ്ങിയ ഗ്രന്ഥം ഇരുപതാം വയസ്സിൽ, ഉപനിഷത്ത് സമാഹാരങ്ങളുടെ കൂട്ടത്തിൽ ഇത്ര മികച്ച ഒരു ഗ്രന്ഥം ഞാൻ കണ്ടിട്ടില്ല. ഓർമ പുതുക്കാൻ ഇപ്പോഴും ഇടയ്ക്കിടെ അതു വായിക്കുന്നു. ആ പുസ്തകം ഞാനിപ്പോഴും സൂക്ഷിക്കുന്നുണ്ട്. 'മഹാദേവന്റെ ഉപനിഷത് പഠനത്തെപ്പറ്റി അഴീക്കോട് അനുസ്മരിക്കുന്നു.'

വിളിച്ചിരുന്നത്. ഇത് സഞ്ജയൻ പ്രചരിപ്പിച്ച പേരാണ്.

കുട്ടമത്തിന് മഹാകവിപ്പട്ടം നൽകിയപ്പോൾ സുകുമാരനും ഒരു ആഗ്രഹം തോന്നി. 'എനിക്കും കുട്ടമത്തമ്മാമനെപ്പോലെ ആകണം. അന്ന് അങ്ങനെ തോന്നാൻ കാരണമുണ്ട്. ഞങ്ങളുടെ കുഗ്രാമവാസത്തിനിടയിൽ അത്തരം ദുഃഖം മറക്കാൻ ഞങ്ങളെ സഹായിച്ച സാഹിത്യരംഗത്ത് ഞങ്ങൾക്ക് ആശ്രയം കുട്ടമത്തായിരുന്നു.'

വടക്കേ മലബാറുകാരനാണെങ്കിലും സുകുമാർ അഴീക്കോട് മഹാകവി കുട്ടമത്തിനെപ്പറ്റി അറിഞ്ഞുതുടങ്ങിയത് തിരുവിതാംകൂറിൽ നിന്നു പ്രസിദ്ധീകരിച്ച 'ഭാഷാപോഷിണി'യിൽ കൂടിയാണ്. 1098 മീനം ലക്കത്തിൽ കുട്ടമത്തിന്റെ 'മുച്ചിലോട്ട് ഭഗവതി' എന്ന കിളിപ്പാട്ടിനെപ്പറ്റി ഒരു പുസ്തകാഭിപ്രായം വന്നിരുന്നു. അങ്ങനെ അദ്ദേഹമൊരു ഗ്രന്ഥകർത്താവാണെന്നറിയുന്നത് ഭാഷാപോഷിണിയിൽ കൂടിയാണ്. കുട്ടമത്തിന്റെ ആദ്യകവിത വായിച്ചതും ഭാഷാപോഷിണിയിൽ നിന്നാണ്. 1098 ചിങ്ങം ലക്കത്തിൽ കുട്ടമത്തിന്റെ 'ഈശ്വരപ്രാർത്ഥന' എന്ന കവിതയായിരുന്നു ആദ്യത്തെ ഇനമായി ചേർത്തിരുന്നത്. ആ ലക്കം ഭാഷാപോഷിണിയിൽ വള്ളത്തോളും സഞ്ജയനുമായിരുന്നു കവിത എഴുതിയ മറ്റുള്ളവരെന്നും അഴീക്കോട് സ്മരിക്കുന്നു. 1935ൽ കുട്ടമത്ത് എഴുതിയ 'ചില വെള്ളച്ചാട്ടങ്ങൾ' എന്ന കവിതയാണ് അഴീക്കോടിനെ ഏറെ ആകർഷിച്ചിട്ടുള്ളത്.

കുട്ടമത്ത് ഇന്ന് ഏറെക്കുറെ വിസ്മൃതനാണെങ്കിലും ആ കവിയുടെ കാവ്യശൈലിയെപ്പറ്റി ചോദിച്ചാൽ സുകുമാർ അഴീക്കോടിന് ഇന്നു പറയാൻ കഴിയുന്നത് ആ കവിയുമായി ഭാഷാപോഷിണിയിലൂടെ സ്ഥാപിച്ച ബന്ധമാണ്. പുതിയ തലമുറക്കാർ കാണുകപോലും ചെയ്യാത്ത കൃതികളെപ്പറ്റിയുള്ള സുകുമാർ അഴീക്കോടിന്റെ പരിജ്ഞാനത്തെപ്പറ്റി ഒരിക്കൽ എൻ.കെ.ദാമോദരൻ സൂചിപ്പിക്കുകയുണ്ടായി. ഈ പരിജ്ഞാനം പഴയ സാഹിത്യപ്രസിദ്ധീകരണങ്ങളുടെ പാരായണത്തിൽ നിന്നുണ്ടായതാണെന്നു നിസ്സംശയം പറയാൻ കഴിയും.

'തത്ത്വമസി'യുടെ കർത്താവായ സുകുമാർ അഴീക്കോട് ഉപനിഷത്തുക്കളെപ്പറ്റി വായിച്ചറിഞ്ഞതും ഭാഷാപോഷിണിയിൽ നിന്നാണ്. അക്കാര്യം തത്ത്വമസിയുടെ ആമുഖത്തിൽതന്നെ പറഞ്ഞിട്ടുണ്ടല്ലോ.

'വൈയാകരണനെന്ന നിലയിൽ പ്രശസ്തനായ ശേഷഗിരിപ്രഭു വേദോപനിഷത്തുക്കളെപ്പറ്റി ഭാഷാപോഷിണിയിൽ എഴുതിയ വിജ്ഞാനസാന്ദ്രമായ ഉപന്യാസങ്ങൾ ഞാൻ വീണ്ടും വീണ്ടും വായിച്ചു. രസിച്ചുതന്നെ വായിച്ചു. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയെ 'ഉഷതരണ വിശ്വവിദ്യാലയം' എന്നും മാക്സ് മുള്ളറെ 'മോക്ഷമൂല്യർ' എന്നും മറ്റും പാണ്ഡിത്യമസൃണമായ നിലയിൽ ഭാഷാന്തരീകരിച്ചുകൊണ്ടുള്ള ആ ഉപന്യാസങ്ങളിൽ നിന്നാണ് ഉപനിഷത്ത് പഠനത്തിന്റെ വിശ്വപരിധികൾ എനിക്കു അല്പമൊക്കെ മനസ്സിലാക്കാൻ കഴിഞ്ഞത്. കീത്തിനെയും ബ്ലും ഫീൽഡിനെയും മറ്റും പിന്നീടു വായിച്ചപ്പോഴൊക്കെ അവരോടുള്ള ആഭിമുഖ്യം എന്നിൽ അങ്കുരിപ്പിച്ച പ്രഭുവിനെ ഞാൻ കൃതജ്ഞതയോടെ ഓർത്തുപോന്നിട്ടുണ്ട്. പി. അനന്തൻപിള്ളയുടെ കഠോപനിഷൽ തർജ്ജമ ഭാഷാപോഷിണി പ്രസിദ്ധീകരിച്ചിരുന്നു. ഉപനിഷത്തുകൾ പേഴ്സ്യൻ ഭാഷയിൽ വിവർത്തനം ചെയ്യുവാൻ നേതൃത്വം നൽകിയ മഹാശയനായ ദാരയെക്കുറിച്ച് ഭാവനാത്മകമായി രചിക്കപ്പെട്ട ഒരു പ്രബന്ധത്തിന്റെ വിവർത്തനവും അക്കാലത്ത് ഞാൻ ഭാഷാപോഷിണിയിൽ വായിക്കുകയുണ്ടായി. 'ഏകമേവാദ്വിതീയം ബ്രഹ്മ' എന്നായിരുന്നു തലക്കെട്ട്. 'ദാരാശിക്കോവിന്റെയും പുത്രി ദിലാരയുടെയും സംഭാഷണം' എന്ന് ഉപശീർഷകം. എന്റെ ഇളയ മനസ്സിൽ ആദ്യമായി മുഴങ്ങിയ മഹനീയമായ ഒരു ഉപനിഷദ് വചനമത്രെ 'ഏകമേവാദ്വിതീയം ബ്രഹ്മ'. അന്ന് അത് എന്നിലുണർത്തിയ ഉൾപ്പുളകം ഇന്നും എന്നിലുയർത്താൻ ആ വചനത്തിനുള്ള ശക്തിയോ എന്റെ ശക്തിയോ നശിച്ചിട്ടില്ല. ഭാരതീയ തത്ത്വചിന്തയെ പാശ്ചാത്യദേശത്തിന് എത്തിച്ചുകൊടുക്കാൻ ഒന്നാമത്തെ പാലം പണിത ദാര രാജകുമാരന് ദിലാര എന്ന മകളുണ്ടായിരുന്നുവെന്നും മറ്റും എനിക്കു ആദ്യമായി ഗ്രഹിക്കാൻ കഴിഞ്ഞത് ഈ പ്രബന്ധം വായിച്ചിട്ടാണ്.'

അഴീക്കോടിന്റെ ഉപനിഷത്ത് പഠനത്തിന് അടിസ്ഥാനമായ ഒരു വലിയ–ചെറിയ ഗ്രന്ഥം പ്രൊഫ.ടി.എം.പി.മഹാദേവന്റെ ഇംഗ്ലീഷ് വിവർത്തനം കൂടിയുള്ള ഉപനിഷത് സമാഹാരമാണ്. ഈ പുസ്തകത്തിന്റെ അവതാരിക പ്രൊഫ.ഹിരിയണ്ണയുടെതായിരുന്നു. മദ്രാസിൽ ജി.എ.നടേശൻ പ്രസിദ്ധീകരിച്ച ഈ പുസ്തകത്തിന് ഒരു രൂപ നാലണയായിരുന്നു വില. നാനൂറു പേജുള്ള പുസ്തകം. 'ഞാൻ ആദ്യം പണം മുടക്കി വാങ്ങിയ ഗ്രന്ഥം ഇരുപതാം വയസ്സിൽ, ഉപനിഷത്ത് സമാഹാരങ്ങളുടെ കൂട്ടത്തിൽ ഇത്ര മികച്ച ഒരു ഗ്രന്ഥം ഞാൻ കണ്ടിട്ടില്ല. ഓർമ പുതുക്കാൻ ഇപ്പോഴും ഇടയ്ക്കിടെ അതു വായിക്കുന്നു. ആ പുസ്തകം ഞാനിപ്പോഴും സൂക്ഷിക്കുന്നുണ്ട്. 'മഹാദേവന്റെ ഉപനിഷത് പഠനത്തെപ്പറ്റി അഴീക്കോട് അനുസ്മരിക്കുന്നു.'

# ലൂക്കോസിന്റെ ചിരി

സുരേഷ് വർമ്മ

ലൂക്കോസിന്റെ ചിരി പൂവള്ളികൾ പടർത്തിയ ഒരു ഗോപുരവാതിൽ പോലെയാണ്.

ആ നിറപുഞ്ചിരിയിലൂടെ അയാൾ നമ്മുടെ ഹൃദയത്തിലേക്ക് നടന്നു കയറും.

ഗേറ്റിനുള്ളിൽ കടന്നതും അവൻ ഓടി വന്ന് കാറിന്റെ പിൻവാതിൽ തുറന്നു വച്ച് മൃദുവായി ചിരിച്ചു.

ബാഗുകൾ എല്ലാം ബെഡ്റൂമിൽ കൊണ്ടുവച്ചു.

സുദീർഘമായ യാത്രയുടെ ക്ഷീണം.

വാഷിംഗ്ടണിൽ നിന്നും ഫ്ലൈറ്റ് പുറപ്പെടാൻ ആറുമണിക്കൂർ

വൈകിയിരുന്നു. യുദ്ധക്കൊതിയന്മാർ സന്തോഷിക്കുന്നുണ്ടാകും. ജനം വലയുമ്പോഴാണല്ലോ കലാപങ്ങൾ കരുത്താർജ്ജിക്കുന്നത്!

താൻ ഇപ്പോൾ ഭൂമിയുടെ അച്ചുതണ്ട് ആണെന്നും ഭൂമി തനിക്കുചുറ്റും വേഗത്തിൽ അപ്രദക്ഷിണം ചെയ്യുന്നതായും അയാൾക്ക് തോന്നി.

ഒന്ന് വിശ്രമിക്കണം. നന്നായി കുളിച്ച് മുഖമറയിട്ട് അയാൾ മെല്ലെ അച്ഛന്റെ മുറിയിലേക്ക് കടന്നു. ചെന്നു. ഒരു നേർത്ത പുഞ്ചിരി പ്രകാശിക്കുന്നുണ്ട്. അച്ഛൻ നന്നേ മെലിഞ്ഞിരിക്കുന്നു.

മൂന്നു വർഷം മുമ്പ് കാണുമ്പോൾ അച്ഛന് ഈ രൂപമായിരുന്നില്ല.

എന്തൊരു പ്രസരിപ്പായിരുന്നു. എന്തൊരു തേജസ്സ് ആയിരുന്നു.

മൂന്നു വലിയ ക്ഷേത്രങ്ങളുടെ മുഖ്യ തന്ത്രികൾ ആയിരുന്ന പ്രൊഫ. ബ്രഹ്മദത്തൻ ഭട്ടതിരിപ്പാട്. വിശാലമായ നെറ്റിയിൽ ചന്ദനപ്പൊട്ട്. സ്വർണ്ണം കെട്ടിയ തുളസിമണിമാല . കറുപ്പും വെളുപ്പും ഇടകലർന്ന ഇടതൂർന്ന മുടി. കത്രിച്ചു നിർത്തിയ സമൃദ്ധമായ താടി. ശബ്ദഗാംഭീര്യം.

അക്ഷരശ്ലോകം ആയിരുന്നു അച്ഛന്റെ ഒരു ദൗർബല്യം.

കേരളത്തിലങ്ങോളമിങ്ങോളം സ്വന്തം ചിലവിൽ യാത്ര ചെയ്തു അക്ഷരശ്ലോകസദസ്സുകളിൽ പങ്കെടുക്കുമായിരുന്നു. അതിനുവേണ്ടി ഏതു പ്രതിഷ്ഠാകർമ്മവും അദ്ദേഹം മാറ്റിവയ്ക്കുമായിരുന്നു. അച്ഛനോട് സംസാരിക്കുമ്പോൾ വളരെ സൂക്ഷിക്കണം.

സാധാരണ സംഭാഷണങ്ങളിൽ തന്നെ അച്ഛൻ തിരുത്തലുകൾ പറഞ്ഞു കൊണ്ടിരിക്കും. ഉണ്ണീ, ഘനം എന്ന് പറയൂ,

ഖനം അല്ല. ക്ഷണനം എന്നാൽ ഗളച്ഛേദം ആണ്. ക്ഷണം എന്ന് പറയണം ഓർക്കുമ്പോൾ ചിരി പൊടിയുന്നു. അമേരിക്കയിൽ ഇംഗ്ലീഷ് എങ്ങനെയും പറയാം. വ്യാകരണമോ ഉച്ചാരണമോ പ്രശ്നമല്ല. കാര്യം മനസ്സിലായാൽ മതി.

അച്ഛന്റെ ദേഷ്യം ഒരിക്കലും കണ്ടിട്ടില്ല. ആ മുഖപ്രസാദം തെല്ലു മങ്ങിയിട്ടുണ്ട്. ഇപ്പോൾ സുഖ നിദ്രയിലാണ്.

പാതിയടഞ്ഞ കണ്ണുകൾക്കുള്ളിൽ കൃഷ്ണമണികൾ മെല്ലെ ഇളകുന്നുണ്ടോ?

അച്ഛൻ മരണദേവനെ ആവാഹിച്ചു വരുത്താൻ ശ്രമിക്കയാണോ?

ലൂക്കോസ് പറയുന്നു: തിരുമേനി ബ്രേക്ക്ഫാസ്റ്റ് കഴിഞ്ഞാൽ രണ്ടു മണിക്കൂർ സുഖമായി ഉറങ്ങും

ഇപ്പോൾ വിളിച്ചുണർത്താം, സാർ വേണ്ട.

ബെഡ് റൂമിൽ പോയി കിടക്കയിലേക്ക് വീണത് ഓർമ്മയുണ്ട്.

ഉണരുമ്പോൾ ത്രിസന്ധ്യ ആയിരുന്നു. അച്ഛന്റെ മുറിയിലെത്തുമ്പോൾ ആ തളർന്നുപോയ ഇടംകയ്യും ഇടത്തെ കാലും തലയണയിൽ ഉയർത്തി വെച്ചിട്ടുണ്ട്. കണ്ണടച്ച് കട്ടിലിൽ ചാരിയിരിക്കുന്ന അച്ഛന്റെ വലതു കൈവിരലുകൾ

തുടർച്ചയായി പതിയെ അനങ്ങുന്നുണ്ട്. മനസ്സുകൊണ്ട് സന്ധ്യാവന്ദനം ചെയ്യുകയാകാം. അല്ലെങ്കിൽ മനം കൊണ്ട് പഞ്ചാക്ഷരി. ഒപ്പം ശ്രീ കൈലാസം മുതൽ കന്യാകുമാരി വരെ മനോയാനം നടത്തുന്നുണ്ടാകണം.

പൊടുന്നനെ ആ നനഞ്ഞ ചാരക്കണ്ണുകൾ വിടർന്നു.

വരണ്ട ചുണ്ടുകളിൽ

കോടിപ്പോയ ഒരു പഴുതാരച്ചിരി പാറി വീണു. നിർജ്ജീവമായ ശബ്ദത്തിൽ അച്ഛൻ എന്തൊക്കെയോ സംസാരിച്ചു.

ഴ ഴ ഴ എന്നല്ലാതെ ഒന്നും മനസ്സിലായില്ല .സങ്കടം തോന്നി.

ഉടൻതന്നെ ലൂക്കോസ് വിശദീകരിച്ചു. നീ എപ്പോൾ വന്നു? സുചിത്രയ്ക്കും കുട്ടികൾക്കും സുഖമല്ലേ എന്നാണ് അച്ഛൻ ചോദിക്കുന്നത്.

വിശ്വസിക്കാൻ കഴിയുന്നില്ല..

അച്ഛന്റെ വികലമായ ശബ്ദവിന്യാസങ്ങളെ കൃത്യമായും മനസ്സിലാക്കി ശുദ്ധീകരിച്ചു പരിഭാഷപ്പെടുത്തുന്നു അവൻ. അത് മാത്രമല്ല ലൂക്കോസിന്റെ സിദ്ധി.

നേരിയ ചലനങ്ങളിൽ നിന്ന് പോലും അവൻ അച്ഛന്റെ ആവശ്യങ്ങൾ മനസ്സിലാക്കുന്നു.

അച്ഛൻ തീരെ കിടപ്പായിട്ട് ഏതാണ്ട് ഒരു വർഷം ആകുന്നു. കറുകറുത്ത തുലാവർഷ രാവിൽ മിന്നൽ പിണർപോലെ ഒരു സ്ട്രോക്ക്.

ആശുപത്രിയിൽ നിന്നു വന്നശേഷം ലൂക്കോസാണ് എല്ലാമെല്ലാം.

എപ്പോൾ വിളിച്ചു ചോദിച്ചാലും അച്ഛൻ സുഖമായിരിക്കുന്നു. സ്റ്റേബിൾ ആണ്. എന്നാണ് അവൻ പറയാറ്.

അടുത്ത കാലത്ത് മലയാളം ചാനലുകളിൽ കണ്ട ചില ദൃശ്യങ്ങളാണ് പെട്ടെന്ന് നാട്ടിലേക്ക് വരാൻ പ്രേരിപ്പിച്ചത് ഒരു ഹോം നഴ്സ് പ്രതാപകാലത്ത് വലിയ ഉദ്യോഗം ഭരിച്ചിരുന്ന ഒരു വൃദ്ധ രോഗിയുടെ വലം കാൽ തല്ലിയൊടിച്ച് അയാളെ വെറും തറയിലൂടെ വലിച്ചിഴക്കുന്ന കാഴ്ച. വൃദ്ധൻ അലമുറയിട്ടു കരയുന്നു.

പൂവാഴി ഇല്ലത്ത് സിസിടിവി സംവിധാനങ്ങളുണ്ട്. വാഷ് റൂമിലും അടുക്കളയിലും ഒഴികെ.

ലൂക്കോസിന്റെ നീക്കങ്ങൾ ഒക്കെ എന്നും കാണാം. എങ്കിലും അയാൾ അച്ഛനോട് എങ്ങനെയാണ് പെരുമാറുന്നത് എന്നും എന്താണ് സംസാരിക്കുന്നത് എന്നും അറിയില്ലല്ലോ.

കുറച്ചുനേരം അച്ഛന്റെ കരം ഗ്രഹിച്ച് വെറുതെയിരുന്നു.

സുചിത്രയെ വിളിച്ചു പറഞ്ഞു. ഞാൻ കുറച്ചു ദിവസം കഴിഞ്ഞേ വരൂ. അവൾ ശരിക്കും ബുദ്ധിമുട്ടും.

മകൾ ദന്ത ഡോക്ടറായി പ്രാക്ടീസ് തുടങ്ങിയത് കഴിഞ്ഞ മാസമാണ്.

മകൻ ഈ വർഷം ഏറോനോട്ടിക്കൽ എഞ്ചിനീയറിംഗ് പൂർത്തിയാക്കും.

മികച്ച ആർക്കിടെക്റ്റ് എന്ന് പേരുണ്ടായിരുന്നപ്പോൾ തന്നെ അഞ്ചുകൊല്ലം മുമ്പ് ജോലി ഉപേക്ഷിച്ചതാണ്. അതിന് കാരണമുണ്ടായിരുന്നു.

വീട്ടുജോലിക്ക് ഒരാളെ നിർത്താൻ ചെലവ് കൂടിക്കൂടി വന്നു. മാത്രമല്ല

*താൻ ഇപ്പോൾ ഭൂമിയുടെ അച്ചുതണ്ട് ആണെന്നും ഭൂമി തനിക്കുചുറ്റും വേഗത്തിൽ അപ്രദക്ഷിണം ചെയ്യുന്നതായും അയാൾക്ക് തോന്നി.*

*ഒന്ന് വിശ്രമിക്കണം. നന്നായി കുളിച്ച് മുഖമറയിട്ട് അയാൾ മെല്ലെ അച്ഛന്റെ മുറിയിലേക്ക് കടന്നു. ചെന്നു.*

*ഒരു നേർത്ത പുഞ്ചിരി പ്രകാശിക്കുന്നുണ്ട്. അച്ഛൻ നന്നേ മെലിഞ്ഞിരിക്കുന്നു.*

ഒന്നും ശരിയാവുന്നില്ല. ആരെങ്കിലും ഒരാൾ വീട്ടിൽ ഉണ്ടായേ തീരൂ.

അങ്ങനെയാണ് ജോലി ഉപേക്ഷിച്ച് വീട്ടച്ഛനായത്. പാർട്ട് ടൈമായി കുറച്ചു ഓൺലൈൻ കൺസൾട്ടിംഗ് മാത്രം.

രാവിലെ എട്ടുമണിയോടെ അവൻ ചോദിച്ചു.

സർ ബ്രേക്ക്ഫാസ്റ്റിന് എന്തുവേണം?

ഞാൻ ഓർഡർ ചെയ്തിട്ടുണ്ട്

വേണ്ടിയിരുന്നില്ല സാർ. ലഞ്ച് നമുക്കിവിടെ തന്നെയാകാം.

ശരി.

ഉച്ചക്ക് തീൻ മേശയ്ക്കു മുന്നിലെത്തുമ്പോൾ ഇല്ലത്തെ പഴയ അടുക്കള മണം.

സാമ്പാർ, കൈപ്പക്ക വറുത്തത്, ഓലൻ, ചേനയും അച്ചിങ്ങയും കൊണ്ട് മെഴുക്കുപുരട്ടി, ചുട്ട പപ്പടം.

നീ ഇതൊക്കെ എങ്ങനെ പഠിച്ചു?

അതിശയത്തോടെ ആരാഞ്ഞു.

റസിപ്പി ഒക്കെ തിരുമേനി പറഞ്ഞു തന്നിട്ടുള്ളതാണ്.

രാത്രി തിരുമേനിക്ക് ഉറക്കം തീരെ കുറവാണ്. കൃത്യം 7 മണിക്ക് ഞവരക്കഞ്ഞിയും കനലിൽ പൊള്ളിയ പപ്പടവും എരിവില്ലാത്ത നെല്ലിക്ക ഉപ്പിലിട്ടതും വേണം.

ഭേഷായി കഴിക്കും. പിന്നെ സുഖായിട്ട് ഉറങ്ങായി.

അവൻ അച്ഛന്റെ മനസ്സു മാത്രമല്ല സംസാര ഭാഷയും ഒട്ടൊക്കെ കവർന്നെടുത്തിരിക്കുന്നു.

ഈ ഉറക്കസമയത്തെ ഇടവേളകളിലാണ് അവൻ തൊടിയിൽ പച്ചക്കറി കൃഷി നടത്തുന്നത്. അങ്ങിങ്ങ് തുളസിച്ചെടികളും ഉണ്ട്. പറമ്പും വൃത്തിയായി സൂക്ഷിച്ചിട്ടുണ്ട്. പടിപ്പുര കടന്നാൽ ഇരുവശങ്ങളിലായി രണ്ടു ഗൗളീഗാത്ര തെങ്ങുകൾ നട്ടു നിർത്തിയിരിക്കുന്നു.

അച്ഛന്റെ മാത്രമല്ല, ഈ വലിയ വീടിന്റെയും പറമ്പിന്റെയും ജീവൻ കാത്തു സൂക്ഷിക്കുന്നതും ഇവൻ തന്നെ.

ഈ മകൻ ചെയ്യേണ്ട കടമകൾ ലൂ......ക്കോസ്സ് കൂടുതൽ ആത്മാർഥതയോടെ ചെയ്യുന്നു എന്നതാണ് സത്യം.

അച്ഛന്റെ രോഗവിവരങ്ങൾ അറിഞ്ഞപ്പോൾ മുംബൈയിലുള്ള രാകേഷ് എന്ന സുഹൃത്താണ് ലൂക്കോസിനെ സമ്മാനിച്ചത്. അന്ന് നാട്ടിൽ രാകേഷിന്റെ അമ്മയുടെ മരണശേഷം ലൂക്കോസ്സിന്റെ ജീവിതം വഴിമുട്ടി നില്ക്കയായിരുന്നു.

ശുശ്രൂഷ ഏറ്റുവാങ്ങുന്ന ഓരോ ജീവൻ പൊലിയുമ്പോഴും അഥവാ രോഗം ഭേദമായാൽ ഹോം നഴ്സും നിഷ്കരുണം നിഷ്കാസിതനാകും.

ലൂക്കോസേ, ഈ മാസം മുതൽ ഞാൻ നിന്റെ ശമ്പളം കൂട്ടുന്നു.

വേണ്ട, സാർ ഇപ്പോൾ തന്നെ നടപ്പു ശമ്പളത്തിന്റെ രണ്ടിരട്ടിയുണ്ട്. ഇവിടെ എനിക്ക് മറ്റു ചെലവുകൾ ഒന്നുമില്ലല്ലോ സാർ.

അച്ഛന്റെ ചെക്കപ്പിനായി ആശുപത്രിയിൽ പോകുമ്പോൾ മാത്രമാണ് അവൻ പുറംലോകം കാണുന്നത്. ചെക്കപ്പിനായി കയറുമ്പോൾ തിരുമേനി പറയും. ഇവിടുത്തെ കാന്റീനിൽ നല്ല ബീഫും കപ്പയും കിട്ടുമെന്ന് കേട്ടിട്ടുണ്ട്. പക്ഷേ ഒരിക്കൽ പോലും ആ കാന്റീനിൽ കയറിയിട്ടില്ല.

ഈ പ്രായത്തിൽ ഒരു ചെറുപ്പക്കാരന് ഇതെങ്ങനെ സാധിക്കുന്നു എന്ന് അതിശയപ്പെട്ടിട്ടുണ്ട്

ഒരു ഞെട്ടലോടെ ഓർത്തു. അവനെക്കുറിച്ച് ഒന്നുമറിയില്ല.

നിന്റെ വീട് എവിടെയാണ് ? നിനക്ക് ആരൊക്കെയുണ്ട്? പഠനം എവിടെ വരെ എത്തി?

ചോദ്യാവലി ശ്രദ്ധിച്ച് എല്ലാറ്റിനും കൂടി മറുപടിയായി അവൻ ഒരു കൊച്ചു കഥയിലേക്ക് കടന്നു.

തയ്യൽക്കാരനായിരുന്നു അച്ഛൻ. രാത്രികാലങ്ങളിലെ നീണ്ട ചുമയും വാഷ് ബേസിനിൽ പറ്റിപ്പിടിച്ചു കിടക്കുന്ന ചോരക്കറയും കണ്ടാണ് ഞങ്ങൾ അത് അറിഞ്ഞത്. അച്ഛന് കാൻസർ ആയിരുന്നു. വളരെ കാലമായി അത് ഞങ്ങളെ അറിയിക്കാതെ അച്ഛൻ കൊണ്ടു നടന്നു. ഒടുവിൽ ചികിത്സ തേടുമ്പോഴേക്കും കരിഞ്ഞണ്ടിന്റെ കൂർത്ത കാലുകൾ അച്ഛന്റെ ഉള്ളവയവങ്ങളെയാകെ വരിഞ്ഞു മുറുക്കിയിരുന്നു. വീടും പറമ്പും പണയം വച്ച് ചികിത്സിച്ചെങ്കിലും ഒരു ദിവസം അച്ഛൻ ആരോടും മിണ്ടാതങ്ങ് പോയി. പേപ്പട്ടി കടിച്ചവനെ മൂർഖൻ പാമ്പ് കൊത്തിയതു പോലെ സർക്കാർ ആശുപത്രിയിലെ ചുവന്ന ദ്രാവകവും വാങ്ങി റോഡ് മുറിച്ചു കടക്കുമ്പോൾ ചരക്കു ലോറി തട്ടി വീണ അമ്മയുടെ കാലുകളിലൂടെ ചക്രങ്ങൾ കയറിയിറങ്ങി.

ഭാഗ്യം പോലെ ദുരന്തങ്ങളും നിരനിരയാണ് സാർ വരിക.

കുറച്ചു നാൾ പണയപ്പെട്ട വീട്ടിൽ വീൽചെയറിലിരിക്കുന്ന അമ്മയും ഞാനും മുഴുപ്പട്ടിണിയിൽ കണ്ണോട് കണ്ണു നോക്കിയിരുന്നു. എനിക്കും നഴ്സിംഗ് ബിരുദത്തിനും ഇടയിൽ വെറും ആറുമാസമേ ഉണ്ടായിരുന്നുള്ളു. പഠനം നിർത്തി. വിശപ്പിനെക്കാൾ വലുതല്ലല്ലോ മറ്റൊന്നും.

വൈകാതെ അടുത്തുള്ള ഒരു സ്വകാര്യ ആശുപത്രിയിൽ അറ്റൻണ്ടറായി ചേർന്നു. ശമ്പളം തുച്ഛം. എങ്കിലും വിശപ്പിനെ തെല്ലൊന്നു തളച്ചിടാൻ കഴിഞ്ഞു.

ഡിസ്ചാർജ്ജ് ചെയ്ത് ആംബുലൻസിലേക്ക് കയറ്റുമ്പോൾ വയോധികനായ ഒരു രോഗി ചോദിച്ചു.

നീ എന്റെ കൂടെ വരുന്നോ ? ഇരട്ടി ശമ്പളം തരാം. അന്ന്

രണ്ടാമത്തെ വാചകമേ കേട്ടുള്ളു. സമ്മതിച്ചു. ഒപ്പം ബന്ധുക്കളാരുമില്ലാത്തതിനാൽ അയാളുടെ വീടു വരെ അനുഗമിച്ചു. ആസ്ത്മാ രോഗിയായ

# ലൂക്കോസിന്റെ ചിരി



സുരേഷ് വർമ്മ

പിന്നെയും രണ്ടാഴ്ചക്കാലം
ലൂക്കോസ്സിന്റെ അതിഥിയെ പോലെ ഇല്ലത്ത് തുടർന്നു. ദിവസം മുഴുവൻ അച്ഛന്റെ പുസ്തക മുറിയിൽ. അച്ഛനും പുസ്തകങ്ങളുടെ മണമായിരുന്നു.
അടുത്ത ദിവസം മടങ്ങണം.
ഒരു തോൾ ബാഗുമായി ലൂക്കോസ് പുറത്തുവന്നു.
സാർ ഇനി ഞാൻ ഇറങ്ങട്ടെ. നാളെ മുതൽ മറ്റൊരിടത്ത് ചെല്ലാമെന്ന് പറഞ്ഞിട്ടുണ്ട്.
അവന്റെ രണ്ട് കൈകളും ഗ്രഹിച്ചു കുറച്ചു പണം കൊടുത്തു .രണ്ട് കണ്ണുകളിലും ചേർത്തുവച്ച ശേഷം അവൻ അത് കീശയിലിട്ടു.

ഭാര്യ പോർട്ടിക്കോയിൽ കാത്തിരിപ്പുണ്ടായിരുന്നു. അവർ എനിക്ക് ഒരുപാട് സ്നേഹവും ഭക്ഷണവും വിളമ്പിയിരുന്നു. ഫലത്തിൽ ഞാൻ രണ്ടു പേരുടെയും പരിചാരകനായി. ചില മാസങ്ങൾക്ക് ശേഷം വിദേശത്തുള്ള മക്കൾ വന്ന് അവരെ ഏതോ മുന്തിയ സ്നേഹാലയത്തിലാക്കി. അദ്ദേഹം ഇപ്പോഴും വിളിക്കാറുണ്ട്.

പിന്നെയും ഏഴുപേർ. സത്യം പറയട്ടെ സർ അവർ ഏഴുപേരും മരിച്ചുപോയി. പക്ഷേ അവർക്കെല്ലാം ആത്മാർത്ഥമായി ഞാൻ സേവനം നൽകി. എല്ലാവരും എന്നെ കനിഞ്ഞ് അനുഗ്രഹിച്ചിട്ടുണ്ട്.

പെട്ടെന്ന് പറഞ്ഞു പോയ അബദ്ധം തിരിച്ചറിഞ്ഞ് അവൻ കൂട്ടിച്ചേർത്തു.

തിരുമേനിക്ക് നല്ല മനോബലമാണ്. വൈകാതെ നോർമൽ ആകും.

ഏറ്റവും ഒടുവിലാണ് രാകേഷ് സാറിന്റെ അമ്മയെ ശുശ്രൂഷിച്ചത്. രോഗവും അമിതവണ്ണവും കൊണ്ട് വലഞ്ഞിരുന്ന അവരെ കട്ടിലിൽ തന്നെ റബ്ബർ ഷീറ്റിട്ടാണ് കുളിപ്പിച്ചിരുന്നത്.

അമ്മ ജാള്യതയോടെ പറയും. നീ എന്നെ സ്വന്തം അമ്മയായി കരുതണം.

ഇല്ല, എനിക്ക് പിറക്കാനിടയുള്ള പിഞ്ചു പൈതലായി കാണാം. അമ്മ ചിരിക്കും.

ഒന്ന് രണ്ട് പെണ്ണുങ്ങളെ സേവനത്തിന് വച്ചെങ്കിലും അവർക്കൊന്നും അമ്മയുടെ ഭാരം താങ്ങാൻ കഴിഞ്ഞില്ല. എന്തൊരു വാത്സല്യമായിരുന്നു എന്നോട്. അത്യാവശ്യം വാക്കറിന്റെ സഹായത്തോടെ നടന്നു തുടങ്ങിയപ്പോഴാണ് ന്യൂമോണിയ പിടികൂടിയത്. പെട്ടെന്ന് എല്ലാം കഴിഞ്ഞു. അമ്മ നേരത്തെ പറഞ്ഞു വച്ചതുകൊണ്ടാകണം രാകേഷ് സാറാണ് കോപ്പറേറ്റീവ് ബാങ്കിലെ പണയത്തുക മുഴുവൻ അടച്ച് വീടും പറമ്പും ജപ്തിയിൽ നിന്ന് രക്ഷിച്ചത് ഇപ്പോൾ എനിക്ക് ചെറിയ ആവശ്യങ്ങളെ ഉള്ളൂ സർ. അടുത്ത വീട്ടിലെ ഓട്ടിസം ബാധിച്ച ഒരു കുട്ടിയുടെ അമ്മയാണ് ഇപ്പോൾ എന്റെ അമ്മയെ ശുശ്രൂഷിക്കുന്നത്. അവൾക്ക് ശമ്പളം കൊടുക്കണം...

ഒരാൾ സ്വന്തം വീട്ടിൽ ഇതേ തൊഴിൽ ചെയ്യുന്ന ഒരാൾക്ക് ശമ്പളം കൊടുക്കാൻ വേണ്ടി മറ്റൊരിടത്ത് ജോലി ചെയ്യുന്നു

... പിന്നെ അമ്മയുടെ കാര്യങ്ങൾ നടക്കണം അതിന് ഈ ശമ്പളമൊക്കെ ധാരാളം ആണ് സാർ.

അച്ഛന്റെ ഒരു നേർത്ത മുരടനക്കം കേട്ട് അവൻ ഓടിപ്പോയി.

അതൊരു സന്ദേശമായിരുന്നു. അവൻ അച്ഛൻറെ കൈവിരലുകൾ തൊട്ടുകൊണ്ട് കണ്ണടച്ച് പ്രാർത്ഥിക്കുന്നു

ഓം ഭൂർ ഭുവഃ സ്വഃ തത് സവിതുർ വരേണ്യം: ....

36 പ്രാവശ്യം ഗായത്രി ഉരുവിട്ടശേഷം അവൻ ചെറിയൊരു ഗ്രന്ഥം പുസ്തകപ്പലകയിൽ വച്ചു.

ഒരു സംസ്കൃതം മുൻഷിയുടെ ഉച്ചാരണ ഗരിമയുണ്ട് അവന്റെ മന്ത്രണത്തിന്. പതിയെ അവൻ ശ്രീ ലളിതാസഹസ്രനാമം വായിച്ചു തുടങ്ങി.

ഓം സിന്ദൂരാരുണ വിഗ്രഹാം ത്രിനയനാം...

ധ്വാനശ്ലോകത്തോടെ തുടങ്ങണം.

കുട്ടിക്കാലത്ത് തന്നെ കാണാപ്പാഠം പഠിച്ചതാണ്. ലളിതാസഹസ്രനാമവും ദേവി കവചവും അച്ഛന്റെ പ്രഭാതശീലമാണ്. ഇല്ലത്തിന് പുറത്തിറങ്ങും മുമ്പ് ഇത് രണ്ടും പാരായണം ചെയ്തിരിക്കും.

അപ്പോൾ അമ്മ കാത്തോളും എന്നാണ് അച്ഛന്റെ വിശ്വാസം. എന്റെ ശരീരവും മനസ്സും ആത്മാവും ഇനി അമ്മയുടെ സരക്ഷണയിലാണ് എന്നും അച്ഛൻ പ്രഖ്യാപിക്കും. പരീക്ഷാകാലത്തൊക്കെ എപ്പോഴും പറയും അമ്മയെ മുറുകെപ്പിടിച്ചോണം. ഇപ്പോൾ ആ നാമങ്ങൾ ഒക്കെ മറന്നിരിക്കുന്നു. എങ്കിലും അവൻ വായിക്കുമ്പോൾ കേട്ടിരിക്കാൻ അലൗകികമായ ഒരു സുഖം.

ഇടയ്ക്ക് ശ്രദ്ധ ഒന്നു മാറി.

അച്ഛന്റെ ശിരസ്സിന് പിന്നിലെ ചുവരിൽ രണ്ട് വലിയ ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രങ്ങൾ. ആദ്യത്തേത് നേരിൽ കണ്ട ഓർമ്മയുണ്ട് . ശാസ്ത്ര സാഹിത്യ പരിഷത്തിലെ വാർഷിക പരിപാടിയുടെ ഉദ്ഘാടനത്തിന് ചാര നിറത്തിലുള്ള സ്യൂട്ടിട്ട അച്ഛന്റെ പ്രഭാഷണ വിസ്ഫോടനം. ക്വാണ്ടം ഫിസിക്സും പ്രപഞ്ച രഹസ്യങ്ങളും എന്നോ മറ്റോ ആയിരുന്നു പ്രൊഫസറുടെ വിഷയം..

രണ്ടാമത്തേത് തിരുവല്ല ശ്രീവല്ലഭ ക്ഷേത്രത്തിൽ നടത്തിയ ഭക്തി പ്രഭാഷണം. അച്ഛന്റെ പ്രിയപ്പെട്ട ഈശവാസ്യോപനിഷത്തിലെ വരികളായിരുന്നു തുടക്കം

ഓം പൂർണ്ണമദഃ പൂർണ്ണമിദം പൂർണ്ണാത് പൂർണ്ണമുദച്യതേ...

പാരായണം നിർത്തി അവൻ ഒരു ചെറിയ കുങ്കുമച്ചെപ്പിൽ നിന്ന് അല്പം ഭസ്മം നുള്ളിയെടുത്ത് അദ്ദേഹത്തിന്റെ നെറുകയിൽ കുറിയിട്ടു.

താരാട്ട് ശീലുകൾക്കൊടുവൽ ഒരു പിഞ്ചുകുഞ്ഞിനെ പോലെ അച്ഛൻ മെല്ലെ നിദ്രയുടെ അടിവാരങ്ങളിലേക്ക്...

അവൻ പറയുന്നത് അച്ഛൻ ഇന്നും മികച്ച പ്രഭാഷകനാണ് എന്നാണ്. ഒരിക്കൽ ഒരുപാട് നേരം അവനോട് സംസാരിക്കുന്നത് കേട്ട് ഒരക്ഷരം മനസ്സിലാകാതെ അടുത്തിരുന്നു. അമ്മയ്ക്കു മാത്രം അറിയുന്നൊരു ഭാഷ എന്നു സുഗതകുമാരിയമ്മ പാടിയതു പോലെ ഈ ഭൂമിയിൽ ലൂക്കോസ്സിന് മാത്രം മനസ്സിലാകുന്ന ഒരു ഭാഷയാണത്.

അടുത്ത ദിവസം രാവിലെ അവനോട് ചോദിച്ചു. ഇന്നലെ അച്ഛൻ ധാരാളം സംസാരിച്ചത് എന്തായിരുന്നു?

സങ്കടത്തോടെ ഓർത്തു. ആദ്യാക്ഷരങ്ങൾ നാവിലെഴുതിയ പിതാവിന്റെ വാക്കുകൾ പരിഭാഷപ്പെടുത്താൻ മറ്റൊരാളെ ആശ്രയിക്കേണ്ടി വരുന്നു.

അച്ഛന്റെ കഴിഞ്ഞ സായന്തനത്തിലെ പ്രഭാഷണം അവൻ ഓർത്തെടുത്തു

പ്രപഞ്ചം ബ്രഹ്മമയം. omni present, omni potent. ആധുനിക ശാസ്ത്രം ഇന്നത്തെ സത്യമാകാം. അത് നിരന്തരം നവീകരിക്കപ്പെട്ടു കൊണ്ടിരിക്കുന്നു മനുഷ്യജീവനകളെ കുറിച്ചും പ്രപഞ്ച രഹസ്യങ്ങളെയും കുറിച്ചുള്ള മനുഷ്യൻറെ അറിവ് ഇന്നും നന്നേ പരിമിതം. ആധുനിക ശാസ്ത്രത്തിന് എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകാനാവില്ല. അതിന് ഇനിയും സഹസ്രാബ്ദങ്ങൾ വേണ്ടിവരും. അപ്പോൾ ജീവിതത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് പ്രകാശവും പ്രത്യാശയും പകരാനും ചില സങ്കല്പനങ്ങൾ വേണം ഗണിതശാസ്ത്രത്തിൽ എക്സ് 5 എന്നിരിക്കട്ടെ എന്ന് തുടങ്ങി നമ്മൾ ഒരു പ്രശ്നത്തെ നിർദ്ധാരണം ചെയ്യുന്നതുപോലെ. അതാണ് ഉപനിഷദ് പ്രപഞ്ചം അത് സർവ്വചരാചരങ്ങളെയും സ്നേഹിക്കാൻ നമ്മെ പഠിപ്പിക്കുന്നു. ശാന്തിയും സമാധാനവും പ്രദാനം ചെയ്യുന്നു.

അച്ഛന്റെ വാക്കുകൾ അണുവിട തെറ്റാതെ അവൻ ഓർത്തെടുത്ത് എനിക്ക് പകരുകയാണ്.കാളിംഗ് ബെൽ ഓം ഓംഎന്ന് ശബ്ദിച്ചു

ഗേറ്റിനു സമീപം കത്രീനാമ്മച്ചി നിൽക്കുന്നുണ്ട്.

ലൂക്കോസ് പറഞ്ഞു ആഴ്ചയിൽ ഒരിക്കൽ കുറെ നേരം ഞാൻ തിരുമേനിയെ വീൽചെയറിൽ ഇരുത്തി പൂമുഖത്ത് കൊണ്ടു പോകും. ഏറെനേരം അദ്ദേഹത്തിന് അങ്ങനെയിരിക്കാൻ കഴിയില്ല. ഈ സമയം കത്രിനമ്മച്ചി ഗേറ്റിന് അരികെ വന്ന് തൊഴുതു നില്ക്കും. അവരുടെ ദൈവമാണ് തിരുമേനി. ഇല്ലത്തു നിന്നും കുടികിടപ്പ് കിട്ടിയ വസ്തുവിൽ ആണ് അവരുടെ ഇപ്പോഴത്തെ വലിയ വീട്. ഇൻഡ്യാനയിൽ കുടിയേറി കഴിഞ്ഞ മക്കൾക്കൊന്നും അവരെക്കുറിച്ച് വലിയ ചിന്തകൾ ഇല്ലെങ്കിലും തിരുമേനിയോടുള്ള കടപ്പാട് കത്രീനാമ്മച്ചി മറന്നിട്ടില്ല. കടുത്ത ദാരിദ്ര്യത്തിന്റെ നാളുകളിൽ ഇല്ലത്തു നിന്നും ലഭിച്ച ഭക്ഷണവും സഹായവും അവർക്ക് ഉയിരുള്ള കാലം മറക്കാൻ കഴിയില്ല കുട്ടികളെ മുന്തിയ സ്കൂളിൽ ചേർക്കുന്നതിലും അവരുടെ ഫീസ് കൃത്യമായി കൊടുക്കുന്നതിലും തിരുമേനിയുടെ പ്രത്യേക ശ്രദ്ധയുണ്ടായിരുന്നു. ഒപ്പം അവർക്ക് സൗജന്യ ട്യൂഷനും നൽകിയിരുന്നു.

ചില കർമ്മാ നുഷ്ഠാനങ്ങൾക്ക് വേണ്ട ചമത കമ്പുകളും ദർഭ പുല്ലും മറ്റും അവർ തിരുമേനിക്ക് കൃത്യമായി എത്തിച്ചു കൊടുത്തിരുന്നു.

ഒരു ദിവസം കത്രീനാമ്മച്ചി എന്റെ വലം കയ്യിൽ ഉമ്മ വച്ചു. അവർ പറഞ്ഞു തിരുമേനിയെ ശുശ്രൂഷിക്കുന്ന കൈകൾ അല്ലേ

തിരുമേനി സുഖപ്പെട്ടു കഴിഞ്ഞാൽ നീ എന്നോടൊപ്പം വരണം. അവർ എപ്പോഴും പറയും

പവിത്രക്കെട്ടണിഞ്ഞ കൈകളിൽ ചെങ്കൊടി പിടിച്ചിട്ടുള്ള തിരുമേനിയെ ഇനിയും പൂർണ്ണമായി മനസ്സിലാക്കിയിട്ടില്ല.

എങ്കിലും തിരുമേനിയുടെ ദൈവങ്ങളെല്ലാം ഇപ്പോൾ എന്റെയും ദൈവങ്ങളാണ് അല്ലെങ്കിൽ തന്നെ എനിക്ക് അന്നം തരുന്നവരുടെ ദൈവങ്ങൾ എന്റെയും കൂടി അല്ലേ?

അച്ഛന്റെ മഹത്വം കൂടുതൽ അറിയാനും ഇവൻ വേണ്ടി വന്നിരിക്കുന്നു.

സന്ധ്യക്ക് അച്ഛന് വേണ്ടി അവൻ പതിവ് പാരായണം തുടങ്ങി.

'ത്ര്യംബകം യജാമഹേ

സുഗന്ധിം പുഷ്ടിവർദ്ധനം...

അച്ഛൻ വലംകൈ ഉയർത്തി മഹാ മൃത്യുഞ്ജയ മന്ത്രം പൂർണമാക്കാൻ സമ്മതിച്ചില്ല .പകരം അവനോട് മറ്റെന്തോ ആവശ്യപ്പെടുന്നു. അച്ഛന്റെ ശബ്ദം പതിവിലേറെ നേർത്തിരിക്കുന്നു

അച്ഛന്റെ ഷെൽഫിൽ നിന്നും അദ്ധ്യാത്മരാമായണം പുറത്തെടുത്ത് അവൻ പാരായണം തുടങ്ങി

പാതിയടഞ്ഞ കണ്ണുകളോടെ അച്ഛൻ അത് കേട്ട് കിടന്നു.

ദശരഥന്റെ ചരമഗതിയാണ്.

....

ഹാ രാമ!പുത്ര! ഹാ സീതേ! ജനകജേ!
ഹാ രാമ! ലക്ഷ്മണ! ഹാ ഹാ ഗുണ?ാംബുധേ!
നിങ്ങളെയും പിരിഞ്ഞെന്മരണം പുന
രിങ്ങനെ വന്നതു കൈകേയി സംഭവം.
രാജീവനേത്രനെ ചിന്തിച്ചു ചിന്തിച്ചു
രാജാ ദശരഥൻ പൂകി സുരാലയം...

വായന നിർത്തി അവൻ തിരുമേനിയുടെ പാതി തുറന്ന കണ്ണുകളിലേക്ക് നോക്കി.

മുറിയിലാകെ ചന്ദനഗന്ധം പരക്കുന്നു.

പിന്നെയും രണ്ടാഴ്ചക്കാലം

ലൂക്കോസ്സിന്റെ അതിഥിയെ പോലെ ഇല്ലത്ത് തുടർന്നു. ദിവസം മുഴുവൻ അച്ഛന്റെ പുസ്തക മുറിയിൽ. അച്ഛനും പുസ്തകങ്ങളുടെ മണമായിരുന്നു.

അടുത്ത ദിവസം മടങ്ങണം.

ഒരു തോൾ ബാഗുമായി ലൂക്കോസ് പുറത്തുവന്നു.

സാർ ഇനി ഞാൻ ഇറങ്ങട്ടെ. നാളെ മുതൽ മറ്റൊരിടത്ത് ചെല്ലാമെന്ന് പറഞ്ഞിട്ടുണ്ട്.

അവന്റെ രണ്ട് കൈകളും ഗ്രഹിച്ചു കുറച്ചു പണം കൊടുത്തു .രണ്ട് കണ്ണുകളിലും ചേർത്തുവച്ച ശേഷം അവൻ അത് കീശയിലിട്ടു.

നിനക്ക് ഒരു വലിയേട്ടൻ ഉണ്ടെന്ന് കരുതുക. എന്താവശ്യമുണ്ടെങ്കിലും വിളിക്കണം.

ലൂക്കോസ് പടി ഇറങ്ങിയതോടെ ഏകാന്തതയുടെ മഞ്ഞു കട്ടകൾചുറ്റും ഒരു വൻ മതിൽ തന്നെ തീർത്തു

രാവിലെ തന്നെ ഗേറ്റ് പൂട്ടി ടാക്സിയിലേക്ക് കയറുമ്പോൾ യുഗ്മഗാനം പോലെ കത്രീനാമ്മച്ചിയുടെ വീട്ടിൽ നിന്നും ഒരു ഗദ്യ സംഗീതം മുഴങ്ങുന്നു. ഭക്തിക്ക് പല രാഗങ്ങളും ഭാവങ്ങളും ഉണ്ട്.

അതിൽ ഒരു ശബ്ദം ലൂക്കോസ്സിന്റെയല്ലേ?

കാതോർത്തു നിന്നു.

'പർവതങ്ങളിലേക്കു ഞാൻ കണ്ണുകൾ ഉയർത്തുന്നു; എനിക്കു സഹായം എവിടെ നിന്നു വരും?എന്റെ സഹായം ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച യഹോവയിങ്കൽനിന്നു വരുന്നു. നിന്റെ കാൽ വഴുതുവാൻ അവൻ സമ്മതിക്കയില്ല; നിന്നെ കാക്കുന്നവൻ മയങ്ങുകയുമില്ല ഇസ്രായേലിന്റെ നായകൻ മയങ്ങുകയില്ല, ഉറങ്ങുകയുമില്ല. യഹോവ നിന്റെ പരിപാലകൻ; യഹോവ നിന്റെ വലംകൈമേൽ നിന്റെ തണലാകുന്നു.

കുന്തിരിക്കത്തിന്റെ ഗന്ധം പോലെ പ്രാർഥനയുടെ അലയൊലികൾ തുടരവേ, മനസ്സുരുകി പ്രാർഥിച്ചു.

ലൂക്കോസ് തന്റെ ഇപ്പോഴത്തെ ദൈവത്തിനും പ്രിയങ്കരനാകട്ടെ!

## 1880ൽ പ്രസിദ്ധീകരിച്ച ലൂ വാലസിന്റെ പ്രശസ്ത നോവലിന്റെ സ്വതന്ത്ര വിവർത്തനം




**യു**ദ്ധക്കപ്പൽ അതിവേഗത്തിൽ കുതിച്ചുപാഞ്ഞു. അതിന്റെ നീണ്ടതും വളഞ്ഞതുമായ മുനമ്പിൽ തട്ടി വെള്ളക്കെട്ടുകൾ പൊങ്ങിപ്പൊട്ടിയും നുരച്ചും പലവഴിക്ക് ഒഴുകി.

ആ കപ്പൽ ഇടുങ്ങിയതായിരുന്നു; വേഗത്തിലുള്ള നീക്കങ്ങൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്തതായിരുന്നു. അത് വെള്ളത്തിൽ താഴ്ന്ന നിലയിൽ ഒഴുകി. മനോഹരമായി വളഞ്ഞ അതിന്റെ മുനമ്പ് ഗർവ്വോടെ ഉയർന്നുനിന്നു. മുനമ്പിന് താഴെ, കപ്പലിന്റെ കീൽഭാഗത്തോട് ഉറപ്പിച്ചും ജലനിരപ്പിന് താഴെ മുന്നോട്ട് നീണ്ടുകിടന്നും ഉണ്ടായിരുന്നത് റോസ്ട്രം (കൊക്ക്) ആയിരുന്നുകട്ടിയുള്ള മരത്തിൽ നിർമ്മിച്ച് ഇരുമ്പുകൊണ്ട് പൊതിഞ്ഞ ഒരു ഇടിച്ചുതകർക്കുന്ന ആയുധം.

കപ്പലിന്റെ ഇരുവശങ്ങളിലുമായി, മൂന്ന് നിരകളിലായി, തുഴകൾ പ്രവർത്തിപ്പിക്കാനുള്ള ദ്വാരങ്ങൾ ഉണ്ടായിരുന്നുവലതുവശത്ത് അറുപത്, ഇടതുവശത്ത് അറുപത്. ആകെ നൂറ്റിരുപത് ഓക്കുമരത്തിൽ നിർമ്മിച്ച തുഴകൾ ഒരേ കൈ നിയന്ത്രിക്കുന്നതുപോലെ ഒരേ താളത്തിൽ ഉയർന്നിറങ്ങിക്കൊണ്ടിരുന്നു.

ആ ഗാലിക്കപ്പലിന്റെ റോമൻ ട്രിബ്യൂണും കമാൻഡറുമായ ക്വിന്റസ് ആരിയസ്, കപ്പലിലെ ഒരേയൊരു വലിയ മുറിയിൽ ഒരുക്കിയിരുന്ന തന്റെ ഉയർന്ന ഇരിപ്പിടത്തിൽ ഇരിക്കുകയായിരുന്നു. കപ്പലിന്റെ ചലനത്തിനൊത്ത് അദ്ദേഹത്തിന്റെ ഇരിപ്പിടം മെല്ലെ ആടിക്കൊണ്ടിരുന്നു; അദ്ദേഹം ആഴമായ ചിന്തയിൽ മുഴുകിയിരിക്കുന്നതുപോലെ തോന്നി.

ആ മുറി കപ്പലിന്റെ കേന്ദ്രഭാഗമായിരുന്നു. അറുപത്തിയഞ്ച് അടി നീളവും മുപ്പത് അടി വീതിയുമുള്ള ആ മുറിയിലേക്ക് മൂന്ന് വിശാലമായ ഇടങ്ങളിലൂടെ വെളിച്ചം കടന്നുവന്നു. അതായിരുന്നു കപ്പലിന്റെ ഹൃദയം.കപ്പലിലുണ്ടായിരുന്ന എല്ലാവരുടെയും ഭക്ഷണമുറിയും, കിടപ്പു മുറിയും, ജോലിയില്ലാത്ത സമയങ്ങളിൽ വിശ്രമിക്കാനുള്ള സ്ഥലവും.

കപ്പലിലെ പ്രധാന മുറിയുടെ പിൻഭാഗത്ത് മരപ്പടികൾ കയറി എത്താവുന്ന ഒരു ഉയർന്ന വേദിയുണ്ടായിരുന്നു. അവിടെ തുഴക്കാരുടെ മേൽനോട്ടക്കാരൻ ഇരിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മുമ്പിൽ ഒരു വലിയ മൃദംഗം ഉണ്ടായിരുന്നു. ഒരു ചുറ്റികകൊണ്ട് അതിൽ താളമിട്ടുകൊണ്ട് തുഴക്കാരുടെ ചലനത്തിന് അദ്ദേഹം സമയം നിശ്ചയിച്ചു. അതിനുമുകളിലായി, സ്വർണ്ണം പൂശിയ കൈവരികളാൽ ചുറ്റപ്പെട്ട മറ്റൊരു ഉയർന്ന വേദിയിൽ ആരിയാസിന്റെ താമസസ്ഥലമുണ്ടായിരുന്നു. അവിടെ നിന്ന് അദ്ദേഹത്തിന് എല്ലാം നിരീക്ഷിക്കാനാകുമായിരുന്നു. ഒരു കിടക്കയും ഒരു മേശയും കൈത്താങ്ങുകളും ഉയർന്ന പിൻചാരും ഉള്ള മെത്തയിട്ട ഒരു കസേരയും അവിടെ ഉണ്ടായിരുന്നു.

മുറിയുടെ ഇരുവശങ്ങളിലും, കപ്പലിന്റെ താങ്ങുകളോട് ഉറപ്പിച്ച ബെഞ്ചുകളുടെ നിരകളുണ്ടായിരുന്നു. അവയിലാണ് ഗാലി അടിമകൾ ഇരുന്നത്.

ആരിയാസ് ഓരോരുത്തരെയും സൂക്ഷ്മമായി നിരീക്ഷിച്ചു. കപ്പലിൽ ആകെ ഇരുനൂറ്റമ്പത് അടിമകളുണ്ടായിരുന്നു. തുഴകൾ രാവും പകലും വിശ്രമിക്കാതെ പ്രവർത്തിക്കേണ്ടതിനാൽ അവർ രണ്ടുമണിക്കൂർ വീതമുള്ള ഷിഫ്റ്റുകളിലായിരുന്നു ജോലി ചെയ്തിരുന്നത്.

ഈ കപ്പൽ അദ്ദേഹത്തിന്റെ ഉത്തരവാദിത്വത്തിൽ പുതുതായി വന്നതായിരുന്നു. അതിലെ ജീവനക്കാരെക്കുറിച്ച് അദ്ദേഹത്തിന് വളരെ കുറച്ചേ അറിയുമായിരുന്നുള്ളു. എന്നാൽ ഏതാനും ദിവസങ്ങളിൽ മികച്ച തുഴക്കാരെ ആവശ്യമുണ്ടാകുമെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. കപ്പലിലുണ്ടായിരുന്ന എല്ലാവരിലും, കപ്പൽ എവിടേക്കാണ് പോകുന്നതെന്നും അതിന്റെ ദൗത്യം എന്താണെന്നും അറിയുന്നത് അദ്ദേഹത്തിനു മാത്രമായിരുന്നു. ആന്റിമോണ ഉൾക്കടലിൽ ഒത്തുകൂടിയിരുന്ന നൂറ് റോമൻ യുദ്ധക്കപ്പലുകളെക്കുറിച്ചും അദ്ദേഹത്തിന് അറിയാമായിരുന്നു. അവിടെ എത്തിച്ചേരുമ്പോൾ ആ നാവികസേനയുടെ നേതൃത്വം ഏറ്റെടുക്കുകയും ഈജിയൻ കടൽത്തീരത്തുള്ള പന്ത്രണ്ട് നഗരങ്ങൾ കൊള്ളയടിച്ച അറുപത് കടൽക്കൊള്ളക്കപ്പലുകളടങ്ങിയ സംഘത്തെ കണ്ടെത്തി നശിപ്പിക്കുകയും ചെയ്യേണ്ടത് അദ്ദേഹമായിരുന്നു.

ആ കടൽക്കൊള്ളക്കാരുടെ നേതാവ് ഒരു ഗ്രീക്കുകാരനായിരുന്നു. അവരുടെ കൊള്ളയടിപ്പ് അളവറ്റതായിരുന്നു. എന്നാൽ അധികം വൈകാതെ

കപ്പലിലെ പ്രധാന മുറിയുടെ പിൻഭാഗത്ത് മരപ്പടികൾ കയറി എത്താവുന്ന ഒരു ഉയർന്ന വേദിയുണ്ടായിരുന്നു. അവിടെ തുഴക്കാരുടെ മേൽനോട്ടക്കാരൻ ഇരിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മുമ്പിൽ ഒരു വലിയ മൃദംഗം ഉണ്ടായിരുന്നു. ഒരു ചുറ്റികകൊണ്ട് അതിൽ താളമിട്ടുകൊണ്ട് തുഴക്കാരുടെ ചലനത്തിന് അദ്ദേഹം സമയം നിശ്ചയിച്ചു. അതിനുമുകളിലായി, സ്വർണ്ണം പൂശിയ കൈവരികളാൽ ചുറ്റപ്പെട്ട മറ്റൊരു ഉയർന്ന വേദിയിൽ ആരിയാസിന്റെ താമസസ്ഥലമുണ്ടായിരുന്നു. അവിടെ നിന്ന് അദ്ദേഹത്തിന് എല്ലാം നിരീക്ഷിക്കാനാകുമായിരുന്നു. ഒരു കിടക്കയും ഒരു മേശയും കൈത്താങ്ങുകളും ഉയർന്ന പിൻചാരും ഉള്ള മെത്തയിട്ട ഒരു കസേരയും അവിടെ ഉണ്ടായിരുന്നു.

# 3. ഗാലിഅടിമ

തന്നെ ആ ഗ്രീക്കുകാരനും അവന്റെ കടൽക്കൊള്ളക്കാരും കഠിനമായ ഒരു പാഠം പഠിക്കുമായിരുന്നു. റോം ശക്തികൊണ്ട് കീഴടക്കിയതെല്ലാം അവൾ എന്നും ശക്തികൊണ്ട് സംരക്ഷിക്കുമായിരുന്നു. ജനങ്ങൾ നൽകിയ നികുതിക്ക് പകരമായി അവൾ അവർക്കു സംരക്ഷണം ഉറപ്പുനൽകി.

ട്രിബ്യൂണിന്റെ തീക്ഷ്ണമായ കണ്ണുകൾ ഒരു ബെഞ്ചിൽ നിന്ന് മറ്റൊന്നിലേക്കു നീങ്ങിക്കൊണ്ടിരുന്നു.

യുവാവ് ഗാലി അടിമകളുടെ കൂട്ടത്തിൽ ചേർന്നു. ഒടുവിൽ അവൻ അറുപതാം നമ്പറിലെത്തി. അവിടെ അവർ ഏറെ നേരം വിശ്രമിച്ചു.

തുഴയുന്ന ആ യുവാവ് വളരെ ചെറുപ്പക്കാരനായിരുന്നു; ഇരുപത് വയസ്സിൽ അധികമില്ല. മറ്റെല്ലാ തുഴച്ചുകാരെയും പോലെ അരയിൽ ഒരു തുണി മാത്രമണിഞ്ഞ് അവൻ നഗ്നനായിരുന്നു. നല്ല ഉയരവും ശരീരഘടനയും അവനുണ്ടായിരുന്നു. തുഴ പിടിച്ച് വലിക്കുന്ന രീതിയിൽ പ്രത്യേകമായ ഒത്തൊരുമയും സൗന്ദര്യവും പ്രകടമായിരുന്നു. കൈകൾ ഒരുപക്ഷേ കുറച്ച് നീളം കൂടിയതായിരിക്കാം; എന്നാൽ അവ പേശികളാൽ നിറഞ്ഞതായിരുന്നു. ചർമ്മത്തിനടിയിൽ അവ വീർത്ത് ചലിക്കുന്നതു കാണാമായിരുന്നു. തല മനോഹരമായ ആകൃതിയിലും മുഖസൗന്ദര്യമുള്ളതുമായിരുന്നു. ആ മനുഷ്യനിൽ പരിചിതമെന്നു തോന്നിക്കുന്ന എന്തോ ഒന്നുണ്ടായിരുന്നു. അതുകൊണ്ട് ട്രിബ്യൂൺ ആയിരുന്ന ആരിയാസിന്റെ കൗതുകം ഉണർന്നു.

തുഴച്ചിൽക്കാരെ മാറ്റിനിർത്താനുള്ള സമയം വന്നപ്പോൾ, അവൻ മുന്നോട്ട് ചെന്നു അവരുടെ തലവനോടു സംസാരിച്ചു.

ഇപ്പോൾ ആ ബെഞ്ചിൽ നിന്ന് വന്ന ആ മനുഷ്യൻ ആരാണ്? അവൻ ചോദിച്ചു.

തലവൻ അറുപതാം നമ്പറിലേക്കു മൂർച്ചയോടെ നോക്കി.

താങ്കളെപ്പോലെ തന്നെയാണ്, സർ,അവൻ പറഞ്ഞു. ഞാനും ഇ ൗ കപ്പലിൽ പുതുതായി വന്നവനാണ്. തുഴച്ചിലുക്കാരെക്കുറിച്ച് എനിക്ക് വളരെ കുറച്ചേ അറിയൂ.

അവൻ വളരെ ചെറുപ്പക്കാരനാണ്, ആരിയാസ് ചിന്താപൂർവ്വം പറഞ്ഞു.

പക്ഷേ അവൻ ഞങ്ങളുടെ ഏറ്റവും മികച്ചതുഴച്ചിൽക്കാരനാണ്,മറ്റെയാൾ പറഞ്ഞു. ഞാൻ അവനോട് ഒരിക്കൽ മാത്രമേ സംസാരിച്ചിട്ടുള്ളൂ. കപ്പലിന്റെ വലതുവശത്തുനിന്നും ഇടതുവശത്തേക്കും മാറിമാറി എന്നെ നിയോഗിക്കണമെന്ന് അവൻ ആവശ്യപ്പെട്ടു.

എന്തുകൊണ്ട്?

ഒരു വശത്ത് മാത്രം തുഴയുന്നവർ ശരീരവടിവ് നഷ്ടപ്പെട്ടവരായി മാറുമെന്ന് അവൻ പറഞ്ഞു. കൂടാതെ, ഒരു കൊടുങ്കാറ്റോ യുദ്ധമോ ഉണ്ടായാൽ അവനെ മറ്റൊരു വശത്തേക്ക് മാറ്റേണ്ടി വരാം; അപ്പോൾ അവൻ ഉപയോഗശൂന്യനാകാൻ പാടില്ലെന്നും പറഞ്ഞു.

ആരിയാസ് അതുരൊ പുതിയ അറിവായിരുന്നു. അയാൾ തലയാട്ടി.

നല്ല ആശയമാണ്, അവൻ പറഞ്ഞു. അവനെ എന്റെ അടുത്തേക്ക് അയയ്ക്കൂ. അവനോട് കുറച്ച് സംസാരിക്കണം.

അൽപസമയത്തിനുശേഷം, ആ യുവ തുഴച്ചിൽക്കാരൻ തന്റെ അടുത്തേക്ക് വരുന്നത് ആരിയസ് കണ്ടു.

താങ്കൾ എന്നെ കാണണമെന്ന് പറഞ്ഞതായി തുഴച്ചിൽക്കാരുടെ തലവൻ അറിയിച്ചു,അറുപതാം നമ്പറുകാരൻ പറഞ്ഞു.

അതെ, ആരിയാസ് പറഞ്ഞു. നീയാണ് അവന്റെ ഏറ്റവും മികച്ച തുഴച്ചിൽക്കാരനെന്ന് അവൻ പറയുന്നു. എത്രകാലമായി ഈ സേവനത്തിലാണ്?

ഏകദേശം മൂന്ന് വർഷമായി.

ആരിയാസ് അത്ഭുതത്തോടെ അവനെ നോക്കി.

ഒരു വർഷം പോലും തികയ്ക്കാൻ കഴിയാതെ ഈ ജോലി സഹിക്കുന്നവർ വളരെ കുറവാണ്,അദ്ദേഹം പറഞ്ഞു.നീയോ ഇപ്പോഴും ഒരു ചെറുപ്പക്കാരൻ മാത്രമാണ്.

സഹിച്ചുനിൽക്കാനുള്ള ശക്തിയിൽ മനുഷ്യന്റെ മനസ്സിനും വലിയ പങ്കുണ്ട്, തുഴച്ചിൽക്കാരൻ തോളുയർത്തിക്കൊണ്ട് മറുപടി പറഞ്ഞുആരിയാസ് തലയാട്ടി.

നിന്റെ സംസാരശൈലി കേട്ടാൽ നീ ഒരു യഹൂദനാണെന്ന് മനസ്സിലാകുന്നു, അദ്ദേഹം പറഞ്ഞു. ഒരിക്കൽ ഞാൻ യെരൂശലേമിലെ ഒരു രാജകുമാരനെ പരിചയപ്പെട്ടിരുന്നു. അദ്ദേഹം ഒരു വ്യാപാരിയും കടൽയാത്രികനും ആയിരുന്നു. അദ്ദേഹം എന്റെ സുഹൃത്തായിരുന്നുമെച്ചപ്പെട്ട മനുഷ്യൻ. നിന്നെ കാണുമ്പോൾ അദ്ദേഹത്തെ ഓർമ്മ വരുന്നു.

എന്റെ പിതാവും യെരൂശലേമിലെ ഒരു രാജകുമാരനായിരുന്നു, യുവാവ് അഭിമാനത്തോടെ പറഞ്ഞു. അദ്ദേഹവും ഒരു വ്യാപാരിയായിരുന്നു.

അദ്ദേഹത്തിന്റെ പേര്?

ഹൂർ വംശത്തിലെ ഇതാമാർ.

ആരിയാസ് അത്ഭുതത്തോടെ കൈകൾ ഉയർത്തി.

ഹൂറിന്റെ മകനോനീയോ? ഞാൻ പറയുന്നത് നിന്റെ പിതാവിനെക്കുറിച്ചാണ്. പിന്നെ നീ ഇവിടെ എത്തിച്ചത് എങ്ങനെയാണ്?

ഗാന്ധിസ്മൃതി



## എന്റെ ഗുരുനാഥൻ

**വള്ളത്തോൾ നാരായണമേനോൻ**

**ലോ**കമേ തറവാടു തനിയ്ക്കീച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ;
 ത്യാഗമെന്നതേ നേട്ടം; താഴ്മതാനഭ്യുന്നതി
 യോഗവിത്തേവം ജയിക്കുന്നിതെൻ ഗുരുനാഥൻ.
താരകാമണിമാല ചാർത്തിയാലതും കൊള്ളാം!
കാറണിച്ചളി നീളെപ്പുരണ്ടാലതും കൊള്ളാം;
 ഇല്ലിഹ സംഗം ലേപമെന്നിവ; സമസ്വച്ഛ-
 മല്ലയോ വിഹായസ്സ്, വ്വർണ്ണമെൻ ഗുരുനാഥൻ
ദുർജ്ജന്തു വിഹീനമാം ദുർലഭതീർത്ഥ ഹ്രദം,
കജ്ജളോദ്ഗമമില്ലാത്തോരു മംഗളദീപം.
 പാമ്പുകൾ തീണ്ടീടാത്ത മാണിക്യമഹാനദി,
 പാഴ്നിഴലുണ്ടാക്കാത്ത പൂനിലാവെന്നാചാര്യൻ.
ശസ്ത്രമെന്നിയേ ധർമ്മ സംഗരം നടത്തുന്നോൻ,
പുസ്തകമെന്യേ പുണ്യാദ്ധ്യാപനം പുലർത്തുന്നോൻ.
 ഔഷധമെന്യേ രോഗം ശമിപ്പിപ്പവൻ, ഹിംസാ-
 ദോഷമെന്നിയേ യജ്ഞം ചെയ്‌വനെന്നാചാര്യൻ.
ശാശ്വതമഹിംസയാണമ്മഹാത്മാവിൻ വ്രതം;
ശാന്തിയാണവിടേയ്ക്കു പരദേവത പണ്ടേ;
 ഓതുമാറുണ്ടദ്ദേഹ: 'മഹിംസാമണിച്ചട്ട-
 യേതുടവാളിൻ കൊടുവായ്ത്തല മടക്കാത്തു?'
ഭാര്യയെക്കണ്ടെത്തിയ ധർമ്മത്തിൻ സല്ലാപങ്ങ-
ളാര്യസത്യത്തിൻ സദസ്സിങ്കലെസ്സംഗീതങ്ങൾ
*   *   *
ക്രിസ്തുദേവന്റെ പരിത്യാഗശീലവും, സാക്ഷാൽ
കൃഷ്ണനാം ഭഗവാന്റെ ധർമ്മരക്ഷോപായവും,
 ബുദ്ധന്റെയഹിംസയും, ശങ്കരാചാര്യരുടെ
 ബുദ്ധിശക്തിയും, രന്തിദേവന്റെ ദയാവായ്പും,
ശ്രീഹരിശ്ചന്ദ്രന്നുള്ള സത്യവും, മുഹമ്മദിൻ
സ്ഥൈര്യവുമൊരാളിൽച്ചേർന്നൊത്തുകാണണമെങ്കിൽ
 ചെല്ലുവിൻ ഭവാന്മാരെൻ ഗുരുവിൻ നികടത്തി;-
 ലല്ലായ്കിലവിടുത്തെച്ചരിത്രം വായിക്കുവിൻ!

വള്ളത്തോൾ (1878–1958)

**വെണ്ണിക്കുളം ഗോപാല കുറുപ്പ്**

**കാ**തിലേക്കമൃതിറ്റിക്കും കൈറാട്ടിന്മധുരസ്വരം
തൂമയിൽ ശാന്തി സന്ദേശമേന്തി, ഗാന്ധിജയന്തിയിൽ
മുറിയിൽ,ത്തായ നൂൽനൂല്കെ മുഴങ്ങീ ബാലകൗതുകം
'ആരമ്മേ! ഗാന്ധി-യെന്നുള്ള മുപ്പദങ്ങളിലൂടവേ.

മകനുൾക്കൊണ്ട ജിജ്ഞാസ മങ്കയോർത്തു രസിക്കയായ്
പഞ്ഞിനീളുന്ന നീളത്തിൽ കുഞ്ഞിക്കണ്ണും കളിക്കയായ്
ചൊല്ലിനാളമ്മ- 'കുഞ്ഞേ! നിൻ ചോദ്യം ചെറിയതെങ്കിലും
എത്ര ഞാൻ വിവരിച്ചാലുമാകയില്ലതിനുത്തരം

എനിക്കുമറിയാൻ മേലാ ഗാന്ധിയാരെന്ന വാസ്തവം,
എങ്കിലും ചിലതെല്ലാം ഞാൻ പറയാം കേട്ടുകൊൾക നീ
മുൻവരിപ്പല്ല് പോയ്പോയ മോണ കാട്ടിച്ചിരിച്ചോരാൾ
ചമ്രം പടിഞ്ഞിരിക്കുന്ന പടം നീ കണ്ടതില്ലയോ?

അതാണ് ഗാന്ധിയപ്പൂപ്പൻ ആരിലും കനിവുള്ളവൻ
കൊച്ചുകുഞ്ഞുങ്ങളോടൊത്തു കളിപ്പാൻ കൊതിയുള്ളവൻ
വിളിപ്പൂ നാട്ടുകാരെല്ലാം 'ബാപ്പു'വെന്ന്, പലപ്പോഴും
ആ വാക്കു കേട്ടിരിക്കും നീയച്ഛനെന്നർത്ഥമായിടും.

മറ്റുള്ളോരുടെ ദുഃഖങ്ങൾ മാറ്റുവാൻ വേല ചെയ്കയാൽ
'മഹാത്മ' ഗാന്ധിയെന്നുള്ള പേരു നീളെ പ്രസിദ്ധമായ്
സത്യത്തെ ദൈവമായ്ക്കണ്ടു പൂജിച്ച പുരുഷോത്തമൻ
പങ്കം തീണ്ടാത്ത കർമത്താൽ തങ്കം പോലെ തിളങ്ങിയോൻ.

കുഞ്ഞുറുമ്പിനുമാപത്തു പറ്റിയാൽ കരയുന്നവൻ
കുരുന്നു നുള്ളുവാൻ പോലും കൈയറയ്ക്കും ദയാമയൻ
സ്നേഹം, ധർമം, സദാചാരം ഓരോന്നെന്തിനു ചൊൽവൂ ഞാൻ?
ഗുണമൊക്കെയുമൊന്നിച്ച ഗുരുവാണ് മഹാത്മജി.

വെണ്ണിക്കുളം (1902 –1980)

*അന്ന് ഞാൻ ഒരു കുട്ടിയായിരുന്നുഒരു കൊലപാതകി ആകാൻ പോലും പ്രായമില്ലാത്തവൻ. ഗ്രാറ്റസ് എനിക്ക് പരിചയമില്ലാത്ത ആളായിരുന്നു. അദ്ദേഹത്തെ കൊല്ലണമെന്നായിരുന്നു എന്റെ ഉദ്ദേശമെങ്കിൽ, അതിനായി വേറൊരു സമയവും സ്ഥലവും ഞാൻ തിരഞ്ഞെടുക്കുമായിരുന്നു. അദ്ദേഹം തന്റെ സൈനികരോടൊപ്പം പകൽ വെളിച്ചത്തിൽ സഞ്ചരിക്കുകയായിരുന്നു. ആ അപകടം എനിക്കും, എന്റെ അമ്മയ്ക്കും, സഹോദരിക്കും ഒരുപോലെ ദുരന്തമായിരുന്നു. എനിക്ക് ഭ്രാന്തൊന്നുമുണ്ടായിരുന്നില്ല. ഞാൻ എന്റെ പിതാവിന്റെ വീട്ടിന്റെ മേൽക്കൂരയിൽ നിന്നുകൊണ്ട് സൈന്യം കടന്നുപോകുന്നത് കാണുകയായിരുന്നു. മേൽക്കൂരയുടെ അരികിൽ ചാരിനിന്നപ്പോൾ ഒരു ഓടു എന്റെ കൈക്കീഴിൽ നിന്ന് വഴുതി ഗ്രാറ്റസിന്റെ മേൽ വീണു. ഞാൻ അദ്ദേഹത്തെ കൊന്നുവെന്ന് കരുതി ഭയന്നുപോയി!*




യൂദാ ആരിയാസിന്റെ കണ്ണുകളിലേക്ക് തുറച്ചുനോക്കി. ഉറച്ച ശബ്ദത്തിൽ പറഞ്ഞു:

വലേറിയസ് ഗ്രാറ്റസിനെ കൊല്ലാൻ ശ്രമിച്ചുവെന്ന കുറ്റം എനിക്കെതിരെ ചുമത്തപ്പെട്ടു.

ആ സംഭവത്തെക്കുറിച്ച് ഞാൻ കേട്ടിട്ടുണ്ട്, ആരിയാസ് ചിന്താപൂർവം പറഞ്ഞു. പക്ഷേ ഹൂർ കുടുംബം ഭൂമിയിൽ നിന്ന് പൂർണമായും ഇല്ലാതായെന്നാണ് ഞാൻ കരുതിയിരുന്നത്.

ആ വാക്കുകൾ കേട്ട യുവാവ് പെട്ടെന്ന് ഒരു ചുവട് മുന്നോട്ട് വന്നു. അപേക്ഷിക്കുന്ന ഭാവത്തിൽ കൈകൾ നീട്ടി.

എന്റെ അമ്മയെക്കുറിച്ചോ സഹോദരിയെക്കുറിച്ചോ എന്തെങ്കിലും അറിയാമെങ്കിൽ ദയവായി എന്നോട് പറയണം.അവൻ അപേക്ഷിച്ചു. അവർ മരിച്ചവരാണെങ്കിലുംഅക്കാര്യം പറയണം. മൂന്ന് വർഷമായി അവരെക്കുറിച്ച് ഞാൻ കേട്ടിട്ടില്ല. അവരെ വീഴ്ത്തിയ കൈ എന്റെതാണെന്നെനിക്കറിയാം.

അപ്പോൾ നിന്റെ കുറ്റം നീ സമ്മതിക്കുന്നുവോ? ആരിയാസ് കർക്കശമായി ചോദിച്ചു.

യൂദായുടെ മുഷ്ടികൾ മുറുകി. മുഖം കോപംകൊണ്ടു ചുവന്നു.

എന്റെ പിതാക്കന്മാരുടെ ദൈവത്തെ സാക്ഷിയാക്കി ഞാൻ സത്യം ചെയ്യുന്നു,അവൻ വേദനയോടെ പറഞ്ഞു, ഞാൻ നിരപരാധിയാണ്.

അവന്റെ കണ്ണുകളിലേക്ക് നോക്കിയപ്പോൾ, അവൻ പറയുന്നത് സത്യമാണെന്ന് ആരിയാസിന് സംശയിക്കാനായില്ല.

നിനക്ക് വിചാരണ ഉണ്ടായില്ലേ?അദ്ദേഹം ചോദിച്ചു.

ഇല്ല.

റോമാക്കാരനായ ആരിയാസ് അമ്പരന്നു.

വിചാരണയില്ലേ? സാക്ഷികളില്ലേ? എന്നാൽ നിന്നെ കുറ്റക്കാരനെന്ന് വിധിച്ചത് ആരാണ്?

അവർ എന്നെ കയറുകൊണ്ട് കെട്ടി, യൂദാ മറുപടി പറഞ്ഞു, ക്രൂരമായി വലിച്ചിഴച്ച് കോട്ടയിലേക്ക് കൊണ്ടുപോയി. ഞാൻ ആരെയും കണ്ടില്ല. ഒരാഴ്ച കഴിഞ്ഞ് എന്നെ ഈ ഗാലി കപ്പലിലേക്ക് എറിഞ്ഞു. അന്നു മുതൽ ഞാൻ അടിമയാണ്.

നിനക്ക് ഒരു വിചാരണ ലഭിച്ചിരുന്നെങ്കിൽ, നിന്റെ നിരപരാധിത്വം എങ്ങനെ തെളിയിക്കുമായിരുന്നു?

അന്ന് ഞാൻ ഒരു കുട്ടിയായിരുന്നുഒരു കൊലപാതകി ആകാൻ പോലും പ്രായമില്ലാത്തവൻ. ഗ്രാറ്റസ് എനിക്ക് പരിചയമില്ലാത്ത ആളായിരുന്നു. അദ്ദേഹത്തെ കൊല്ലണമെന്നായിരുന്നു എന്റെ ഉദ്ദേശമെങ്കിൽ, അതിനായി വേറൊരു സമയവും സ്ഥലവും ഞാൻ തിരഞ്ഞെടുക്കുമായിരുന്നു. അദ്ദേഹം തന്റെ സൈനികരോടൊപ്പം പകൽ വെളിച്ചത്തിൽ സഞ്ചരിക്കുകയായിരുന്നു. ആ അപകടം എനിക്കും, എന്റെ അമ്മയ്ക്കും, സഹോദരിക്കും ഒരുപോലെ ദുരന്തമായിരുന്നു. എനിക്ക് ഭ്രാന്തൊന്നുമുണ്ടായിരുന്നില്ല. ഞാൻ എന്റെ പിതാവിന്റെ വീട്ടിന്റെ മേൽക്കൂരയിൽ നിന്നുകൊണ്ട് സൈന്യം കടന്നുപോകുന്നത് കാണുകയായിരുന്നു. മേൽക്കൂരയുടെ അരികിൽ ചാരിനിന്നപ്പോൾ ഒരു ഓടു എന്റെ കൈക്കീഴിൽ നിന്ന് വഴുതി ഗ്രാറ്റസിന്റെ മേൽ വീണു. ഞാൻ അദ്ദേഹത്തെ കൊന്നുവെന്ന് കരുതി ഭയന്നുപോയി!

അപ്പോൾ നിന്റെ അമ്മ എവിടെയായിരുന്നു?

താഴെയുള്ള ഒരു മുറിയിൽ.

അവൾക്ക് പിന്നെ എന്ത് സംഭവിച്ചു?

നാടോടിക്കഥകളിലൂടെ / പഞ്ചാബിക്കഥ

# ഏഴ് സഹോദരന്മാരും അവരുടെ ഏക സഹോദരിയും

**എസ്.ജി**

**പ**ഞ്ചാബിലെ ഒരു ചെറിയ ഗ്രാമത്തിൽ ഏഴ് സഹോദരന്മാരും അവരുടെ ഒരേയൊരു സഹോദരിയും താമസിച്ചിരുന്നു.

സഹോദരന്മാർക്ക് അവളെ ജീവനായിരുന്നു. അവൾ ചോദിക്കുന്നതെന്തും അവർ സാധിച്ചു കൊടുക്കുമായിരുന്നു.

കാലം കടന്നുപോയപ്പോൾ ഏഴ് സഹോദരന്മാരും വിവാഹിതരായി. അതോടെ വീട്ടിലേക്ക് ഏഴ് ജ്യേഷ്ഠത്തിമാർ വന്നു.

സഹോദരന്മാർക്ക് അനിയത്തിയോടുള്ള അമിതമായ സ്നേഹം ഈ ഏഴു ജ്യേഷ്ഠത്തിമാർക്കും ഇഷ്ടപ്പെട്ടില്ല. അവളോടുള്ള അസൂയയും ദേഷ്യവും അവരുടെ മനസ്സിൽ വളർന്നു. അവൾക്ക് വീട്ടിൽ ഒന്നിനും ഒരു കുറവുമില്ലാതെ ജീവിക്കുന്നത് അവർക്ക് സഹിക്കാൻ കഴിയുന്നതിലും അപ്പുറമായിരുന്നു.

ഒരു ദിവസം ഏഴ് സഹോദരന്മാരും കച്ചവടത്തിനായി ദൂരദേശത്തേക്ക് യാത്രയായി. അവർ മടങ്ങിവരാൻ മാസങ്ങളെടുക്കും. ഇതാണ് നല്ല അവസരമെന്ന് ജ്യേഷ്ഠത്തിമാർ ഉറപ്പിച്ചു. സഹോദരന്മാർ പോയ പിറ്റേദിവസം മുതൽ അവർ ആ പെൺകുട്ടിയെ ക്രൂരമായി പീഡിപ്പിക്കാൻ തുടങ്ങി.

വീട്ടിലെ കഠിനമായ എല്ലാ ജോലികളും അവളെക്കൊണ്ട് ചെയ്യിച്ചു. അവൾക്ക് കഴിക്കാൻ പഴയതും കേടായതുമായ ഭക്ഷണമാണ് നൽകിയത്. എങ്കിലും അവൾ ഒന്നും പരാതിപ്പെടാതെ എല്ലാം സഹിച്ചു.

ഒരു ദിവസം നാത്തൂന്മാർ അവളെ വിളിച്ച് ഒരു വലിയ മൺകുടം നൽകിക്കൊണ്ട് പറഞ്ഞു:

'നീ കാട്ടിലെ കിണറ്റിൽ പോയി ഇതിൽ വെള്ളം കോരി വരണം. ഒരു നിബന്ധനയുണ്ട്, കുടം തുളുമ്പരുത്. എന്നാൽ കുടം നിറയെ വെള്ളം ഉണ്ടായിരിക്കുകയും വേണം!'

സത്യത്തിൽ അവൾക്ക് വെള്ളം കോരാൻ കൊടുത്തത് അടിയിൽ ഒരു വലിയ തുളയുള്ള പഴയ കുടമായിരുന്നു.

അവൾ നടന്നു. ക്ഷീണം മറന്ന് നടന്നു. വിശപ്പ് സഹിച്ച് നടന്നു. അവളുടെ കാൽവണ്ണം വേദനകൊണ്ടു പുളഞ്ഞു. എന്നിട്ടും ആ പെൺകുട്ടി കാട്ടിലെ കിണറ്റിനരികിൽ എത്തി. തുളയുള്ള കുടത്തിൽ എങ്ങനെ വെള്ളം നിറയ്ക്കുമെന്ന് അറിയാതെ അവൾ കിണറ്റിൻ കരയിലിരുന്ന് ഉറക്കെ കരഞ്ഞു.

അവളുടെ സങ്കടം കണ്ട് കിണറ്റിലുണ്ടായിരുന്ന നാഗരാജാവ് പുറത്തേക്ക് വന്നു.

'നീ എന്തിനാണ് കരയുന്നത്?'

തന്റെ ജ്യേഷ്ഠത്തിമാർ ചെയ്ത ക്രൂരതയും തുളയുള്ള കുടത്തിന്റെ കഥയും അവൾ പറഞ്ഞു.

പെൺകുട്ടിയുടെ നിഷ്കളങ്കത കണ്ട നാഗരാജാവിന് അനുകമ്പ തോന്നി.

പാമ്പ് കുടത്തിന്റെ അടിയിൽ തുള വീണ ഭാഗത്ത് ചുരുണ്ടുകൂടി കിടന്നു. എന്നിട്ട് പറഞ്ഞു:

'ഇനി നീ വെള്ളം കോരിക്കൊള്ളൂ, വെള്ളം പുറത്തുപോകില്ല.'

അങ്ങനെ അവൾ വെള്ളവുമായി വീട്ടിലെത്തി. ഇതുകണ്ട് അത്ഭുതപ്പെട്ട ജ്യേഷ്ഠത്തിമാർ അടുത്ത തന്ത്രം മെനഞ്ഞു.

പിറ്റേദിവസം അവർ അവളോട് കാട്ടിൽ പോയി വിറക് ശേഖരിക്കാൻ ആവശ്യപ്പെട്ടു. എന്നാൽ വിറക് കെട്ടാൻ കയറിന് പകരം അവർ അവൾക്ക് നൽകിയത് ജീവനുള്ള ഒരു നീർപ്പാമ്പിനെയായിരുന്നു. പേടിച്ചുവിറച്ച അവൾ കാട്ടിലെത്തി വീണ്ടും കരയാൻ തുടങ്ങി.

അവളുടെ കരച്ചിൽ കേട്ട് കാട്ടിലെ മൃഗങ്ങളും പക്ഷികളും അരികിലെത്തി. അവൾക്ക് വിറക് കെട്ടാൻ പക്ഷികൾ തങ്ങളുടെ കൊക്കുകൾ കൊണ്ട് നല്ല വള്ളിച്ചെടികൾ അറുത്തു നൽകി. കാട്ടിലെ മൃഗങ്ങൾ അവളെ സഹായിച്ചു. അങ്ങനെ അന്നും അവൾ സുരക്ഷിതമായി വീട്ടിലെത്തി.

ഇതോടെ ജ്യേഷ്ഠത്തിമാരുടെ ദേഷ്യം ഇരട്ടിച്ചു. അവർ അവളെ എങ്ങനെയെങ്കിലും ഇല്ലാതാക്കാൻ തീരുമാനിച്ചു. അവർ അവളെ വീണ്ടും കാട്ടിലേക്ക് അയക്കുകയും, അവിടെ വെച്ച് വന്യമൃഗങ്ങൾ അവളെ ആക്രമിക്കാൻ തക്കവണ്ണം കാടിന്റെ ഉള്ളിലേക്ക്, വഴി അറിയാൻ പാടില്ലാത്തവിധം ഓടിച്ചു.

കാട്ടിൽ ഒറ്റപ്പെട്ട ആ പാവം പെൺകുട്ടി വിശപ്പും ദാഹവും കൊണ്ട് അലഞ്ഞുതിരിഞ്ഞു. ഒടുവിൽ അവൾ ബോധരഹിതയായി വീണു.

അവളുടെ അവസ്ഥ കണ്ട് പ്രകൃതിക്ക് സങ്കടം തോന്നി. അവൾ വീണ മണ്ണിൽ നിന്ന് പെട്ടെന്ന് ഒരു പൂമരം വളർന്നു. ആ പെൺകുട്ടിയുടെ ആത്മാവ് ആ മരമായി മാറി. അതിൽ സുഗന്ധമുള്ള ഏഴ് സ്വർണ്ണപ്പൂക്കൾ വിരിഞ്ഞു.

മാസങ്ങൾക്ക് ശേഷം ഏഴ് സഹോദരന്മാരും കച്ചവടം കഴിഞ്ഞ് വലിയ സമ്പത്തുമായി ആ കാട്ടിലൂടെ മടങ്ങുകയായിരുന്നു. തങ്ങളുടെ പ്രിയപ്പെട്ട അനിയത്തിയെ കാണാനുള്ള ആവേശത്തിലായിരുന്നു അവർ. കാട്ടിലെ പൂമരത്തിന്റെ ഭംഗിയും സുഗന്ധവും കണ്ട് മൂത്ത സഹോദരൻ കുതിരയെ നിർത്തി.

അവൻ പറഞ്ഞു: 'എന്തൊരു മനോഹരമായ പൂക്കൾ! വീട്ടിൽ കാത്തിരിക്കുന്ന അനിയത്തിക്കായി ഞാൻ ഒരു പൂവ് പറിക്കട്ടെ.'

അവൻ പൂവ് പറിക്കാൻ കൈ നീട്ടിയതും, മരത്തിൽ നിന്ന് ഒരു പെൺകുട്ടിയുടെ മധുരമുള്ള ശബ്ദം കേട്ടു:

'ജ്യേഷ്ഠാ, കൈ നീട്ടരുതേ, പൂവ് പറിക്കരുതേ! ജ്യേഷ്ഠത്തിമാർ എന്നെ കാട്ടിൽ ഉപേക്ഷിച്ചു, ഞാൻ പൂമരമായി മാറി!'

ഇത് കേട്ട് സഹോദരന്മാർ ഞെട്ടിപ്പോയി. അവർ സങ്കടപ്പെട്ടു. അവർ മരത്തോട് സംസാരിക്കാൻ തുടങ്ങി. അനിയത്തി തനിക്ക് സംഭവിച്ച എല്ലാ ക്രൂരതകളും മരത്തിലിരുന്ന് പാട്ടായി പാടി കേൾപ്പിച്ചു. സഹോദരന്മാർ ദുഃഖം താങ്ങാനാവാതെ ഉറക്കെ കരഞ്ഞു. അവർ മരത്തെ കെട്ടിപ്പിടിച്ച് മാപ്പ് അപേക്ഷിച്ചു.

അവരുടെ കണ്ണീർ മരത്തിന്റെ വേരുകളിലേക്ക് ഇറങ്ങിയപ്പോൾ അവിടെ



ഒരു അത്ഭുതം സംഭവിച്ചു. പൂമരം പെട്ടെന്ന് അപ്രത്യക്ഷമാവുകയും, അതിനുള്ളിൽ നിന്ന് അവരുടെ പഴയ അനിയത്തി ജീവനോടെ, കൂടുതൽ സുന്ദരിയായി പുറത്തേക്ക് വരികയും ചെയ്തു!

സഹോദരന്മാർ അവളെ സന്തോഷത്തോടെ കെട്ടിപ്പുണർന്നു. അവളെ ആശ്വസിപ്പിച്ചു. കുട്ടിക്കാലത്തെ കുസൃതികൾ ഓർമപ്പെടുത്തി.

അവർ വീട്ടിലെത്തി. വീട്ടിലെത്തിയ അവർ തങ്ങളുടെ ഭാര്യമാരെ ശാസിക്കുകയും ശിക്ഷിക്കുകയും വീട്ടിൽ നിന്നും പുറത്താക്കുകയും ചെയ്തു.

തങ്ങൾ ചെയ്ത തെറ്റ് അവർക്കു മനസ്സിലായി. അവർ ഭർത്താക്കന്മാരോടെ മാപ്പ് അപേക്ഷിച്ചു. ഒരിക്കലും ഒരുകാരണത്താലും ഒരനിഷ്ടവും ചെയ്യില്ലായെന്ന് ഉറപ്പു നൽകി. അവർ അനിയത്തിയുടെ വാക്കുകൾക്കായി കാത്തു. അനിയത്തി ജ്യേഷ്ഠത്തിമാർക്ക് മാപ്പു നൽകി. അവർ ഒത്തൊരുമിച്ച് ആ ഭവനത്തിൽ താമസിക്കുകയും ചെയ്തു.


ഗുരു നിത്യചൈതന്യയതി
ജന്മശതാബ്ദി സ്മരണിക

**യതിജ്ഞാനസരണി**

**150ൽപരം എഴുത്തുകാരുടെ പ്രൗഢലേഖനങ്ങൾ**
**ഗുരു നിത്യയെക്കുറിച്ച് ഉത്തമ റഫറൻസ് ഗ്രന്ഥം**



## പുസ്തകവിചാരം

എ.സി.ജോർജ്

# സൂഫികളും സുൽത്താന്മാരും

ജോൺ ഇളമത



**ജോൺ** ഇളമത എഴുതിയ ഏറ്റവും പുതിയ ചരിത്ര നോവൽ സൂഫികളും സുൽത്താന്മാരുംഇതിനകം അനേകം വായനക്കാരുടെയും അനുവാചകരുടെയും പ്രശംസ പിടിച്ചു പറ്റിയിട്ടുണ്ട്. ജോൺ ഇളമത എഴുതിയ മാർക്കോ പോളോ എന്ന ചരിത്രസഞ്ചാര നോവൽ വായനക്കാരെ ഹഠാദാകർഷിച്ചിരുന്നു. ഏതാണ്ട് അതേ ചുവടു പിടിച്ചു തന്നെയാണ് വളരെ ലളിതമായ ശൈലിയിൽ ഇബ്നു ബത്തൂത്തയുടെ യാത്രക്കുറുപ്പുകളെ ആധാരമാക്കി സൂഫികളും സുൽത്താൻമാരും എന്ന പേരിൽ ചരിത്രസഞ്ചാര നോവൽ രചിച്ചിരിക്കുന്നത്.

മാർക്കോപോളോക്ക് ശേഷം ഏതാണ്ട് അമ്പതിൽപരം വർഷങ്ങൾ കഴിഞ്ഞാണ് ഇബ്നുബത്തൂത്ത യാത്ര ആരംഭിക്കുന്നത്. മാർക്കോപോളോ 15000 മൈൽ സഞ്ചരിച്ചുവെങ്കിൽ അതിൻറെ 5 ഇരട്ടി ഏതാണ്ട് 75000 മൈൽ ഇബ്നു ബത്തൂത്ത സഞ്ചരിച്ചു. 1325 മുതൽ 1354 വരെ 29 വർഷക്കാലം ഭൂമി പരന്നതെന്നും ജെറുസലം ഭൂമിയുടെ മധ്യഭാഗത്താണെന്നും കരുതിയിരുന്ന മധ്യകാലഘട്ടത്തിലെ യാത്ര അതീവ ഗുരുതരവും ദുർഘടം പിടിച്ചതും ആയിരുന്നു. അങ്ങനെയൊരു അനച്ഛിതത്വവും ആപൽകരവുമായ കാലഘട്ടത്തിൽ ജീവൻ പണയം വെച്ച് ഭൂമിയുടെ മറുപുറം തേടിയുള്ള യാത്രക്കു ഒരു തിരിച്ചുവരവ് നിശ്ചയം ഉണ്ടായിരുന്നില്ല.

വെനീസുകാരനായ മാർക്കോപോളോ മുഖ്യമായി വ്യാപാരത്തിനു വേണ്ടിയാണ് സഞ്ചാരങ്ങൾ നടത്തി ചൈനയിൽ എത്തിയത്. എന്നാൽ മൊറോക്കോകാരൻ ഇബ്നു ബത്തൂത്ത സൂഫികളെയും സുൽത്താന്മാരെയും തേടിയും ഇസ്ലാം സംസ്കാരം കൂടുതലായി പഠിക്കുവാനും പ്രചരിപ്പിക്കുവാനും വേണ്ടിയാണ് ദീർഘ യാത്രക്കു പുറപ്പെട്ടത്. മൊറോക്കോയിൽ അദ്ദേഹം ഒരു ഇസ്ലാം മതപണ്ഡിതനും, ഇസ്ലാം ജഡ്ജി കൂടെ ആയിരുന്നു. ആ നിലയിൽ ഇസ്ലാമിക് ലോകരാജ്യങ്ങളിൽ അദ്ദേഹം കൂടുതൽ സ്വീകാര്യനായിരുന്നു. ഇന്നത്തേത് പോലെ യാതൊരു തരത്തിലുള്ള വാർത്താ സാങ്കേതിക മികവുകൾ ഇല്ലാതിരുന്ന ആ കാലഘട്ടത്തിലെ ജീവിതങ്ങളും, അനുഭവ കഥകളും, യാത്രകളും, അധികവും ഭാവനകളിൽ നിന്ന് മിനഞ്ഞെടുത്തു കൂട്ടിച്ചേർത്തവയാണ്. അത് ഇക്കാലത്തെ ഏതൊരു എഴുത്തുകാരൻ ആണെങ്കിലും അത് അങ്ങനെ തന്നെ മാത്രമേ സാധിക്കുകയുള്ളൂ. എങ്കിലും ഒരു ചരിത്രാന്വേഷി എന്ന നിലയിൽ ശ്രീ ജോൺ ഇളമത ആകാവുന്നത്ര റിസർച്ചും നിരീക്ഷണങ്ങളും നടത്തിത്തന്നെ, ഈ ചരിത്ര നോവൽ പൂർത്തിയാക്കിയിരിക്കുന്നു.

അതിസാഹസികമായ ഈ യാത്രക്കുശേഷം ഒരു മടങ്ങിവരവ് ഉണ്ടാകില്ല എന്ന് തന്നെ ഇബ്നു ബത്തൂത്തയുടെ മാതാപിതാക്കളും മറ്റു കുടുംബാംഗങ്ങളും പൂർണ്ണമായി വിശ്വസിച്ചിരുന്നതിനാൽ അവർ കണ്ണുനീരോടെയാണ് ബത്തൂത്തയെ യാത്രയാക്കിയത്. അറ്റ്ലാൻഡിക് കടൽ, മെഡിറ്ററേനിയൻ കടൽ, ജിബ്രാൾട്ടർ കടലിടുക്ക്, പസഫിക് സമുദ്രം, ഇന്ത്യ മഹാസമുദ്രം, ബംഗാൾ ഉൾക്കടൽ, ഇതെല്ലാം ഓരോ യാത്രയ്ക്കിടയിൽ സമയോചിതമായി കടക്കേ തായിട്ടുണ്ടായിരുന്നു. അന്നു ഉള്ളത് പായ്ക്കപ്പലുകൾ മാത്രം. അത് മുങ്ങിപ്പോകുവാനും ദിശ മാറി സഞ്ചരിക്കുവാനും സാധ്യതകൾ ഏറെയാണു താനും. കൊടുങ്കാറ്റ്, കൊടുമുടി ഉയരത്തിൽ അലയടിക്കുന്ന തിരമാലകൾ. കടലിലെ ഹിംസ്രജന്തുക്കൾ. കരയിൽ ആണെങ്കിൽ പലയിടങ്ങളിലും നരഭോജികൾ ആയ മനുഷ്യർ, ആന സിംഹം കടുവ പുലി പെരുമ്പാമ്പുകൾ അതീവ വിഷം വമിക്കുന്ന നിരവധി ഇഴജന്തുക്കൾ. മരം കോച്ചുന്ന ശീതക്കാറ്റുകൾ പലയിടത്തും, കാലത്തിനും സമയത്തിനും അനുസരിച്ച് ചിലയിടങ്ങളിൽ ഊഷരമായ പൊള്ളുന്ന തൊലി ഉരിയുന്ന കഠിനമായ ചൂട് കാറ്റ്. ഇത്തരം സാഹചര്യങ്ങളെല്ലാം അതിജീവിച്ച് വേണം ഇത്തരം സഞ്ചാരികൾ യാത്ര പൂർത്തീകരിക്കാൻ. യാത്രക്കു പുറപ്പെടുന്നവരിൽ അവസാനം നൂറിൽ ഒരാൾ മാത്രമേ സാധാരണയായി രക്ഷപ്പെട്ട് തിരിച്ചെത്താറുള്ളൂ എന്നാണ് പറയപ്പെടുന്നത്. ഇബ്നു ബത്തൂത്ത അത്തരത്തിൽ വിജയകരമായി യാത്ര പൂർത്തിയാക്കിയ ഒരു വ്യക്തി എന്നുള്ള നിലയിൽതന്നെ ശുഭ പര്യവസായി ആയിട്ട് തന്നെ നോവൽ സമാപിക്കുന്നു.

ഈ സാഹസിക യാത്രക്കാരൻ നേരിടേണ്ടിവന്ന നിരവധി യാത്രാജീവിത സംഘർഷങ്ങളെ, അതുപോലെ വളരെ സുഖമുള്ള അനുഭവങ്ങളെ വളരെ വ്യക്തമായി, ഇവിടെ അദ്ദേഹം ചിത്രീകരിക്കുന്നു. വളരെയധികം യാഥാർത്ഥ്യ ബോധത്തോടെ നടത്തിയ ഈ രചനയുടെ സംഭവപരമ്പരകൾ വളരെയധികം ആകാംക്ഷ ജനകങ്ങളാണ്. ഇവിടെ കഥയോടും കഥാപാത്രങ്ങളോടും ഒപ്പം മനസ്സിരുത്തി വായിക്കുന്ന വായനക്കാരൻ സഞ്ചരിക്കുകയാണ്. അന്യോന്യം മനസ്സിലാകാത്ത വൈവിധ്യമേറിയ ഭാഷകൾ സംസാരിക്കുന്ന മനുഷ്യരെയും അവിടത്തെ ഒക്കെ ഭരണകർത്താക്കന്മാരായ സുൽത്താന്മാരുടെയും, മഹാരാജാക്കന്മാരുടെയും, സാധാരണക്കാരായ പ്രജകളുടെയും സുഖ ദുഃഖങ്ങളും വ്യഥകളും സത്യസന്ധമായി ഈ നോവലിൽ ഉടനീളം മിഴിവോടെ പ്രതിഫലിക്കുന്നു. ആ കാലഘട്ടത്തിൽ അവിടെ യുള്ള ജീവിതങ്ങളുടെ അരക്ഷിതാവസ്ഥ. നീതി നിഷേധങ്ങൾ എല്ലാം നോവലിസ്റ്റ് വരച്ചു കാട്ടുന്നു. ഇതിലെ ഗ്രാമീണ ഭാഷകളും വിവരണങ്ങളും ശൈലികളും ഈ കൃതിയെ അത്യധികം ആകർഷകമാക്കുന്നു.

എത്ര കാലം എടുത്താലും വിവിധ മുസ്ലിം പ്രദേശങ്ങളും, അതുപോലെ അറബ് രാജ്യങ്ങളും, ഇന്ത്യയും ചൈനയും, സന്ദർശിക്കണം. ഏറ്റവും മുഖ്യമായി ഹജ്ജിന് വിശുദ്ധ മെക്കയിൽ എത്തി പ്രാർത്ഥിച്ചു പുണ്യം നേടി സ്വന്തം രാജ്യമായ മൊറോക്കോയിൽ തിരിച്ചെത്തണം എന്നതായിരുന്നു സാഹസിക യാത്രികനായ ഇബ്നു ബത്തൂത്തയുടെ ഉദ്ദേശവും ലക്ഷ്യവും. ലിബിയ, സുഡാൻ, ട്രിപ്പോളി, അൽജീരിയ, ഈജിപ്ത്, ഇറാൻ, ഇറാഖ്, ടർക്കി, ജോർദാൻ, എത്തിയോപിയാ, സോമാലിയ, അഫ്ഗാനിസ്ഥാൻ, മാലിദ്വീപ്, ഇന്ത്യ, ചൈന തുടങ്ങിയ ഇടങ്ങളിലാണ് മുഖ്യമായി സന്ദർശിച്ചത്. ഇവിടങ്ങളിൽ എല്ലാം തന്നെ അക്കാലത്ത് കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്ന നിലയിൽ സുൽത്താന്മാരോ രാജാക്കന്മാരോ ആണ് നാടുവാണിരുന്നത്. അവരുടെ രാജ്യത്തെ ജനങ്ങളെ മിക്കവാറും എല്ലാ തരത്തിലും അടിച്ചമർത്തി, അവരിൽനിന്ന് അധിക നികുതി പിരിച്ചാണ് ഇവരെല്ലാം തന്നിഷ്ടം മാതിരി ആർഭാട ജീവിതം നയിച്ചിരുന്നത്. നികുതി ദായകരായ പൊതുജനങ്ങളിൽ അധികപക്ഷവും മുഴു പട്ടിണിയിലും ദാരിദ്ര്യത്തിലും ചത്തൊടുങ്ങുമ്പോൾ, ചിലർ മണ്ണും പുല്ലും, ഗതിയില്ലാതെ തിന്നുമ്പോൾ

**പ്രസാധകർ: കൈരളി ബുക്സ് കണ്ണൂർ**
**വില: 250 രൂപ**

വെള്ളത്തിന് പകരം സ്വന്തം മൂത്രം പോലും മുള്ളികുടിച്ചു കൊണ്ടിരുന്നപ്പോൾ പിശാചിൻറെ സ്വഭാവമുള്ള ഈ ഭരണകർത്താക്കൾ തിന്നുകൊഴുത്ത് മദ്യത്തിലും മദിരാക്ഷിയിലും തിമിർത്താടി ജീവിച്ചു. ഇവരിൽ മിക്കവർക്കും നൂറുകണക്കിന് ഭാര്യമാരും വെപ്പാട്ടികളും ഉണ്ടായിരുന്നു. വെപ്പാട്ടിമാരും ഭാര്യമാരും ഗർഭിണികൾ ആവുകയും, പ്രസവത്തിനു പോവുകയും ചെയ്യുമ്പോൾ ആസ്ഥാനത്ത് പുതിയ പുതിയ ഭാര്യമാരും വെപ്പാട്ടികളും രാജാക്കന്മാരും സുൽത്താൻമാരും സ്വന്തമാക്കിയിരുന്നു. തിരുവായക്ക് ആരെങ്കിലും എതിർ നിൽക്കുന്നു എന്ന് കണ്ടാൽ അവരെ നിഷ്ഠൂരമായി ശിക്ഷിച്ചിരുന്നു. അവരുടെ കണ്ണുകൾ ചൂഴ്ന്നെടുക്കുക, കൈകാലുകൾ വെട്ടുക, ഹിംസ്ര മൃഗങ്ങളെ കൊണ്ട് വേട്ടയാടിക്കുക. ജനമധ്യത്തിൽ കൊന്നു കെട്ടി തൂക്കുക, അവരെ ജീവനോടെ തൊലി

ഉരിയുക, ജീവനോടെ കുന്തമുനയിൽ പട്ടണത്തിൽ പ്രദർശിപ്പിക്കുക തുടങ്ങിയ കിരാതമായ ശിക്ഷകളാണ് കൊടുത്തിരുന്നത്. സുൽത്താൻമാർക്കോ, രാജാക്കന്മാർക്കോ ഏതു പ്രജകളുടെ സുന്ദരിമാരായ ഭാര്യമാരെയോ, പ്രായമാകാത്ത പെൺകുട്ടികളെ പോലും ബലമായി പിടിച്ചു കൊണ്ട് കൊട്ടാരത്തിൽ കൊണ്ടുവന്നു ബലാൽകാരം ചെയ്യാനുള്ള അവകാശമുണ്ടായിരുന്നു. അതിനെ എതിർക്കുന്ന ഏതൊരാളെയും പലതരത്തിലുള്ള കിരാത ശിക്ഷകൾ നൽകി കാലപൂരിക്ക് അയക്കുക പതിവായിരുന്നു. സുഖലോലുപതയിൽ മുങ്ങി കുളിച്ചു ഇവർ ജീവിതം മുന്തിരി ചാറ് മാതിരി ആസ്വദിച്ചിരുന്നു. കൊട്ടാര നർത്തകിമാർ അവരുടെ മുമ്പിൽ വിവസ്ത്രയായി ആവശ്യപ്പെടുമ്പോൾ എല്ലാം സ്തനങ്ങളും ജഘ്നങ്ങളും കുലുക്കി മാദക നൃത്തം ആടണമായിരുന്നു.

അഫ്ഗാനിസ്ഥാനിലും, ഇന്ത്യയിലും, പ്രത്യേകിച്ച് കേരളത്തിലെ മലബാറിലും ഈ യാത്രികൻ എത്തിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. അവിടെയും നാട്ടു രാജാക്കന്മാരും സുൽത്താന്മാരും ഭരണകർത്താക്കളും ബത്തൂയെ രാജകീയമായി തന്നെ സ്വീകരിച്ചു. അവിടങ്ങളിലെ ഭരണങ്ങളും ഒട്ടുംതന്നെ മെച്ചമായിരുന്നില്ല. ഇവിടെയും സുൽത്താന്മാരും രാജാക്കന്മാരും സ്വന്തം പ്രജകളെ പരമാവധി ദ്രോഹിച്ചിരുന്നു ചൂഷണം ചെയ്തിരുന്നു. ഇന്ത്യയിലെ നാട്ടുരാജാക്കന്മാരും സുൽത്താന്മാരും ഭരണകർത്താക്കളും സുഖലോലുപതയിൽ തന്നെ ജീവിച്ചിരുന്നു. അനാചാരങ്ങളും ദുരാചാരങ്ങളും അന്ധവിശ്വാസങ്ങളും ഭരണകർത്താക്കളുടെ ഇടയിലും ജനങ്ങളുടെ ഇടയിലും ഉണ്ടായിരുന്നു. രജപുത്ര രാജാക്കന്മാരും, മുഹമ്മദ് ബിൻ തുഗ്ലക്കുകളും ഇന്ത്യയെ ഭരിച്ചു നശിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. മധ്യപൂർവ്വ ഏഷ്യയിൽ നിന്ന് ഇന്ത്യയിലേക്ക് കുടിയേറിയ ഒരുപറ്റം ജനത പെറ്റുപെരുകി പിൽക്കാലത്ത് അവർ ഹിന്ദുക്കൾ എന്ന് അറിയപ്പെട്ടു. അവർ ഇന്ത്യയിലെ ആദിവാസികളെ താഴ്ന്ന ജാതിക്കാർ ആക്കി ഏറ്റവും താഴെത്തട്ടിൽ ഒതുക്കി നിർത്തി. ശരിക്കും ഇന്ത്യ മഹാരാജ്യത്തിന്റെ ഏറ്റവും വലിയ അവകാശികൾ ആ പാവപ്പെട്ട ആദിവാസികൾ തന്നെയാണെന്ന് ഇബ്നു ബത്തൂത്ത രേഖപ്പെടുത്തുന്നു. ഇന്ത്യയിലെ വിവിധ നാട്ടുരാജാക്കന്മാരിൽ നിന്ന് ഈ സഞ്ചാരി ധാരാളം വിലപിടിപ്പുള്ള സമ്മാനങ്ങളും നേടുകയുണ്ടായി. മലബാറിൽ എത്തിയപ്പോൾ ഭരണകർത്താവ് സാമൂതിരി ചുക്ക് കുരുമുളക് അടയ്ക്ക, തുടങ്ങിയ അനവധി സുഗന്ധദ്രവ്യങ്ങളാണ് സഞ്ചാരിക്ക് സമ്മാനമായി നൽകിയത്.

സർവ്വാധികാരികളായ പല സുൽത്താന്മാരും വിദേശത്തുനിന്ന് എത്തിയ പണ്ഡിതനായ സഞ്ചാരി ഇബ്നു ബത്തൂത്തയെ വളരെ രാജകീയമായി തന്നെ അവരുടെ കൊട്ടാരത്തിൽ സ്വീകരിച്ചതായി അദ്ദേഹം തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. പല സുൽത്താന്മാരും ധാരാളം അടിമകളെയും, സുന്ദരിമാരായ, സ്ത്രീ രത്നങ്ങളെയും അദ്ദേഹത്തിന് ദാനമായി കൊടുത്തിരുന്നു. അക്കാലത്തെ നാട്ടുമുറയും രീതിയും അനുസരിച്ച് ഇബ്നു ബത്തൂത്തയും ആ സൗകര്യങ്ങളെല്ലാം വളരെ നന്നായിട്ട് തന്നെ ആസ്വദിച്ചു വന്നു. കിട്ടിയ പെണ്മണികളെ ഭോഗിച്ചു. ചിലരെല്ലാം ഗർഭിണികൾ പോലും ആയി. അവരിൽ ചിലരെ യാത്രയ്ക്കിടയിൽ ഉപേക്ഷിച്ചു പോകാൻ അദ്ദേഹത്തിനു മടിയുണ്ടായിരുന്നു. ചിലരെയൊക്കെ ചില യാത്രകളിൽ കൂടെ കൂട്ടിയെങ്കിലും അവസാനം വരെ ആരെയും മടക്കയാത്രയിൽ കൊണ്ടുവന്നില്ല. എല്ലാവരെയും ഉപേക്ഷിക്കേണ്ടിവന്നു. ഇതിനെല്ലാം ഉപരി ധാരാളം സ്വർണ്ണ വെള്ളി നാണയങ്ങളും രത്നങ്ങളും പാരിതോഷികങ്ങളും അടിമ തൊഴിലാളികളും, കഴുതകളും, കുതിരകളും ഒക്കെ സമ്മാനമായി രാജാക്കന്മാരും സുൽത്താന്മാരും അദ്ദേഹത്തിന് നൽകിയിരുന്നു. എന്നാൽ നീണ്ട യാത്രയ്ക്കുള്ളിൽ അതിൽ പലതും കൊള്ളക്കാർ കൊള്ളയടിച്ചു കൊണ്ടുപോയി. പല അവസരത്തിലും ജീവൻ തന്നെ തിരിച്ചു കിട്ടിയത് ഒരു അനുഗ്രഹമായി അദ്ദേഹം കരുതി.

ഒരു അവസരത്തിൽ നരഭോജികളായ കൊടുംക്രൂര കൊള്ളസംഘത്തിന്റെ പിടിയിൽ പെട്ടതാണ്. അവർ കൊടുവാളും കത്തിയുമായി തന്നെ വെട്ടിനുറുക്കി മാംസ കഷ്ണങ്ങളാക്കി മുളകുപൊടി തേച്ചു എണ്ണയിലിട്ട് വറുത്തു തിന്നാൻ പ്ലാനിട്ടു എന്നറിഞ്ഞപ്പോൾ അവരിൽ നിന്ന് വളരെ തന്ത്രപരമായി മിനിറ്റുകൾക്കുള്ളിൽ അല്ലാഹുവിൻറെ സഹായത്താൽ മാത്രമാണ് രക്ഷപ്പെട്ടത് എന്ന് അദ്ദേഹം ഓർത്തെടുക്കുന്നു. അതുപോലെ ഓരോ സാഹചര്യത്തിലും, മനുഷ്യസഹജമായ ദുർബലതകൾക്കു അടിമപ്പെട്ടു യാത്രയ്ക്കിടയിൽ ചെയ്തുപോയ തെറ്റുകൾക്കും പാപങ്ങൾക്കും ഹൃദയമുരുകിയുള്ള അനുതാപത്തോടെ അല്ലാഹുവിനോട് മാപ്പപേക്ഷിച്ചു. ഇബ്നു ബത്തൂത്തയുടെ ഉലകം ചുറ്റിയുള്ള യാത്രയുടെ ഏറ്റവും വലിയ ലക്ഷ്യവും മുഹൂർത്തവും മെക്കയിലെത്തി, ഹജ്ജിൽ സംബന്ധിച്ചു അല്ലാഹുവിനോട് പ്രാർത്ഥിക്കുക എന്നതായിരുന്നു. അതും സഫലമായി. സ്വദേശമായ മൊറോക്കോയിലേക്കുള്ള മടക്കയാത്രയും അതീവ ദുർഘടവും സാഹസികവും ആയിരുന്നു. സ്വദേശത്ത് മടങ്ങിയെത്തിയ ആ അതിസാഹസിക ലോകയാത്രികനെ വീട്ടുകാരും സ്വന്തക്കാരും അല്ലാഹു അക്ബർ എന്ന പ്രാർത്ഥന മുറവിളികളോടെ സ്വീകരിച്ചു.

കുടുംബത്തിൻറെ അഭീഷ്ടമനുസരിച്ച് അനുയോജ്യയായ ഒരു പെൺകുട്ടിയെ നിക്കാഹ് കഴിച്ച് സ്വസ്ഥം ഗ്രഹ ജീവിതം ആരംഭിച്ചു. അന്നത്തെ, മൊറോക്കോ ഭരണകർത്താവ് സുൽത്താൻ ആവശ്യപ്പെട്ടതനുസരിച്ച് ഈ ലോകയാത്രികൻ ഇബ്നു ബത്തൂത്ത സ്വന്തം ലോക യാത്ര കുറിപ്പുകൾ എഴുതി പ്രസിദ്ധീകരിച്ചു.

ഹൃദയസ്പർശിയാണ് ഈ ചരിത്ര നോവൽ.

*ഫോൺ നമ്പർ: 0497 2761200. Amazon.inയിലും പുസ്തകം ലഭിക്കും.*



കൃഷ്ണമൂർത്തിയും നടത്തിയത്. പൗരാണികമായ ഓരോ ക്ഷേത്രത്തിലും എത്തും. അവിടുത്തെ കുളത്തിൽ കുളിക്കും. നൈവേദ്യച്ചോറുകൊണ്ട് വിശപ്പടക്കും. രാത്രികളിൽ അമ്പലത്തിണ്ണയിൽ കിടന്നുറങ്ങും. പൂജാരിമാരിൽ നിന്നും ക്ഷേത്രമാഹാത്മ്യങ്ങളും കലാകാരന്മാരിൽ നിന്നും കലാരൂപങ്ങളെക്കുറിച്ചും അറിഞ്ഞുള്ള യാത്രയായിരുന്നു അത്. ഒരിടത്തുനിന്നും മറ്റൊരിടത്തേക്കുള്ള യാത്രയിൽ ഒരു ക്ഷേത്രത്തിലെത്തിയപ്പോൾ അവിടെ ഭാഗവതപാരായണം നടക്കുന്നു. അക്ഷരശുദ്ധിയും സ്ഫുടതയുമുള്ള വായന. അതിനുശേഷം ലളിതമായ ഭാഷയിൽ വിശദീകരണം. ഇടയ്ക്ക് തലയുയർത്തി തെളിദീപത്തെ നോക്കി വണങ്ങും. കേൾവിക്കാർ ആരും തന്നെ അവിടെയുണ്ടായിരുന്നില്ല. എന്നിട്ടും ഭാഗവതർ വായനയിൽ ഒരു കുറവും വ്യാഖ്യാനത്തിൽ ലുബ്ധതയും കാട്ടിയില്ല.

കൃഷ്ണനാട്ടം കാണാൻ ഗുരുവായൂരിൽ എത്തിയപ്പോഴും അവിടുത്തെ അപ്പോഴത്തെ അനുഭവവും മറിച്ചായിരുന്നില്ല. എട്ടുപത്തുപേർ അരങ്ങിൽ ആടിതിമിർക്കുന്നു. കാഴ്ചക്കാരായി ആട്ടവിളക്കും പിന്നെ കൃഷ്ണമൂർത്തിയും മാത്രം. നിർമാല്യത്തിനായി മേൽശാന്തി എത്തുന്നിടംവരെ കൃഷ്ണനാട്ടം തുടർന്നു. കാണികളില്ലെങ്കിൽ പിന്നെന്തിനാണ് ആടുന്നതെന്ന് ചോദിച്ചു. 'ഞങ്ങൾ കല അഭ്യസിക്കുന്നത് മുന്നിലിരിക്കുന്ന കുറച്ചുപേർക്കു വേണ്ടിയല്ല. മറിച്ച് ഈ തെളിച്ചിരിക്കുന്ന ദീപത്തിനുവേണ്ടിയാണ്. ഈ ദീപം ബ്രഹ്മമാണ്. ഈ ദീപം ഈശ്വരനാണ്. ഈശ്വരനുവേണ്ടിയാണ് ഞങ്ങൾ കല അഭ്യസിക്കുന്നത്. ഒരു യഥാർത്ഥ കലാകാരൻ ഈശ്വരനുവേണ്ടിയാണ് കല അഭ്യസിക്കുന്നത്.' ആ കലാകാരന്റെ മറുപടി കൃഷ്ണമൂർത്തിയുടെ ജീവിതത്തെ അപ്പാടെ സ്വാധീനിച്ചു. ചുറ്റുപാടും ഉറക്കത്തിലാകുമ്പോഴും ഉണർന്നിരിക്കേണ്ടവനാണ് കലാകാരൻ എന്ന തത്ത്വവും അവരിൽ നിന്നും ഗ്രഹിച്ചു.

ക്ഷേത്രകലകളെക്കുറിച്ചും അതിന്റെ തനിമയിൽ നിന്നുതന്നെയുള്ള അറിവ് ഏതാണ്ട് പരിപാകമായെന്നു തോന്നിയപ്പോൾ തന്റേതായ ഒരു കലാസൃഷ്ടി ചെയ്യണമെന്ന് ആഗ്രഹം ഉണ്ടായി. കൈമുതലായി ലഭിച്ച യാത്രാനുഭവങ്ങൾ. ക്ഷേത്രങ്ങളുടെ മതിൽക്കെട്ടിനുള്ളിൽ, പുറംലോകമറിയാതെ ജീവിച്ചു മരിക്കുന്ന പൂജാരിമാർ, വലിയ സിദ്ധിയുണ്ടായിട്ടും ചുറ്റുവട്ടത്തിനപ്പുറം അറിയപ്പെടാതുപോയ കലാകാരന്മാർ. അവരുടെ ജീവിതം പറയുന്ന കഥയാണ് 'തമസോ മാ ജ്യോതിർഗമയ'. അതിന്റെ സ്ക്രിപ്റ്റ് എം.ടി.വാസുദേവൻ നായർക്ക് അയച്ചു കൊടുത്തു. എം.ടി.ക്ക് പ്രിയപ്പെട്ട കഥാന്തരീക്ഷമാണ്. 'ഇതു ഞാനെഴുതേണ്ട സ്ക്രിപ്റ്റാണ്. വിഷയം എനിക്ക് ഏറ്റവും പ്രിയപ്പെട്ടത്. നന്നായി..' എന്നായിരുന്നു മറുപടി.

റീഹേഴ്സൽ ആരംഭിക്കുന്നതിനുമുമ്പ് കാവാലം നാരായണപ്പണിക്കരുടെ അടുത്തെത്തി അദ്ദേഹത്തിന്റെ രംഗാനുഭവങ്ങൾ മനസ്സിലാക്കി. നെടുമുടി വേണു, കൈതപ്രം ദാമോദരൻ നമ്പൂതിരി, ചുമ്മാർ ചുണ്ടേൽ തുടങ്ങിയവർ സ്ക്രിപ്റ്റ് വായനയുടെ കേൾവിക്കാരായിരുന്നു. വലിയ മാറ്റം കൂടാതെ സ്ക്രിപ്റ്റ് എല്ലാവരും അംഗീകരിച്ചു. നാടകത്തിന്റെ ചെലവിലേക്കായി ഏതാണ്ട് ഒരു വർഷത്തെ ശമ്പളം മുൻപുതന്നെ സ്വരുക്കൂട്ടിയിരുന്നു.

വെളിച്ചപ്പാടിന്റെ വേഷമിടേണ്ടത് യഥാർത്ഥ വെളിച്ചപ്പാടുതന്നെയായിരിക്കണം. ഒരു നടനെ ഒ രുക്കിയുള്ള പരീക്ഷണത്തിന് കൃഷ്ണമൂർത്തി തയ്യാറായിരുന്നില്ല. പയ്യന്നൂർ ഭാഗത്തുള്ള ഒരു വെളിച്ചപ്പാടിനെക്കുറിച്ച് കേട്ടറിഞ്ഞ് അദ്ദേഹത്തിന് ഒരു കത്തിട്ടു.

'വരാം. പയ്യന്നൂരിൽ നിന്നു തിരുവനന്തപുരത്തേക്കുള്ള ട്രെയിൻ ചാർജ് 27 രൂപയാണ്. രണ്ടു ഭാഗത്തേക്കുമായി 54 രൂപ. 60 രൂപ തികച്ചു തന്നാൽ സന്തോഷം. പ്രയാസമാണെങ്കിൽ ചാർജു മാത്രം മതി. ഞാൻ വരും.'

ഉള്ളുനൊന്താണ് തുടർന്നുള്ള വരികൾ വായിച്ചത്. 'ആദ്യമായിട്ടാണ് പ്രദേശംവിട്ടു പുറത്തു പോകുന്നത്. ട്രെയിനിലെ കന്നിയാത്രയും. സ്റ്റേഷനിൽ വന്നു വിളിച്ചുകൊണ്ടില്ലെങ്കിൽ കുഴയും.'

കൃഷ്ണമൂർത്തി സ്റ്റേഷനിലെത്തി. വെളിച്ചപ്പാടിനെ തിരിച്ചറിയാൻ ബുദ്ധിമുട്ടിയില്ല. പള്ളിവാളും കാൽചിലമ്പും അരമണിയുമായി ഒരു വൃദ്ധൻ ട്രെയിനിൽ നിന്നും ഇറങ്ങി. പരിചയമില്ലാത്ത അന്തരീക്ഷം അയാളിൽ അമ്പരപ്പുളവാക്കിയിരുന്നു. പുതിയൊരു ലോകത്തിൽ എത്തപ്പെട്ടതുപോലെ അസ്വസ്ഥനായിരുന്നു.

റിഹേഴ്സൽ ആരംഭിച്ചു. അമ്പലവും കാവും ഒക്കെയാണ് സെറ്റിങ്സ്. നാടകമാണെന്നും അതുകൊണ്ട് നെറ്റി തല്ലി ഭൂമിയിൽ ചോര വീഴ്ത്തുകയൊന്നും വേണ്ടായെന്നു പറഞ്ഞുവെങ്കിലും അതൊന്നും വെളിച്ചപ്പാട് കേട്ടതായിപ്പോലും ഭാവിച്ചില്ല. നെറ്റിയിൽ മുറിവ് ഉണ്ടാക്കി മണ്ണിൽ ചോര വീഴ്ത്താതെ തുള്ളുവാൻ ആ കലാകാരൻ പഠിച്ചിട്ടില്ല. റിഹേഴ്സൽ കഴിഞ്ഞു. നാടകാവതരണത്തിനായി തട്ടിൽ കയറുന്നതിനുമുമ്പ് കൃഷ്ണമൂർത്തി ദക്ഷിണയായി അഞ്ചു നൂറുരൂപാ നോട്ടുകൾ പള്ളിവാളിൽ വച്ചുകൊടുത്തു. കുറെ നേരം വെളിച്ചപ്പാട് ഒന്നും പറയാതുതന്നെ അതിൽ നോക്കിനിന്നു. ആറു രൂപ മാത്രമാണ് അധികം ചോദിച്ചത്. ഇപ്പോഴിതാ അഞ്ഞൂറു രൂപ. 'നൂറു രൂപയുടെ നോട്ടുകൾ ആദ്യമായി കാണുകയാണ്!' വെളിച്ചപ്പാടിന്റെ ശബ്ദം ഇടറിയിരുന്നു.

'തമസോ മാ ജ്യോതിർഗമയ' നാടകം വൻ വിജയമായി. എഞ്ചിനീയറായ, സയന്റിസ്റ്റായ നടരാജ കൃഷ്ണമൂർത്തി എന്ന കലാകാരൻ വെളിപ്പെട്ട ദിനമായിരുന്നു അന്ന്.

അതിന്റെ തുടർച്ചയായിട്ടാണ് 'തുടക്കം', 'തുടർച്ച', 'നീലവെളിച്ചം', 'അവതാരം', 'സ്ത്രീപർവ്വം', 'മുറിവുകൾ', 'സമവാക്യം', 'സൂര്യകാന്തി', 'മേൽവിലാസം', 'പുലരി', 'ചായക്കടക്കഥകൾ' (ആറു ഭാഗങ്ങൾ) തുടങ്ങിയ നാടകങ്ങൾ എഴുതുന്നതും സംവിധാനം ചെയ്ത് അവതരിപ്പിക്കുന്നതും. 'മേൽവിലാസം' സിനിമ ആയപ്പോൾ അതിന്റെ തിരക്കഥ എഴുതി. 'ചായക്കടക്കഥകൾ' ദൂരദർശനുവേണ്ടി ടെലിഫിലിമാക്കി സംവിധാനം ചെയ്തു.

കായികമേഖലയിലും കൃഷ്ണമൂർത്തി പ്രവർത്തിച്ചിരുന്നു. അറുപതുകളുടെ അവസാ നത്തിൽ സംസ്ഥാനത്തെ മികച്ച ബാഡ്മിന്റൻ താരങ്ങളിൽ ഒരാളായിരുന്നു. ശ്രീമൂലം ക്ലബിൽ കൃഷ്ണമൂർത്തി തുടങ്ങിവച്ച വി.എസ്.എസ്.സി ഓൾ കേരള ബാഡ്മിന്റൻ ടൂർണമെന്റിലൂടെ ഒട്ടേറെ യുവതാരങ്ങൾക്ക് അവസരവും പ്രോത്സാഹനവും ലഭിച്ചിരുന്നു. ഒളിമ്പ്യൻ യു.വിമൽകുമാർ ഉൾപ്പെടെയുള്ള കായിക താരങ്ങൾ അക്കാലത്തെക്കുറിച്ച് അനുസ്മരിച്ചിട്ടുണ്ട്.

1989 ജൂലൈ മാസം കൃഷ്ണമൂർത്തിയുടെ ജീവിതം നിരാശയുടെയും നിരർത്ഥകതയുടേതുമായിരുന്നു. ഔദ്യോഗിക യാത്ര കഴിഞ്ഞ് ഡൽഹിയിൽ നിന്നും വീട്ടിലെത്തിയപ്പോഴാണ് അച്ഛൻ രോഗാവസ്ഥയിൽ ആശുപത്രിയിലാണെന്ന് അറിയുന്നത്. കുറേ ട്യൂബുകൾ വായിലും മൂക്കിലുമായി, അച്ഛൻ ചലനമറ്റു കിടക്കയിലാണ്. അച്ഛന്റെ ഓരോ അവയവവും മരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അടുത്തിരുന്ന മകന്റെ കൈയ്യിൽ മുറുകെ പിടിച്ചു. അദ്ദേഹത്തിന് മകനോടായി എന്തോ പറയണമെന്നുണ്ടായിരുന്നു. കാലം അതിന് അദ്ദേഹത്തെ അനുവദിച്ചില്ല. അച്ഛൻ മരിച്ചു എന്നറിഞ്ഞിട്ടും അമ്മ ഏതാണ്ടൊരു കൽപ്രതിമപോലെ ബഞ്ചിൽ ഇരുന്നു. അമ്മയൊന്നു പൊട്ടിക്കരഞ്ഞിരുന്നുവെങ്കിൽ എന്നാശിച്ച സമയം. ബന്ധുവായ ഒരു സ്ത്രീ മരണം അറിഞ്ഞ് ആശുപത്രിയിൽ എത്തി. അവർ ആദ്യം അമ്മയുടെ അടു



ക്കലെത്തി നെറ്റിയിലെ കുങ്കുമം മായിക്കുന്ന ശ്രമത്തിലായിരുന്നു. ആ സ്ത്രീക്കുപകരം ഒരു പുരുഷനാണ് വന്നിരുന്നതെങ്കിൽ ഇങ്ങനെ ചെയ്യുമോ എന്ന ചിന്ത കൃഷ്ണമൂർത്തിയുടെ മനസ്സിലൂടെ കടന്നുപോയി. അതൊരു നെരിപ്പോടായി പിൽക്കാലജീവിതത്തിലും കൃഷ്ണമൂർത്തിയെ പിൻതുടർന്നു.

മദ്രാസിൽ എം.എസ്.സുബ്ബലക്ഷ്മിയുടെ ഭവനത്തിൽ വച്ചു നടന്ന സൗഹൃദ സംഭാഷണത്തിൽ നിന്നാണ് സൂര്യ സ്റ്റേജ് ആൻഡ് ഫിലിം സൊസൈറ്റിയുടെ പിറവി. കെ.ജെ.യേശുദാസും, പത്മ സുബ്രഹ്മണ്യവും, മാവേലിക്കര കൃഷ്ണൻകുട്ടി നായരും, കൃഷ്ണമൂർത്തിയും കലയെയും സംസ്കാരത്തെയും കുറിച്ച് ആ ദിവസം മുഴുവൻ സംസാരിച്ചുകൊണ്ടിരുന്നു. തമിഴ്നാട്ടിലേയും മറ്റു സംസ്ഥാനങ്ങളിലേയും പോലെ എന്തുകൊണ്ട് കേരളത്തിലും ഒരു സാംസ്കാരികോത്സവം നടത്തിക്കൂടാ എന്ന ആശയത്തിലേക്കാണ് ആ സംഭാഷണം അവരെ കൂട്ടിക്കൊണ്ടുപോയത്.

'കല മനുഷ്യരെ ഒന്നിപ്പിക്കണം' എന്നതായിരുന്നു അതിലൂടെ അവർ ലക്ഷ്യമിട്ടത്. എല്ലാവർഷവും ഒക്ടോബറിന്റെ ആരംഭത്തിൽ തിരുവനന്തപുരത്തുവച്ച് ഫെസ്റ്റിവൽ നടത്താൻ തീരുമാനിച്ചു. ആരോഗ്യം അനുവദിക്കുന്ന കാലത്തോളം താൻ വന്നുകൊള്ളാം എന്ന് എം.എസ്.സുബ്ബലക്ഷ്മി നൽകിയ ഉറപ്പ് അവർക്ക് ആത്മവിശ്വാസം നൽകി. യേശുദാസും പത്മ സുബ്രഹ്മണ്യവും മാവേലിക്കര കൃഷ്ണൻകുട്ടി നായരും അതേയെന്നു ഉറപ്പുനൽകി. വൈകാതെ അതിന് വ്യക്തമായ ഒരു രൂപം കൈവന്നു. 1977ൽ സൂര്യ സ്റ്റേജ് ആൻഡ് ഫിലിം സൊസൈറ്റിയുടെ പിറവിയായി അത് പരിവർത്തനപ്പെട്ടു. ഗ്രീക്ക് ചിഹ്നത്തിൽ നിന്നും പ്രചോദനം ഉൾക്കൊണ്ട് രാവും പകലും ധ്വനിപ്പിക്കുന്നതാണ് സൂര്യയുടെ ചിഹ്നം.







1977 സെപ്റ്റംബർ ഒന്നിന് കേരള യൂണിവേഴ്സിറ്റിയുടെ സെനറ്റ് ഹാളിൽ സിനിമാ പ്രദർശനത്തോടെയാണ് അതിനു തുടക്കം കുറിച്ചത്. ആദ്യം പ്രദർശിപ്പിച്ച സിനിമ 'ലവ് സ്റ്റോറി'. പിറ്റേദിവസം പ്രദർശിപ്പിച്ചത് 'ദി ഒഡേസ ഫയൽ'. മൂന്നാം ദിവസം കലാപരിപാടിയായിരുന്നു അവതരിപ്പിച്ചത്. സിനിമകൾക്കുശേഷം ചർച്ചകളും സംവാദവും നടന്നു. കണ്ടുമടങ്ങേണ്ടുന്ന ഒന്നല്ല സിനിമ എന്നും അതിനൊരു സംവേദതലവും സൗഹൃദസംഘവും ഉണ്ടെന്നും തിരിച്ചറിഞ്ഞ കൂടിവരവുകൂടിയായിരുന്നു അത്.

കൃഷ്ണമൂർത്തിയുടെ നടേശം എന്ന ഭവനമായിരുന്നു പ്രവർത്തനത്തിന്റെ കേന്ദ്രം. ഓരോ വർഷവും അതുവരെ അവതരിപ്പിക്കാത്ത കലാരൂപങ്ങൾകൂടി ഉൾപ്പെടുത്തിയതോടെ സൂര്യയുടെ വേദി വിശാലവും വൈവിധ്യം നിറഞ്ഞതുമായി. അതൊരു ഫെസ്റ്റിവലായി മാറി. 2017 മുതൽ 111 ദിവസത്തെ പരിപാടിയായി അത് വളർന്നു. വർഷത്തിന്റെ മൂന്നിലൊന്നു ദിവസം ഒരു കലാസംഘടന തുടർച്ചയായി പരിപാടികൾ അവതരിപ്പിക്കുന്നു. പ്രതിഭകളുടെ തിളക്കം സൂര്യയെ കൂടുതൽ പ്രശസ്തിയിലേക്കുയർത്തി.

പ്രശസ്തരുടെ വേദിയായിരുന്നു സൂര്യ. സക്കീർ ഹുസൈൻ, അംജദ് അലി ഖാൻ, ഓം പുരി, ശബാന ആസ്മി, രോഹിണി ഹത്തംഗഡി, ഗിരീഷ് കാസറവള്ളി, ഗൗതം ഘോഷ്, സെയ്ദ് മിർസ, പത്മ സുഹ്മണ്യം, ശോഭന, മഞ്ജു വാര്യർ, ലക്ഷ്മി ഗോപാല സ്വാമി തുടങ്ങിയവർ സൂര്യയുടെ വേദികളെ സമ്പന്നമാക്കി.

അറിയപ്പെടാതുപോയ ആയിരക്കണക്കിന് നാടൻ കലാകാരന്മാരെ കണ്ടെത്തി അവർക്കും വേദിയൊരുക്കിയതോടെ സൂര്യ സ്റ്റേജ് ആൻഡ് ഫിലിം സൊസൈറ്റി ഒരു ജനകീയ സാംസ്കാരിക വേദിയായി മാറി. പ്രതിഫലം വാങ്ങാതെയാണ് എല്ലാ കലാകാരന്മാരും തങ്ങളുടെ സിദ്ധി സൂര്യയുടെ വേദിയിൽ അവതരിപ്പിച്ചത്. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നും വിദേശങ്ങളിൽ നിന്നും കലാകാരന്മാർ സൂര്യ ഫെസ്റ്റിവലിൽ പങ്കെടുത്തു. അവരുടെ എണ്ണം രണ്ടായിരത്തിൽ കുറയില്ലായെന്ന് അറിയുമ്പോഴാണ് അതിന്റെ പ്രസക്തി എത്രയധികമാണെന്നു ബോധ്യപ്പെടുന്നത്.

നാട്ടിൻപുറങ്ങളിലുള്ള കലകാരന്മാരെ കണ്ടെത്തി അവരുടെ സിദ്ധി സമൂഹത്തിനു ബോധ്യപ്പെടുത്തുന്നതിൽ സൂര്യകൃഷ്ണമൂർത്തി എന്നും ശ്രദ്ധിച്ചിരുന്നു. കുറിച്ചി പി.എസ്. കുമാരൻ എന്ന കലാകാരനെ കണ്ടെത്തിയ കഥ അതിലൊന്നുമാത്രം. 'താളങ്ങളുടെ ഇതിഹാസമെന്ന് വിശേഷിപ്പിക്കാവുന്ന കലാകാരനാണ്' കുറിച്ചി പി.എസ്.കുമാരൻ. അദ്ദേഹത്തിന്റെ 'അർജുനനൃത്തം' ലോകത്തിനു മുന്നിൽ അവതരിപ്പിച്ചത് സൂര്യയിലൂടെയാണ്. നൂറ്റിയൊന്നു താളങ്ങൾ അദ്ദേഹത്തിന് കരഗതമായിരുന്നു. അഞ്ചു താളങ്ങൾ ഒരേസമയം കൈകാര്യം ചെയ്തിരുന്ന അദ്ഭുതമനുഷ്യൻ. ഇടതു കൈയ്യിൽ ഒരു താളം, വലതു കൈയ്യിൽ മറ്റൊരു താളം, ഇടതുകാലിലും വലതുകാലിലും വെവ്വേറെ താളങ്ങൾ. നാവിൽ മറ്റൊരു താളം. 'അർജുനനൃത്തം' എന്ന ക്ഷേത്രകലാരൂപം അറിയുന്നവരിൽ അവസാനത്തെ ആൾ. അദ്ദേഹത്തിനു 'ഗുരുപൂജ' നൽകി ആദരിച്ചപ്പോഴാണ് ഇങ്ങനെയൊരു കാലരൂപത്തെക്കുറിച്ച് കലാലോകം തിരിച്ചറിയുന്നത്. ഒരു ലക്ഷം രൂപ ആ കൈകളിൽ വച്ചു കൊടുക്കുമ്പോൾ ശിഷ്ടകാലം അന്നത്തിനും മരുന്നിനും അതു ഉപകരിക്കുമെന്നായിരുന്നു സൂര്യ കൃഷ്ണമൂർത്തിയുടെ ധാരണ. എന്നാൽ ആ പണം അദ്ദേഹം ബാങ്കിലിട്ടില്ല. പകരം വീടിനോടു ചേർന്ന് ഒരു ഗുരുകുലം ഉണ്ടാക്കി. കോപ്പുകളും വാദ്യങ്ങളും വാങ്ങി. തന്റെ കാലശേഷവും ഈ കലാരൂപം നിലനിന്നു കാണണം എന്നതായിരുന്നു കുറിച്ചി പി.എസ്. കുമാരന്റെ ആഗ്രഹം. പത്തുപേരെ കണ്ടെത്തി അവരെ പഠിപ്പിച്ചു. അദ്ദേഹം മരണപ്പെട്ടു എന്നറിഞ്ഞപ്പോൾ സൂര്യ കൃഷ്ണമൂർത്തി ആശുപത്രിയിൽ ചികിത്സയിലായിരുന്നു. ഡോക്ടറുടെ അനുമതിയോടെ കുറിച്ചിയിലെത്തി. ആ വീടു കണ്ടുപിടിക്കാൻ തന്നെ ബുദ്ധിമുട്ടായിരുന്നു. കാരണം അങ്ങനെയൊരു കലാകാരനെക്കുറിച്ച് അധികമാർക്കും അറിയില്ലായിരുന്നു. ശവസംസ്കാരത്തിനും മറ്റുമായി കുറച്ചു രൂപ മകനെ ഏല്പിച്ചിട്ട് അത്യാവശ്യം വിവരവും ഫോട്ടോയുമായി കൃഷ്ണമൂർത്തി തിരുവനന്തപുരത്തെത്തി. പ്രധാന പത്രമോഫീസുകളിൽ നേരിട്ടെത്തി വാർത്തയും ഫോട്ടോയും നൽകി. വലിയ കാലാകാരനെ ലോകം തിരിച്ചറിയട്ടെ എന്നതായിരുന്നു ആഗ്രഹം. എന്നാൽ ആ വലിയ മരണം സാധാരണ മരണങ്ങളുടെ കൂട്ടത്തിൽ ഒന്നുമാത്രമായി മാറി.

മലയാള സിനിമയുടെ ജൂബിലി വർഷം വിപുലമായി ആഘോഷിക്കുന്നു. ആദ്യകാല ചലച്ചിത്ര പ്രവർത്തകരെ പരിചയപ്പെടുത്തുന്ന ഒരു പംക്തി ആരംഭിക്കുവാൻ ഒരു പത്രം സൂര്യ കൃഷ്ണമൂർത്തിയോട് ആവശ്യപ്പെട്ടു. പി.കെ. റോസി, ആലപ്പി വിൻസന്റ്, എം.കെ.കമലം, സരസ, നൊട്ടാണി, മുതുകുളം, സുന്ദരം, നെയ്യാറ്റിൻകര കോമളം, വേലപ്പൻ നായർ, സി.കെ.രാജം, ഗോപിനാഥൻ തുടങ്ങിയ ആദ്യകാല സിനിമ പ്രവർത്തകരെയാണ് പുതുതലമുറയ്ക്കു പരിചയപ്പെടുത്തേണ്ടത്.

ആദ്യത്തെ ശബ്ദചിത്രമായ 'ബാലനിലെ' നായിക പി.കെ.റോസിയുടെ വീട്ടിലേക്കായിരുന്നു ആദ്യയാത്ര. താമസിക്കുന്ന സ്ഥലത്തേക്കുറിച്ച് ഏതാണ്ടൊരു വ്യക്തതയുണ്ട്. ബസ്സിറങ്ങി. അങ്ങനെയൊരു നടി അടുത്തെങ്ങും താമസമില്ലെന്നാണ് അറിയാൻ കഴിഞ്ഞത്. പോസ്റ്റുമാനോടു ചോദിച്ചു. അയാൾക്കും അറിയില്ല. മുന്നോട്ടുള്ള യാത്ര തടസ്സമായിരുന്ന ഘട്ടത്തിൽ ഒരു കൊച്ചുകുട്ടിയെ കണ്ടു. അവന്റെ വീടിന്റടുത്താണെന്നു മനസ്സിലാക്കി അവനോടൊപ്പം നടന്നു. അടുത്ത പറമ്പിൽ ചുള്ളി പറക്കുന്ന മെലിഞ്ഞുണങ്ങിയ ഒരു സ്ത്രീരൂപം. മലയാള സിനിമയിലെ ആദ്യനായിക! ആദ്യകാല സിനിമയെക്കുറിച്ച് സംസാരിച്ചപ്പോൾ അവരുടെ മുഖം പ്രകാശമാനമായി മാറി. ആദ്യസിനിമയിൽ അഭിനയിക്കുമ്പോൾ പ്രതിഫലം നൂറു രൂപയായിരുന്നു. കൂടാതെ മൂന്നു നേരത്തെ ഭക്ഷണവും. 'ഇപ്പോൾ മൂന്നു നേരത്തെ ഭക്ഷണമെങ്കിലും കഴിച്ചു ജീവിക്കുക' എന്നതാണ് അവശേഷിക്കുന്ന ആഗ്രഹം എന്നു പറഞ്ഞപ്പോൾ സൂര്യ കൃഷ്ണമൂർത്തിയുടെ മനസ്സിൽ അത് മറ്റൊരു മുറിവായി. കനകക്കുന്നിൽ സിനിമാ പ്രദർശനവും സെമിനാറും നടക്കുമ്പോൾ ആദ്യകാല നായിക ആരാലും അറിയപ്പെടാതെ കാൻസർ രോഗത്തിന്റെ പിടിയലമർന്നു കഴിയുന്നു. ഇത്തരത്തിലുള്ള ഒരുപാടു മുറിവുകളിലൂടെയാണ് സൂര്യ കൃഷ്ണമൂർത്തി തന്റെ കലാജീവിതത്തെ വളർത്തിയെടുത്തത്. സൂര്യ ഫെസ്റ്റിലൂടെ സൂര്യ കൃഷ്ണമൂർത്തി പ്രശസ്തിയിലേക്കു ഉയരുമ്പോഴും അവഗണിക്കപ്പെട്ട, അതുവരെ ശ്രദ്ധിക്കപ്പെടാതെപോയ കലാകാരന്മാരെക്കൂടി സാംസ്കാരിക കേരളത്തിനു മുന്നിൽ അവതരിപ്പിക്കുകയായിരുന്നു.

സംഗീതം, നൃത്തം, നാടകം, സിനിമ, കവിത, ചിത്രകല, ഫോട്ടോഗ്രഫി തുടങ്ങി വിവിധങ്ങളായ കലാരൂപങ്ങളുടെ വേദിയായി സൂര്യ. പ്രശസ്തർക്കും തുടക്കക്കാർക്കും ഒരുപോലെ വേദി ലഭിക്കുകയും അവരിൽ പ്രതിഭകളെ കണ്ടെത്തി ആദരിക്കുകയും ചെയ്തു. നാല്പതോളം വിദേശരാജ്യങ്ങളിലും അറുപതിലേറെ ഇന്ത്യൻ കേന്ദ്രങ്ങളിലും സൂര്യയ്ക്കു ചാപ്റ്ററുകളുണ്ടായി.



പത്മശ്രീ പുരസ്കാരത്തിന് സൂര്യ കൃഷ്ണമൂർത്തിയുടെ പേര് നിർദ്ദേശിച്ചിട്ടുണ്ടെന്നും അത് അംഗീകരിക്കപ്പെടുമെന്നുള്ള ഒരു വാർത്ത സൂര്യ കൃഷ്ണമൂർത്തിക്ക് ലഭിച്ചു. കലാജീവിതത്തിനു രാജ്യം നൽകുന്ന പുരസ്കാരമാണ്. കേട്ട നിമിഷം മുതൽ സന്തോഷത്തിലാണ്. കലാജീവിതത്തിലെ വഴികാട്ടികളെ ഓർത്തു. അച്ഛനുണ്ടായിരുന്നുവെങ്കിൽ എന്നാശിച്ചു. ചില സുഹൃത്തുക്കൾ കാര്യമറിഞ്ഞ് ഫോണിൽ വിളിച്ചു സന്തോഷം പങ്കുവച്ചു. പിറ്റേദിവസത്തെ എല്ലാ പത്രങ്ങളിലും വാർത്ത ഉണ്ടാകും. പിന്നിട്ട ജീവിതത്തെയാകെ ഓർത്തെടുത്തുകൊണ്ടു കിടന്നതു കാരണം ശരിയായി ഉറങ്ങുവാൻ കഴിഞ്ഞില്ല. ചില സായാഹ്നപത്രങ്ങളിൽ വാർത്ത വന്നിരുന്നുവെന്ന് സുഹൃത്തുക്കളിൽ നിന്നും അറിഞ്ഞു. നേരം പുലർന്നു. പത്രമാകെ നോക്കിയിട്ടും പുരസ്കാര വാർത്തയില്ല. ആകെയൊരു അസ്വസ്ഥത. പിന്നീടാണ് കാര്യമറിയുന്നത്. രാത്രി എട്ടുമണിയോടുകൂടി പത്മശ്രീക്കാരന്റെ പേരിൽ മാറ്റം വന്നിരുന്നു. സങ്കടവും അപമാനവും ഒന്നിച്ചു ജീവിതത്തെ വേട്ടയാടിയ സന്ദർഭം. ആത്മഹത്യ ചെയ്താലോ എന്നുവരെ ചിന്തിച്ചിരുന്ന നേരത്താണ് കൂട്ടുകാരിയുടെ ഫോൺ വിളി വന്നത്. പത്തുമണിക്കു തന്നെ തിരുവനന്തപുരം യൂണിവേഴ്സിറ്റി സെനറ്റ് ഹാളിനു മുന്നിൽ വരണം. അവിടെ എത്തിയപ്പോൾ അവർ അവിടെ കാത്തുനില്പുണ്ടായിരുന്നു.



അവർ ഒന്നും സംസാരിച്ചില്ല. പിറകെ വരാൻ ആംഗ്യം കാട്ടി. അവർ മദർ തെരേസയുടെ കോൺവെന്റിലെത്തി. അവിടുത്തെ ഹാളിൽ നിറയെ തൊട്ടിലുകളാണ്. അതിലെല്ലാം കുഞ്ഞുങ്ങൾ. അവരെയെല്ലാം പരിചരിച്ചുകൊണ്ട് സിസ്റ്റർമാർ. ഒരാൾ കരച്ചിൽ നിർത്തുമ്പോൾ മറ്റൊരാൾ കരച്ചിൽ തുടങ്ങിയിരിക്കും. ഓരോ കുഞ്ഞിനെയും കാണുമ്പോൾ സൂര്യ കൃഷ്ണമൂർത്തിയുടെ മനസ്സിന്റെ ഭാരം ഇരട്ടിച്ചു. അച്ഛനമ്മമാർ ഉണ്ടായിട്ടും ഉപേക്ഷിക്കപ്പെട്ട പിഞ്ചു കുഞ്ഞുങ്ങൾ.

സുഹൃത്ത് ഒരു തൊട്ടിലിനു മുന്നിൽ നിന്നു. കൃഷ്ണമൂർത്തി അവിടെ എത്തിയപ്പോൾ അവർ കുഞ്ഞിനെ പൊതിഞ്ഞിരുന്ന തുണി മാറ്റി. ഞെട്ടലോടെയാണ് ആ കുഞ്ഞിനെ സൂര്യ കൃഷ്ണമൂർത്തി കണ്ടത്. ആ കുഞ്ഞിന് രണ്ടു കൈയും രണ്ടു കാലും ജന്മനാ ഇല്ലായിരുന്നു. തൊട്ടിലിൽ ആ



കുഞ്ഞിന്റെ പേര് എഴുതിയിട്ടുണ്ട്. 'സ്റ്റെഫി'.

ഒരു പുരസ്കാരം തിരസ്കരിക്കപ്പെട്ടപ്പോൾ ജീവിതം വ്യർത്ഥമെന്നു ചിന്തിച്ച താൻ എത്ര അപരാധിയാണെന്ന് സൂര്യ കൃഷ്ണമൂർത്തിക്ക് ആ നിമിഷം തോന്നി. ആ കോൺവെന്റിന്റെ ആരും ശ്രദ്ധിക്കപ്പെടാത്ത ഒരു മൂലയിൽ പോയിരുന്നു കുറെ കരഞ്ഞു. കരഞ്ഞു കരഞ്ഞു ഉള്ളിലെ സങ്കടം തീർന്നു. അതുവരെ ആ കൂട്ടുകാരി അവിടെ നിന്നു. ലഭിച്ച ജീവിതം, ലഭിച്ച കഴിവ്- അതൊക്കെ ഫലപ്രദമായി പ്രയോജനപ്പെടുത്തുകയാണ് വേണ്ട തെന്നും; പ്രയത്നത്തിനു തുലനം ചെയ്യാവുന്ന ഒരു പുരസ്കാരം ഇല്ലായെന്നുള്ള സത്യം ആ പിഞ്ചുകുഞ്ഞിൽ നിന്നും മനസ്സിലാക്കി.

ജീവിതത്തിന്റെ ഓരോ പ്രതിസന്ധിഘട്ടത്തിലും അവഗണിക്കപ്പെട്ട, ത്യജിക്കപ്പെട്ട ഓരോരുത്തരുടെയും അടുക്കലേക്ക് സൂര്യ കൃഷ്ണമൂർത്തി എത്തപ്പെടുകയായിരുന്നു. അവിടെനിന്നും ലഭിച്ച ശക്തിയുടെ പിൻബലത്തിലാണ് പിൽക്കാലത്തെ ഓരോ പ്രവർത്തനത്തിനും തുടക്കമിട്ടതും. കലാരൂപത്തിലൂടെ ജീവിതത്തിന്റെ വൈവിധ്യമാർന്ന അനുഭവങ്ങളെ പങ്കുവയ്ക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്തയും പ്രവർത്തനവും.

ലാഭേച്ഛയില്ലാത്ത, വാണിജ്യേതര സംഘടനയാണ് സൂര്യ സ്റ്റേജ് ആൻഡ് ഫിലിം സൊസൈറ്റി. സമ്പന്നമായ ഇന്ത്യൻ സംസ്കാരം ജനങ്ങളിലെത്തിക്കുക എന്നതായിരുന്നു ആദ്യം മുതൽ തന്നെ സൂര്യ ചെയ്തിരുന്നത്. പ്രശസ്തിയുടെ കൊടിമുടിയിലെത്തിയപ്പോഴും അടിസ്ഥാനപരമായ ആശയത്തിൽ നിന്നും വ്യതിചലിച്ചിട്ടില്ല. യുവപ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക ശ്രദ്ധ പതിപ്പിച്ചിരുന്നു. ഭരതനാട്യം, മോഹിനിയാട്ടം, കഥക് തുടങ്ങിയ ക്ലാസിക്കൽ നൃത്തങ്ങൾ, കർണാടക ഹിന്ദുസ്ഥാനി സംഗീത കച്ചേരികൾ, ചലച്ചിത്ര മേളകൾ, നാടകങ്ങൾ, ഇൻസ്ട്രുമെന്റൽ മ്യൂസിക്, ലൈറ്റ് ആൻഡ് സൗണ്ട് ഷോകൾ, പെയിന്റിംഗ്, ഫോട്ടോഗ്രാഫി പ്രദർശനങ്ങൾ എന്നിവയെല്ലാം ഇതിന്റെ ഭാഗമായി നടത്തിവരുന്നു.

രണ്ടുപേരുടെ സ്വാധീനം തന്റെ ജീവതത്തിലുണ്ടായിരുന്നതായി സൂര്യ കൃഷ്ണമൂർത്തി പലേ അഭിമുഖങ്ങളിലും പറഞ്ഞിട്ടുണ്ട്. വ്യക്തി എന്ന നിലയിൽ വൈക്കം മുഹമ്മദ് ബഷീറും സാഹിത്യകാരൻ എന്ന നിലയിൽ എം.ടി. വാസുദേവൻ നായരും. ഇരുവരുടേയും എല്ലാ കൃതികളും സൂര്യ കൃഷ്ണമൂർത്തി വായിച്ചിട്ടുണ്ട്. എം.ടിയുടെ 'പരിണയം', ബഷീറിന്റെ 'നീലവെളിച്ചം', 'പ്രേമലേഖനം' എന്നീ കഥകൾ പരീക്ഷണാത്മകമായി സംവിധാനം ചെയ്തു അവതരിപ്പിച്ചു.

ടാഗോർ തീയറ്റർ, ഭവനത്തോടു ചേർന്നുള്ള 'ഗണേശം' തീയറ്റർ എന്നിവയാണ് സൂര്യയുടെ പ്രധാന വേദികൾ.

ഓണം വാരാഘോഷം എന്ന ആശയം കേരളസർക്കാരിനെക്കൊണ്ട് അംഗീകരിപ്പിച്ചത് സൂര്യ കൃഷ്ണമൂർത്തിയാണ്.

എം.ടിയുടെ 91-ാം പിറന്നാളിന്റെ ആദരവായി അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ എഴുതിയ നാടകമാണ് 'തുടർച്ച'. വള്ളുവനാടൻ ഗ്രാമങ്ങളും, പഴയ നാലുകെട്ടും, ചായക്കടയും ക്ഷേത്രപരിസരവും മനുഷ്യവ്യഥകളും കാത്തിരുപ്പും, വേർപാടും മൗനവും ഒക്കെ കഥാപാത്രങ്ങളായ നാടകം. 2024 ജൂലൈയിലായിരുന്നു 'തുടർച്ച'യുടെ ആദ്യ അവതരണം. എന്നാൽ ആ നാടകം എം.ടിക്ക് കാണുന്നതിനുള്ള അവസരം ഉണ്ടായില്ല. 'തുടർച്ച' എന്ന നാടകത്തിന്റെ ഒരു ചെറിയ രൂപം ലണ്ടനിൽ അവതരിപ്പിച്ചപ്പോൾ അതു കണ്ടവരിൽ ഒരാൾ എം.ടി ആയിരുന്നു. ആ രചന പുതുക്കി കാലാനുസൃതമായ മാറ്റങ്ങളോടെ എം.ടി.ക്കുമുന്നിൽ അവതരിപ്പിക്കണമെന്ന് ആഗ്രഹിച്ചുവെങ്കിലും അതിനു കഴിയാതെപോയി.

1988ൽ ദേശീയ ഗെയിംസിന്റെ ആരംഭത്തിൽ 7000 പേരെ അണിനിരത്തിയ കലാപ്രകടവും സമാപനത്തിൽ 3000 ആർട്ടിസ്റ്റുകളെ ഉൾപ്പെടുത്തിയ പരിപാടിയും സമാനതകളില്ലാത്തതായിരുന്നു. അലങ്കാരങ്ങൾ ചാർത്തിയ 25 ആനകൾ വേറിട്ട കാഴ്ചയായിരുന്നു. 'എന്റെ രക്ഷകൻ' എന്ന ബൈബിൾ മെഗാ ഷോ രാജ്യത്തിനകത്തും പുറത്തുമായി നൂറു കണക്കിന് വേദികളിൽ അവതരിപ്പിച്ചു. അതിൽ മനുഷ്യരോടൊപ്പം മൃഗങ്ങളും കഥാപാത്രങ്ങളാണ്.

1997ൽ തിരുവനന്തപുരത്തും ഡൽഹിയിലും നടന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവങ്ങളുടെ ഉദ്ഘാടനവും സമാപനവും ഏറെ പ്രശംസ പിടിച്ചുപറ്റിയ പരിപാടികളായിരുന്നു.

അമ്പതാം റിപ്പബ്ലിക്ക് ദിനാഘോഷത്തോടനുബന്ധിച്ച് 300ൽ അധികം നാടോടി കലാകാരന്മാരെ അണിനിരത്തി അവതരിപ്പിച്ച 'പ്രണാം ടു മദർ എർത്ത്' പരിപാടി ശ്രദ്ധനേടി.

കലയേയും സംസ്കാരത്തെയും കുറിച്ച് ലോകമെമ്പാടുമുള്ള സംഘടനകളിലും സ്കൂളുകളിലും പ്രഭാഷണം നടത്തിയിട്ടുണ്ട്.

സീതയും ലക്ഷ്മണനും അവരുടെ കഴിവുകൾകൊണ്ടാണ് മെച്ചപ്പെട്ട വിദ്യാഭ്യാസം നേടിയതെന്നും അവരുടെ വളർച്ചയുടെ ഘട്ടത്തിൽ തനിക്ക് സ്വന്തമായി ഒരു വരുമാനമില്ലായിരുന്നുവെന്നും അദ്ധ്യാപികയായ ഭാര്യ രാജേശ്വരിയുടെ വരുമാനമായിരുന്നു അവരുടെ പഠനത്തിന് സഹായിച്ചതെന്നും സൂര്യ കൃഷ്ണമൂർത്തി എഴുതിയിട്ടുണ്ട്. അതിൽ തനിക്ക് പോരായ്മ തോന്നുന്നില്ലായെന്നും കലയ്ക്കു ജീവിതം സമർപ്പിച്ച തന്റെ കുടുംബത്തിന്റെ ഭാരം ഏറ്റെടുത്തത് ഈശ്വരനാണെന്നും പറയുന്നു. മകൾ ഇന്ത്യൻ റവന്യു സർവ്വീസിൽ വിജയം നേടി ചെന്നൈയിൽ ജോലി ചെയ്യുന്നു. മകൻ എഞ്ചിനീയറായി യു.എസിൽ ജോലി ചെയ്യുന്നു.

മകൾ തനിക്ക് ഇഷ്ടപ്പെട്ട ചന്ദൻ കുമാറിനെ രജിസ്റ്റർ വിവാഹം ചെയ്തു. തന്റെ മകൾ വിവാഹിതയായെന്നും മൂന്നു ദിവസം അവർ വീട്ടിലുണ്ടാകു



മെന്നും, വന്ന് അനുഗ്രഹിക്കണമെന്നും സുഹൃത്തുക്കളെയും ബന്ധുക്കളെയും ക്ഷണക്കത്തിലൂടെ അറിയിച്ചു. മകളുടെ വിവാഹത്തിനായി സ്വരൂകൂട്ടിയ മുപ്പതു ലക്ഷം രൂപ ചെലവിനത്തിൽ നിന്നും ലാഭിക്കാൻ കഴിഞ്ഞുവെന്നും ആ തുക സാധാരണക്കാരായ വിദ്യാർത്ഥികളുടെ പഠനച്ചെലവിനായി നൽകാൻ ആഗ്രഹിക്കുന്നുവെന്നും ക്ഷണക്കത്തിൽ പറയുന്നുണ്ട്.

വർഷങ്ങളായി മലയാള മനോരമയുടെ നേതൃത്വത്തിൽ നടത്തിവരുന്ന വിദ്യാരംഭ എഴുത്തിൽ സൂര്യ കൃഷ്ണമൂർത്തി പങ്കെടുക്കുകയും കുഞ്ഞുങ്ങളെ ആദ്യാക്ഷരം എഴുതിക്കുകയും ചെയ്തിരുന്നു. അവിടുന്നു കിട്ടുന്ന ഗുരു ദക്ഷിണ അന്നുതന്നെ മദർ തെരേസ കോൺവന്റിൽ കുഞ്ഞുങ്ങൾക്ക് പാൽപ്പൊടി വാങ്ങുവാനായി കൊടുത്തിട്ടേ വീട്ടിലേക്കു മടങ്ങുമായിരുന്നുള്ളൂ.

കലയും സംസ്കാരവും നിറഞ്ഞ മനസ്സിൽ സംസ്കാരത്തിന് പുതിയൊരു അർത്ഥതലം നൽകിയ കലാകാരനാണ് സൂര്യ കൃഷ്ണമൂർത്തി. സംസ്കാരം എന്നത് അപരനോടുള്ള കരുതൽ കൂടിയാണെന്നാണ് അദ്ദേഹത്തിന്റെ വിലയിരുത്തൽ. അതൊരു വിലയിരുത്തൽ മാത്രമായിരുന്നില്ലാ എന്നതായിരുന്നു യാഥാർത്ഥ്യം.

ഗണേശ വിഗ്രഹത്തോട് അദ്ദേഹത്തിന് പ്രത്യേകമായ പ്രതിപത്തിയുണ്ടായിരുന്നു. എവിടെ യാത്ര കഴിഞ്ഞുവന്നാലും അവിടെ പ്രചാരത്തിലുള്ളതും അല്ലാത്തതുമായി ഗണേ വിഗ്രഹം കൊണ്ടുവരുമായിരുന്നു. മൂവായിരത്തിൽ കുറയാത്ത ഗണേശ വിഗ്രഹം സ്വന്തമായിട്ടുണ്ട്.

ശാസിക്കുന്ന പ്രാപ്തയായ ഒരു ചേച്ചി സൂര്യ കൃഷ്ണമൂർത്തിക്ക് ഉണ്ടായിരുന്നു. സുഗതകുമാരിയാണ് ആ ചേച്ചി. 'അപ്പുറത്ത് പടർന്നു പന്തലിച്ചു നിന്ന ചെറുമാവിന്റെ കൊമ്പിലൂടെ പിടിച്ചുകയറി മതിൽ ചവിട്ടി ഞങ്ങളുടെ ഗേറ്റിൽ കാലുറപ്പിച്ച് മുറ്റത്തേക്കു ചാടി കളിക്കാൻ വരുന്ന അയലത്തെ വീട്ടിലെ വെളുത്തു തുടുത്ത കൊച്ചുകുട്ടിയാണ്' സുഗതകുമാരിയുടെ മുന്നിലെ സൂര്യ കൃഷ്ണമൂർത്തി.

ഓരോ വർഷം ഒരു കഥ മാത്രം എഴുതുന്ന കഥാകാരൻ. ആ കഥ പ്രസിദ്ധീകരിക്കുകയില്ല. അതിൽ ചിന്തയും ചാരുതയും അർപ്പിച്ച് അതിനെ സ്റ്റേജ് ഷോ ആക്കി മാറ്റും. സൂര്യകൃഷ്ണമൂർത്തിയുടെ ഓർമകളുടെ സമാഹാരമാണ് 'മുറിവുകൾ'. 'കഥയ്ക്കു പിന്നിലെ കഥകൾ' എന്നാണ് ആദ്യം അതിനു പേരിട്ടതെങ്കിലും ഒരു കഥപോലും അച്ചടിച്ചിട്ടില്ലാത്തതിനാൽ ആ പേര് ചേരില്ലെന്നു മനസ്സിലാക്കുകയും 'ആത്മകഥ' എന്നു എഴുതുകയും പിന്നീട് പേരിൽ വരുത്തുകയും ചെയ്ത കൃതിയാണ് 'മുറിവുകൾ'. എം.ടിയും സുകുമാർ അഴീക്കോടും, ഒ.എൻ.വിയും, സുഗതകുമാരിയും, പെരുമ്പടവവും ആ കൃതിയുടെ രണ്ടാംപതിപ്പിനു മുഖവുര എഴുതുകയുണ്ടായി. അത്രമാത്രം



ഹൃദയസ്പർശിയാണ് ആ കഥ. 'ജീവിതത്തിന്റെ മുറിവുകൾ ഏറെ ഏറ്റുവാങ്ങിയിട്ടുള്ള അഭയയിലെ അന്തേവാസികൾക്ക് ഈ മുറിവുകളിൽ നിന്നുള്ള വരുമാനം ഞാൻ സമർപ്പിക്കുന്നു' എന്നാണ് സമർപ്പണപ്പേജിൽ സൂര്യ കൃഷ്ണമൂർത്തി എഴുതിയിട്ടുള്ളത്.

സമ്പൂർണ്ണ കലാകാരനായിരുന്ന സൂര്യ കൃഷ്ണമൂർത്തി 2026 സെപ്റ്റംബർ 23ന്, എഴുപത്തിയഞ്ചാമത്തെ വയസ്സിൽ അന്തരിച്ചു. പിറ്റേദിവസം വൈകിട്ട് 6.45ന് ആ ശരീരം തൈക്കാട് ശാന്തികവാടത്തിലെ ചിതയ്ക്ക് മരുമകൻ തീ പകർന്നു. അദ്ദേഹം ആഗ്രഹിച്ചതുപോലെ 'പാട്ടുപാടി ഉറക്കാം ഞാൻ താമരപ്പൂം പൈതലേ..' എന്ന ഗാനം ആ സമയത്ത് അവിടെ ആവർത്തിച്ചുയരുന്നു. തുടർന്ന് സൂര്യയുടെ തീം സോങ്ങും പ്രിയ സുഹൃത്ത് കെ.ജെ.യേശുദാസ് പാടി അയച്ച വീഡിയോ ഗാനമായ ... 'ഇത്രമേൽ തേജസ്സോടെ, ഇത്രയാനന്ദത്തോടെ, അസ്തമിച്ചിട്ടില്ലേതു സൂര്യനും ഇന്നേവരെ....' എന്ന ഗാനവും അർപ്പിച്ച് കലാകേരളം സൂര്യ കൃഷ്ണമൂർത്തിക്ക് വിട നൽകി.



## ഒക്ടോബർ

**ജനനം**

01 ടി.സി.അച്യുതമേനോൻ (1864)
പനമ്പിള്ളി ഗോവിന്ദമേനോൻ (1908)
ജെ.കെ.വി (1930)
എ.പി.ഉദയഭാനു (1915)
ഫാ.ജോസഫ് വടക്കൻ (1919)
02 ഗാന്ധിജയന്തി
ടി.കെ.മാധവൻ (1885)
വെളുത്തേരി കേശവൻ വൈദ്യൻ (1856)
പി.എം.ഉത്തമൻ (1961)
03 പി.എ.വാര്യർ (1920)
04 പി.കുഞ്ഞിരാമൻനായർ (1906)
എൻ.പി.ചെല്ലപ്പൻനായർ (1903)
06 സെബീന റാഫി (1924)
കെ.എം.തരകൻ (1930)
ടി.പി.സുകുമാരൻനായർ (1914)
07 ടി.ഉബൈദ് (1908)
നാലപ്പാട്ട് നാരായണമേനോൻ (1887)
പള്ളത്തുരാമൻ (1891)
കേളപ്പൻ (1880)
08 തിരുനല്ലൂർ കരുണാകരൻ (1924)
10 ചങ്ങമ്പുഴ കൃഷ്ണപിള്ള (1911)
കടവനാട്ടു കുട്ടിക്കൃഷ്ണൻ (1925)
കൈനക്കര കുമാരപിള്ള (1898)
11 ചമ്പാടൻ വിജയൻ (1947)
12 കുന്നിയൂര് കുഞ്ഞിക്കൃഷ്ണക്കുറുപ്പ് (1880)
13 ടി.എം.ചുമ്മാർ (1899)
15 എം.എസ്.ദേവദാസ് (1912)
പി.ടി.ഭാസ്കരപ്പണിക്കർ (1922)
16 വള്ളത്തോൾ നാരായണമേനോൻ (1878)
17 കുറ്റിപ്പുറത്തു കിട്ടുണ്ണിനായർ (1882)
18 കെ.പി.എസ്.മേനോൻ (1998)
ഇരയിമ്മൻതമ്പി (1782)
19 പുത്തേഴത്ത് രാമമേനോൻ (1891)
20 വി.എം.കുട്ടിക്കൃഷ്ണമേനോൻ (1907)
അപ്പു നെടുങ്ങാടി (1860)
21 ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ (1860)
23 ചെറുളിയിൽ കുഞ്ഞുണ്ണി നമ്പീശൻ (1899)
24 കെ.എസ്.നീലകണ്ഠനുണ്ണി (1897)
25 ടാറ്റാപുരം സുകുമാരൻ (1922)
തിക്കുറിശ്ശി സുകുമാരൻനായർ (1916)
26 പവനൻ (1926)
27 എ.അയ്യപ്പൻ (1949)
28 വി.രമേശ് ചന്ദ്രൻ (1941)
തോമസ് പാല (1934)
പ്രൊഫ.ടി.വി.ഈച്ചരവാരിയർ (1921)
29 എൽ.എ.രവിവർമ്മ (1884)
31 ജോസഫ് മറ്റം (1931)








**ചരമം**

01 പി.സി.വാസുദേവൻ ഇളയത് (1994)
ഹരിഹരൻ പൂഞ്ഞാർ (1996)
പി.കെ.റഹിം (2007)
02 രാജാ രവിവർമ്മ (1906)
03 എൻ.മോഹനൻ (1999)
ടി.ഉബൈദ് (1972)
കാരാട്ട് അച്യുതമേനോൻ (1918)
പ്രൊഫ.എം.എൻ.വിജയൻ (2007)
05 വെളുത്തേരി കേശവൻവൈദ്യൻ (1896)
കൈക്കുളങ്ങര രാമവാര്യർ (1897)
വാഴൂർ വാസുദേവൻ (2006)
06 വി.കെ.കൃഷ്ണമേനോൻ (1974)
07 സുധാകരൻ തേലക്കാട്ട് (1965)
എൻ.കോയിത്തട്ട (1990)
കേളപ്പൻ (1971)
08 എം.ആർ.ബി (2001)
09 ഗുരുഗോപിനാഥ് (1987)
ബി.കല്യാണിയമ്മ (1959)
10 എൻ.കൃഷ്ണൻനായർ (2000)
ലീലാ ദാമോദരമേനോൻ (1995)
പി.സി.ദേവസ്യ (2006)
അഡ്വ.സി.വി.ശ്രീരാമൻ (2007)
ധീരപാലൻ ചാളിപ്പാട്ട് (2008)
11 വി.ടി.കുമാരൻ (1986)
12 എൻ.വി.കൃഷ്ണവാരിയർ (1989)
പി.ടി.ലാസർ (1992)
13 എ.എൻ.ഗണേശ് (2009)
14 ടി.പി.കിഷോർ (1998)
15 വി.കെ.ഗോവിന്ദൻനായർ (1977)
16 ഇടശ്ശേരി ഗോവിന്ദൻനായർ (1974)
ചെമ്പൈ വൈദ്യനാഥ ഭാഗവതർ (1974)
18 തെരുവത്ത് രാമൻ (2009)
19 കാത്തുള്ളിൽ അച്യുതമേനോൻ (1909)
കെ.വാസുദേവൻ മൂസത് (1965)
ജി.വിശ്വനാഥശർമ്മ (1998)
വിദ്വാൻ ഇസഹാക്ക് ഗുരുക്കൾ (1998)
കാക്കനാടൻ (2011)
കെ.രാഘവൻ (2013)
20 കവിയൂർ മുരളി (2001)
വി.സി.ബാലകൃഷ്ണപ്പണിക്കർ (1912)
ശങ്കർജി മറ്റം (2006)
വല്ലച്ചിറ മാധവൻ (2013)
21 ആനി തയ്യിൽ (1993)
22 മുല്ലനേഴി നീലകണ്ഠൻ (2011)
കാർട്ടൂണിസ്റ്റ് കുട്ടി (2011)
23 മൂർക്കോത്തു കുഞ്ഞപ്പ (1993)
24 സി.പി.ശ്രീധരൻ (1996)
കലാമണ്ഡലം കൃഷ്ണൻകുട്ടി പൊതുവാൾ (1992)
25 ജോസഫ് മുണ്ടശ്ശേരി (1977)
26 എം.സി.ജോസഫ് (1981)
ടാറ്റാപുരം സുകുമാരൻ (1988)
ടി.സി.കല്യാണിയമ്മ (1956)
27 മാത്യു എം.കുഴിവേലി (1974)
വയലാർ രാമവർമ്മ (1975)
പി.എ.മുഹമ്മദ് കോയ (1990)
28 ഡോ.കെ.എൻ. എഴുത്തച്ഛൻ (1981)
ചെറുകാട് (1976)
എ.പി.ഉദയഭാനു (2008)
29 വാഗ്ഭടാനന്ദൻ (1930)
ആർ.നാരായണപ്പണിക്കർ (1959)
31 വക്കം മൗലവി (1932)
നാലാപ്പാട്ടു നാരായണമേനോൻ (1954)





1 October International Day of the Older Persons
1 October International Coffee Day
1 October World Vegetarian Day
2 October Gandhi Jayanti
2 October International Day of Non-Violence
2 October Lal Bahadur Shastri Jayanti
3 October German Unity Day
4 October World Animal Welfare Day
5 October World Teachers' Day
5 October World Architecture Day
6 October German-American Day
6 October World Cerebral Palsy Day
6 October World Habitat Day
7 October World Cotton Day
8 October Indian Air Force Day
9 October World Postal Day
9 October World Sight Day
10 October National Post Day
10 October World Mental Health Day
11 October Sharad Navratri Start (1st Day)
11 October International Day of the Girl Child
13 October International Day for Disaster Risk Reduction
13 October Breast Cancer Awareness Day
14 October World Standards Day

**2026 importance Days**

15 October 2026 Pregnancy and Infant Loss Remembrance Day
15 October 2026 Global Handwashing Day
15 October 2026 World White Cane Day
15 October 2026 World Students' Day
16 October 2026 World Food Day
16 October 2026 World Anaesthesia Day
16 October 2026 Boss Day
16 October 2026 World Spine Day
17 October 2026 International Day for the Eradication of Poverty
17 October 2026 Maha Saptami Sharad Navratri (7th Day)
18 October 2026 Maha Ashtami Sharad Navratri (8th Day)
19 October 2026 Maha Navami Sharad Navratri (9th Day)
20 October 2026 Vijayadashami — Dussehra
20 October 2026 World Statistics Day
21 October 2026 Police Commemoration Day
23 October 2026 Mole Day
24 October 2026 United Nations Day
24 October 2026 World Development Information Day
24 October 2026 World Polio Day
26 October Day Valmiki Jayanti
28 October 2026 International Animation Day
30 October 2026 World Thrift Day
31 October 2026 Rashtriya Ekta Diwas / National Unity Day
31 October 2026 Halloween